VIDYARTHI MITHRAM

Jawahar Balbhavan & Children's Library
KOTTAYAM

# പുതിയ ജറൂശലേം

പി. ററി. കുരുവിള

# പുതിയ ജറൂശലേം

Jawahar Balbhavan & Children's Library,
KOTTAYAM.

# പുതിയ ജറുശലേം

5119

Jawahar Balbhavan & Children's Library,
KOTTAYAM.

പി: ററി. കുരുവിള
ചേന്നങ്കരി

വില 1 –50

വിദ്യാൎത്ഥിമിത്രം ബുക്കുഡിപ്പോ:
ബേക്കർ റോഡ്  കോട്ടയം.

(Malayalam)

# PUTHIYA JERUSALEM

BY P. T KURUVILLA

CHENNAMKARRY-ALLEPPEY

First Edition July 1969
Copies 2000

ഫ
c
910

Printed at
The K. P. Press, Kottayam.

**Price Rs. 1—50**

*Copyright to*
P. T. Kuruvilla

Published by: The Author

Distributors:
**Vidyarthi Mithram Press & Book Depot,**
**Baker Road, Kottayam—1.**

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ജറുശലേം നഗരം ചരിത്രപശ്ചാത്തലം | 1 |
| 2. | ജറുശലേം നഗരം പ്രവചനത്തിൻെറ വെളിച്ചത്തിൽ | 11 |
| 3. | ദൈവദൂതന്മാർ | 22 |
| 4. | അത്തിവൃക്ഷം തളിർത്തു | 30 |
| 5. | സ്വർഗ്ഗാരോഹണസന്ദേശം | 39 |
| 6. | പുനരുത്ഥാനം | 46 |
| 7. | ദൈവത്തിൻെറ കുഞ്ഞാട് | 57 |
| 8. | ക്രിസ്തുവിൻെറ പുനരാഗമനം | 68 |
| 9. | സഹസ്രാബ്ദ വാഴ്ച | 81 |
| 10. | പറുദീസ | 87 |
| 11. | ജീവൻെറ കിരീടങ്ങൾ | 91 |
| 12. | പുതിയ ജറുശലേം | 95 |

# മുഖവുര

ആധുനികയുഗം ശാസ്ത്രീയമായും താത്വികമായും അഭൂതപൂർവ്വമായ രീതിയിൽ മുന്നേറിയിട്ടുണ്ട്. ബാഹ്യാകാശസഞ്ചാരികൾ ചന്ദ്രമണ്ഡലത്തിലെത്തിക്കഴിഞ്ഞു. പരീക്ഷണശാലയിലൂടെ ഈശ്വരനെ തേടിപ്പിടിക്കുവാൻ വിഫലശ്രമം ചെയ്യുന്ന ബുദ്ധിജീവികൾ "ദൈവം മരിച്ചുപോയി" എന്ന നിഗമനത്തിൽ സമാശ്വസിക്കുന്നു.

പക്ഷേ, നവീനരീതികളിലുള്ള പുരാണവസ്തു ഗവേഷണശാസ്ത്രങ്ങളും, ജറുശലേം നഗരത്തിലെ ഞെട്ടിപ്പിക്കുന്ന സംഭവവികാസങ്ങളും, ആധുനിക ദൈവശാസ്ത്ര ചിന്താഗതികളും ബൈബിൾ രേഖകൾ എല്ലാംതന്നെ വസ്തുനിഷ്ഠവും യാഥാർത്ഥ്യവുമാണെന്നു് ഉറപ്പിക്കുന്നതിനു് ഉപോൽബലകങ്ങളായ ചരിത്രവസ്തുതകളായിത്തീർന്നിട്ടുണ്ട്.

മലയാളമനോരമയിലും, മററു ചില ക്രൈസ്തവമാസികകളിലും ജറുശലേം നഗരത്തെ സംബന്ധിച്ച് ബൈബിളിന്റെ വെളിച്ചത്തിൽ ഞാനെഴുതിയ ചില ലേഖനങ്ങൾ അപഗ്രഥിച്ച് രൂപപ്പെടുത്തിയതാണീ "പുതിയ ജറുശലേം". ചിരപ്രതീക്ഷിതമായ ഒരഭിലാഷം നിറവേറിയതിൽ ഞാൻ തികച്ചും ചാരിതാർത്ഥനാണു്.

പ്രൗഢമായ ഒരു അവതാരിക സദയം എഴുതി ഈ ഗ്രന്ഥത്തിനു മകുടം ചാർത്തി തന്ന റൈററ്. റവ. ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയോടും, ഇതിന്റെ വിതരണം ഏറെറടുത്ത 'വിദ്യാർത്ഥിമിത്രം' പ്രസാധകർ, ഭംഗിയായി മുദ്രണം നിർവ്വഹിച്ച കെ. പി. പ്രസ്സ്. മാനേജർ മുതലായ സഹൃദയരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

മി. കെ. സി. ശമുവേൽ(പുനലൂർ)ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു ചില പ്രാരംഭശ്രമങ്ങൾ ചെയ്തതു മുഴപ്പിക്കാൻ സാധിക്കാഞ്ഞതിൽഖേദിക്കുന്നു. തികച്ചും ആധികാരികമായുള്ള ഗ്രന്ഥമാണിതെന്നു് അവകാശപ്പെടുന്നില്ല. ഇതിലെ ആശയാവിഷ്കരണത്തിൽ അപാകതകൾ കണ്ടേക്കാം. പക്ഷെ, സാധാരണക്കാരായ വായനക്കാർക്കും ക്രൈസ്തവ പ്രവർത്തകർക്കും ചെറിയ തോതിലെങ്കിലും ആദ്ധ്യാത്മിക വെളിച്ചം പകരാൻ ഈ ഗ്രന്ഥത്തിനു സാധിച്ചാൽ ഞാൻ കൃതാർത്ഥനായി. എന്റെ സാഹസികപ്രവർത്തനം സഫലമായി.

ബൈബിൾ സൊസൈററി
കോട്ടയം
21–7–1969

പി. ററി. കുരുവിള.

# അവതാരിക

കോട്ടയം ബൈബിൾ സൊസൈററിയിലെ ഒരു ഉദ്യോഗസ്ഥനായ ശ്രീ. പി. ററി. കുരുവിള ഇതിനോടകം പല ക്രൈസ്തവ സാഹിത്യഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. "പുതിയ ജറുശലേം" എന്ന ഈ ചെറു പുസ്തകം പല പുരാണ ചരിത്ര ഗ്രന്ഥങ്ങളും ബൈബിളും ആധാരമാക്കി രചിച്ചിട്ടുള്ളതാണ്.

അബ്രഹാം യിസഹാക്കിനെ ബലിയർപ്പിക്കുന്നതിനു പോയ മോറിയാമല, ഗാദ് പ്രവാചകൻെറ നിർദ്ദേശപ്രകാരം ദാവീദ് യെബൂസ്യനോടു വാങ്ങി ബലിയർപ്പിച്ച സ്ഥലം, ശലോമോൻ ജറുശലേമിൽ ദാവീദിനുവേണ്ടി യഹോവയുടെ ആലയം പണിയിച്ച സ്ഥലം, (2 ദിന: 3.1) എല്ലാം ഒരേ സ്ഥലമത്രെ. മനുഷ്യവർഗ്ഗത്തിൻെറ വീണ്ടെടുപ്പിനുവേണ്ടി ക്രിസ്തുവിൻെറ കാൽവറി ക്രൂശു നാട്ടപ്പെട്ടതും ജറുശലേമിലെ മോറിയാ മലയിൽതന്നെ. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കും" എന്നുള്ള ദൈവത്തിൻെറ നിത്യതയുടെ പ്ലാൻ ജറുശലേമിൽ നിറവേറി.

ആധുനികയുഗത്തിൽ ജറുശലേമിൽ നടക്കുന്ന സംഭവങ്ങളെ സംബന്ധിച്ചും ഇനിയും നിറവേറേണ്ട കാര്യങ്ങളെക്കുറിച്ചും ബൈബിളിൻെറ വെളിച്ചത്തിൽ പഠിക്കേണ്ടതത്രെ. ഇവകളെല്ലാം സംഗ്രഹിച്ചു സ്വർഗ്ഗീയ ജറുശലേമിലേക്കു് വിരൽചൂണ്ടിക്കാണിച്ചാണു് ശ്രീ. കുരുവിള ഈ ഉത്തമഗ്രന്ഥം രചിച്ചിരിക്കുന്നതു്. വേദപുസ്തക ചരിത്രത്തിൽ പറഞ്ഞിട്ടുള്ള സംഭവങ്ങൾ ഭൂമിശാസ്ത്ര പശ്ചാത്തലത്തിലും എത്രയധികം ശരിയാണെന്നു് ഞാൻ ജറുശലേം സന്ദർശിച്ചപ്പോൾ എനിക്കു ബോദ്ധ്യമായി. ശിംശോൻ 300 കുറുക്കന്മാരുടെ വാൽ കൂട്ടിക്കെട്ടി ഫെലിസ്ത്യരുടെ വയൽ നശിപ്പിച്ച സംഭവം വിശ്വസിക്കാൻ പ്രയാസമായിരിക്കാം. 300 അല്ല 3000 കുറുക്കന്മാരെ കുടുക്കിട്ടു പിടിക്കാവുന്ന ഗുഹകൾ ഞാനവിടെ കണ്ടു.

"സ്വർഗ്ഗാരോഹണസന്ദേശം" എന്ന അദ്ധ്യായത്തിൽ ഒലിവുമലയുടെ മുകളിൽനിന്നും കർത്താവായ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത പാറയിൽ ക്രിസ്തുവിൻെറ തൃപ്പാദങ്ങൾ പതിഞ്ഞിട്ടുണ്ടു് എന്ന ആശയം ഈ പുസ്തകത്തിൽ വരാതിരിക്കുന്നതിനു് ശ്രീ. കുരുവിള സൂക്ഷിക്കേണ്ടതായിരുന്നു.

അശ്ലീലസാഹിത്യഗ്രന്ഥങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലത്ത് മനുഷ്യചിന്തകളെ നിത്യമായ ദൈവത്തിന്റെ പ്ലാനിലേക്കു് ഉയർത്തുന്നതിനു് ആദ്ധ്യാത്മികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഇപ്രകാരമുള്ള ഗ്രന്ഥങ്ങൾ സ്വാഗതാർഹമാണു്.

നമ്മുടെ എല്ലാ വീടുകളിലും ഈ ഗ്രന്ഥം ഉണ്ടായിരിക്കേണ്ടതാണു്. സുവിശേഷ പ്രസംഗകരുടെ ഉപയോഗത്തിനും സൺഡേസ്കൂൾ സമ്മാനങ്ങൾക്കും മററും പററിയ ഒരു ഗ്രന്ഥമാണിതു്.

ഈ യുവഗ്രന്ഥകാരനും ഇതിന്റെ വിതരണം ഏറെറടുത്തിരിക്കുന്ന 'വിദ്യാർത്ഥിമിത്ര'ത്തിനും സകല വിജയാശംസകളും നേരുന്നു.

മാരാമൺ
15-7-1969

റൈററ്. റവ. ഡോ. മാത്യൂസ്
മാർ അത്താനാസ്യോസ്

# 1. ജറുശലേം നഗരം.

## ചരിത്ര പശ്ചാത്തലം.

അഖിലലോക പ്രസിദ്ധി ആൎജ്ജിച്ചിട്ടുള്ള ജറുശലേം നഗരത്തിലേയ്ക്കു് ആധുനികയുഗത്തിന്റെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുകയാണു്. മനുഷ്യജാതിയുടെ രക്ഷയ്ക്കുവേണ്ടി ദൈവം തെരഞ്ഞെടുത്ത നഗരമാണിതു്. ജറുശലേം ഭൂഗോളത്തിന്റെ കേന്ദ്രസ്ഥാനമായി ഭൂമിശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു.

ജറുശലേം (Jerusalem) എന്ന പദത്തിന്റെ എബ്രായനാമം Yerusalaim (ഈറുശാലയിം) എന്നാണു്. 'Yeru' എന്ന ആദ്യഭാഗത്തിന്റെ അൎത്ഥം Possession (ഉടമസ്ഥത) Foundation (അസ്ഥിവാരം) എന്നാണു്. Salaim എന്ന അന്ത്യഭാഗത്തിൻെറ അൎത്ഥം Peace (സമാധാനം) എന്നാണു്. "സമാധാനത്തിന്റെ ഉടമസ്ഥത അവകാശപ്പെടുന്ന് നഗരമാണു ജറുശലേം.

ഇസ്രായേൽ രാജ്യം ആകുന്നതിനുമുമ്പു് ഈ നഗരത്തിൻെറ നാമം 'Urusalim' (ഊരുശാലിം) എന്നായിരുന്നു. അതിൻെറ അൎത്ഥം City of peace (സമാധാനത്തിൻെറ നഗരം) എന്നാണു്.

പുതിയ നിയമത്തിൽ ഗ്രീക്കുഭാഷയിൽ Hierousalem (Hierosolyma) എന്നാണു്. Hieros എന്ന പദ

ത്തിൻെറ അത്ഥം Holy (Sacred) 'വിശുദ്ധം' എന്നാകുന്നു. പുതിയ നിയമത്തിൽ ജറുശലേം, 'വിശുദ്ധനാടു' അഥവാ 'വിശുദ്ധനഗരം' എന്ന നാമത്തിൽ പ്രശസ്തി നേടി ദാവീദുരാജാവിൻെറ പ്രതാപകാലത്തു ജറുശലേം The City of David (ദാവീദിൻെറ നഗരം) എന്ന പേരിൽ അറിയപ്പെട്ടു.

ജറുശലേം എന്ന വിശുദ്ധ നഗരം അന്നു Zion (സീയോൻ), Salem (ശാലേം) എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. 'സമാധാനം' എന്നാണു് അതിൻെറ ലളിതമായ ആശയം. "സീയോനെ വയൽ പോലെ ഉഴുതുകളയും, ജറുശലേം കല്ക്കുന്നായും ഈ ആലയമുള്ള പവ്വതം വനാന്തരഗിരികളായും തീരും".

യിരെ. 26: 18.

"സിദെക്കീയാവു............പതിനൊന്നു സംവൽസരം ജറുശലേമിൽ വാണു". യിരെ. 52: 1.

"നീ പണ്ടു പണ്ടേ സമ്പാദിച്ചു.......................... നീ വസിച്ചു പോന്ന സീയോൻ പവ്വതത്തേയും ഓർക്കേണമേ". സങ്കീ. 74: 2.

ജറുശലേം നഗരത്തിൻെറ ഹൃദയഭാഗത്തു തല ഉയത്തി നിന്ന ജറുശലേം ദേവാലയത്തിൽ ദൈവം അധിവസിച്ചിരുന്നു എന്ന അത്ഥത്തിൽ ഇതിനു 'ദൈവത്തിൻെറ വിശുദ്ധനഗരം' എന്ന പേരു കിട്ടി.

## ശാലേം രാജാവു്.

'മൽക്കീസേദെക്കു്' എന്ന ഇസ്രായേലിൻെറ

രാജാവ് ശാലേം രാജാവ് (സമാധാന രാജാവ്) എന്ന അപരനാമത്തിൽ അറിയപ്പെട്ടു. മൽക്കീസേദെക്കിനെ സംബന്ധിച്ച് ഉല്പത്തി പുസ്തകം 14-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

"ശാലേം രാജാവായ മൽക്കീസേദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു". ഉല്പ. 14: 18. മൽക്കീസേദെക്ക് അബ്രഹാമിനെ അനുഗ്രഹിച്ചു ശത്രുക്കളെ അവന്റെ പക്കൽ ഏല്പിച്ചു.

ശാലേം രാജാവായ മൽക്കീസേദെക്ക് ദൈവനാമത്തിൽ ജറുശലേം കൈവശപ്പെടുത്തുവാൻ ബാബിലോണിൽ നിന്നു വന്ന മഹാപുരോഹിതനായിരുന്നു. വിശ്വ ജലപ്രളയത്തിനു മുമ്പുതന്നെ ലോകത്തെ ഭരിച്ചിരുന്ന ഏററവും പ്രായംചെന്ന രാജാവായിരുന്നു. വിശ്വപ്രളയത്തിന്റെ സമയത്ത് മൽക്കീസേദെക്ക് നോഹയുടെ കൂടെ പെട്ടകത്തിൽ ഉണ്ടായിരുന്നു എന്ന് എബ്രായ ഐതിഹ്യം പറയുന്നു. ദൈവത്തിന്റെ വാഗ്ദത്തനാടായ ഊരിൽ വച്ച് ഒരു ബാലൻ എന്ന നിലയിൽ ഈ പുരോഹിതൻ അബ്രഹാമിനെ അറിഞ്ഞിരുന്നു.

## യബൂശാലേം.

നോഹയുടെ കൊച്ചുമകൻ യബൂസ്യന്റെ പുത്രന്മാർ ഈ സ്ഥലം കൈവശപ്പെടുത്തിയതിനു ശേഷം അതിനു 'യബൂശാലേം' എന്നപേരുകിട്ടി. പ്രസ്തുതനാമം യറുശാലേം, ഊർശാലേം എന്നീ പേരുകളിൽ അറിയ

പ്പെട്ടു. "പിന്നെ ആ അതിർ ബെൻ-ഹിന്നോം താഴ്‌വരയിൽക്കൂടി കയറി ജറൂശലേം എന്ന യബൂസ്യഗിരിയുടെമുമ്പിൽ .....കയറിച്ചെല്ലുന്നു." യോശു: 15: 8

ജറൂശലേമിൻെറ ആദ്യത്തെ തലസ്ഥാനം ഹെബ്രോൻ ആയിരുന്നു. 'ഐക്യം' എന്നാണതിന്റെ അത്ഥം.

ജറൂശലേമിൽ യഹൂദമതം, ക്രിസ്തുമതം, മഹമ്മദീയമതം എന്നീ മൂന്നു സുപ്രധാനമതങ്ങളുണ്ടു്.

## ജറൂശലേം നഗരത്തിൻെറ സ്ഥാനം.

ജറൂശലേം നഗരത്തിനു് മെഡിററേനിയൻ സമുദ്രത്തിൽനിന്നും 30 മൈൽ ഉയരമുണ്ടു്. ചാവുകടലിന്റെ 20 മൈൽ വടക്കുപടിഞ്ഞാറാണിതു്. കിഴക്കു് പച്ചക്കടകൾ ചൂടിനില്ക്കുന്ന പ്രകൃതിസുന്ദരമായ ഒലിവുമല കാണാം. ഇതിന്റെ പശ്ചിമഭാഗത്തു് പൎവ്വതനിരകൾ അംബരചുംബികളായി നില്ക്കുന്നു. ഉത്തരഭാഗത്തു് മരുഭൂമിപ്രദേശമാണു്. പൎവ്വതനിരകളാൽ ചുററപ്പെട്ട മനോഹര നഗരമാണിതു്. ആഴമുള്ള നിരവധി താഴ്‌വരകൾ ഇവിടെയുണ്ടു്. നാലുചുററും മതിൽക്കെട്ടുള്ള നഗരമാണിതു്. പാലും തേനും ഒഴുകുന്ന കനാൻ നാടിന്റെ ഉത്തരപ്രദേശത്തെകേന്ദ്രനഗരമാണു ജറൂശലേം

ജറൂശലേമിനു് 300 മൈൽ തെക്കുപടിഞ്ഞാറു് ഈജിപ്ററു്, 700 മൈൽ കിഴക്കു് ബാബിലോൺ, 1000 മൈൽ കിഴക്കു് പേർഷ്യാ, 800 മൈൽ വടക്കു-

പടിഞ്ഞാറ ഗ്രീസ്, 1500 മൈൽ വടക്ക പടിഞ്ഞാറ റോം, എന്നീ സ്ഥലങ്ങളുണ്ട്.

## ജറുശലേമിൻെറ നാശവും പുനസ്ഥാപനവും.

ജറുശലേം നഗരം പൎവ്വതനിരകളാൽ ചുററപ്പെട്ട നിരവധി താഴ്‌വരകളാൽ സമ്പന്നമാണെങ്കിൽ തന്നെ പല പ്രാവശ്യം ശത്രുക്കളാൽ ആക്രമിക്കപ്പെട്ട നശിപ്പിക്കപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളിൽ അതു പുനസ്ഥാപിക്കപ്പെട്ടിട്ടുമുണ്ട്.

"യോശുവായുടെ മരണശേഷം യഹൂദാമക്കൾ ജറുശലേമിന്റെ നേരേ യുദ്ധം ചെയ്തു അതിനെ പിടിച്ചു വാളിന്റെ വായ്ത്തലയാൽ വെട്ടി നഗരം തീയിട്ടുചുട്ടുകളഞ്ഞു." ന്യായാ. 1: 8.

"ബന്യാമീൻ മക്കൾ ജറുശലേമിൽ പാൎത്തിരുന്ന യെബൂസ്യരെ നീക്കിക്കളഞ്ഞില്ല. അവർ ഇന്നുവരെ ബന്യാമീൻ മക്കളോടുകൂടെ അവിടെ പാൎക്കുന്നു." ന്യായാ. 1: 21.

ദാവീദ രാജാവും അവൻെറ ആളുകളും ജറുശലേമിലേക്ക ആ ദേശത്തെ നിവാസികളായ യബൂസ്യരുടെ നേരേ പുറപ്പെട്ടു. ദാവീദിനു അവിടെ കഴികയില്ലെന്നു വെച്ചു്, അവർ ദാവീദിനോടു്; നീ ഇവിടെ കടക്കയില്ല നിന്നെ തടുപ്പാൻ കുരുടരും മുടന്തരും മതി എന്നു പറഞ്ഞു. എന്നിട്ടും ദാവീദ് സീയോൻകോട്ട പിടിച്ചു. അതുതന്നെ ദാവീദിൻെറ നഗരം." 2. ശമു. 5: 6, 7.

യേശുക്രിസ്തുവിനു് ആയിരം സംവൽസരങ്ങൾക്കു മുമ്പു് (B C. 1000) ശൗൽ രാജാവിനു ശേഷം നയതന്ത്ര പരവും തന്ത്രപരവുമായ രീതിയിൽ ദാവീദ് ഇസ്രായേലിനു രാജാവായി. മുപ്പതാമത്തെ വയസ്സിൽ രാജാവായിത്തീന്ന ദാവീദ് 40 വർഷം രാജാവായി ഇസ്രായേലിനെ ഭരിച്ചു. ദാവീദ് സിയോൻകോട്ട പിടിച്ചു. ഹെബ്രോൻ ജറൂശലേമിൻെറ തലസ്ഥാനമാക്കിത്തീൎത്തു. അന്നു മുതൽ ജറൂശലേം നഗരം 'City of David' (ദാവീദിൻെറ നഗരം) എന്ന പേരിൽ പ്രശസ്തിനേടി.

യഹൂദന്മാരുടെ മതപരവും രാഷ്ട്രീയവുമായുള്ള കേന്ദ്രമായി ജറൂശലേം രൂപാന്തരപ്പെട്ടു. ജറൂശലേം മതിലുകൾ കെട്ടിഭദ്രമാക്കി. സൈന്യങ്ങളുടെ ദൈവമായ യഹോവ ദാവീദിനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടു് ജറൂശലേം അത്ഭുതപൂൎവ്വമായ രീതിയിൽ പുരോഗമിച്ചു.

B. C. 960 -ൽ ശലോമോൻ രാജാവു് മോറിയാമല ഉള്ളിലാക്കി ജറൂശലേമിൻെറ കോട്ടകൾ പുതുക്കി പ്പണിതു. അബ്രഹാം ഇസഹാക്കിനെ ബലികഴിക്കുവാൻ തയ്യാറായ മോറിയാമല ചരിത്രപ്രസിദ്ധമാണല്ലോ. ആയിരം സംവൽസരങ്ങൾക്കുശേഷം ശലോമോൻ ജറൂശലേം ദേവാലയം പണിതു. പ്രസ്തുത ദേവാലയം ശലോമോൻെറ ദേവാലയം എന്നറിയപ്പെടുന്നു.

ശലോമോൻ പൂൎത്തിയാക്കിയ നിയമപ്പെട്ടകം ദേവാലയത്തിൽ പ്രതിഷ്ഠിച്ചു. ശലോമോൻ രാജാവിനു ആയിരം സംവൽസരങ്ങൾക്കുശേഷമാണു് ക്രിസ്തു വിജ

യശ്രീലാളിതനായി ജറുശലേം ദേവാലയത്തിൽ പ്രവേശിച്ചതു്.

B. C. 790-749 വരെ രെഹബെയാംരാജാവു് ഭരണംനടത്തി.

"എന്നാൽ രെഹബെയാം രാജാവിൻെറ അഞ്ചാം ആണ്ടിൽ മിസ്രയീം രാജാവായ ശീശക്ക ജറുശലേമിൻെറ നേരേ വന്നു. ദേവാലയം കവച്ച്ചെയ്തു...... ശലോമോൻ ഉണ്ടാക്കിയ ദേവാലയത്തിലെ സകല ഉപകരണങ്ങളും എടുത്തുകൊണ്ടുപോയി."

1. രാജ. 14: 25-26.

B. C. 787-735 വരെ ഉസ്സിയാരാജാവു് ഭരണം നടത്തി. അദ്ദേഹം ജറുശലേമിന്റെ കോട്ടകൾ പുതുക്കിപ്പണിതു. B. C. 587-ൽ ബാബിലോണിലെ രാജാവായ 'നെബൂഖദ്നേസർ' ജറുശലേം നഗരവും ദേവാലയവും ആക്രമിച്ചു നശിപ്പിച്ചു. മതിലുകൾ ഇടിച്ചുകളഞ്ഞു. B. C. അഞ്ചാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ നെഹമ്യാവു് ജറുശലേമിന്റെ മതിലുകൾ പുതുക്കിപ്പണിതു.

അലക്സാണ്ടർ B. C. നാലാം ശതാബ്ദത്തിന്റെ അന്ത്യത്തിൽ പേർഷ്യയുടെ ഭരണത്തലവനായി അധികാരത്തിൽവന്നു. B. C. 198-ൽ പലസ്തീൻ സിറിയാരാജാവായ അന്തിയോക്കസ് III ന്റെ അധീനതയിൽ വന്നു. 30 വർഷത്തിനുശേഷം അന്തിയോക്കസ് IV ജറുശലേമിൽ പ്രവേശിച്ചു മതിലുകൾ നശിപ്പിച്ചു.

പന്നിയുടെ മാംസം ദേവാലയത്തിന്റെ ബലിപീഠത്തിൽ ഇട്ട് അശുദ്ധമാക്കിത്തീർത്തു. അദ്ദേഹം ഒരു സിറിയാ കാവൽസൈന്യത്തെ ജറുശലേമിൽ നിയോഗിച്ചു. B.C. 165-ൽ യൂദാസ് മക്കാബീസ് ഒരു യഹൂദകലഹം ഉണ്ടാക്കി ജറുശലേം വീണ്ടെടുത്തു. ദേവാലയം ശുദ്ധീകരിച്ചു പുനഃപ്രതിഷ്ഠിച്ചു. ബി. സി. ഒന്നാം ശതകംവരെ ജറുശലേം സ്വാതന്ത്ര്യയായിക്കഴിഞ്ഞു. റോമാപട്ടാളക്കാർ ജറുശലേമിൽ പ്രവേശിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തു.

## മഹാനായ ഹേരോദാവ് രാജാവ്

B. C. 40-ൽ ഹേരോദാ രാജാവ് ജറുശലേം കീഴടക്കി. റോമാക്കാരുടെ ആക്രമണത്താൽ നഷ്ടപ്പെട്ട കെട്ടിടങ്ങൾ പുതുക്കിപ്പണിതു. മതിലുകൾ കെട്ടി ഉയർത്തി. മാളികകൾ പണിതു. ഗോപുരങ്ങൾക്ക് സുപ്രധാനസ്ഥാനം നൽകി. യഹൂദന്മാരുടെ പ്രീതിസമ്പാദിക്കുവാൻ ആധുനികരീതിയിൽ ദേവാലയം വലുതാക്കി പണിതു. ഇതു മൂന്നാമത്തെ ദേവാലയമാണ്. "ദാവീദിന്റെ "വീണുപോകാത്തഗോപുരങ്ങൾ" അവിടെയുണ്ട്.

A. D. 66-ൽ യഹൂദജനത ഒററക്കെട്ടായി റോമാക്കാർക്കെതിരെ യുദ്ധം ചെയ്തു. യേശുക്രിസ്തു ജറുശലേം ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ അതിന്റെ നാശത്തെക്കുറിച്ചു പ്രവചിച്ചു.

A. D. 70-ൽ പെസഹാപെരുനാളിന്റെ മഹാ

ദിനത്തിൽ റോമാ ജനറൽ ഹാദ്രിയൻ ചക്രവത്തിയുടെ നിർദ്ദേശം അനുസ്സരിച്ച് റൈററസ് വലിയ സൈന്യ സമേതം ജറുശലേം വളഞ്ഞു ആക്രമിച്ചു. 30,000 റോമാ സൈന്യം 24,000 യഹൂദ സൈന്യത്തിനെതിരെ യുദ്ധം ചെയ്തു. പെസഹായുടെ മഹോത്സവത്തിൽ സംബന്ധി ക്കുവാൻ അന്നു 600,000 ഭക്തജനങ്ങൾ അവിടെ ഉണ്ടായിരുന്നു. ജറുശലേം അഗ്നിക്കിരയാക്കി ത്തീർത്തു. ക്രിസ്തു പറഞ്ഞ പ്രവചനം നിവൃത്തിയായി.

A.D. 70-ൽ 10 ലക്ഷം യഹൂദന്മാർ കൊല്ലപ്പെട്ടു. കുതിരക്കുളമ്പുകൾ മുങ്ങത്തക്കരീതിയിൽ നഗരം രക്ത ക്കളമായിത്തീർന്നു. 95,000 യഹൂദന്മാർ ബന്ധനസ്ഥ രാക്കപ്പെട്ടു. അതിൽ സുപ്രസിദ്ധ ചരിത്രകാരനായ ജോസീഫിയസും ഉൾപ്പെട്ടിരുന്നു. 50 സംവത്സര ക്കാലം ജറുശലേം ചരിത്രത്തിൽ നിന്നും മറഞ്ഞു.

A.D. 135-ൽ റോമാ സൈന്യം വീണ്ടും ജറു ശലേം ആക്രമിച്ചു 580,000 യഹൂദന്മാരെ കൊല പ്പെടുത്തി. ഒരു മഹമ്മദീയ ദേവാലയം അവിടെ തല ഉയർത്തി. A.D. 326-ൽ റോമിലെ പ്രഥമ ക്രിസ്ത്യൻ ചക്രവത്തിയായിരുന്ന കോൺസ്റ്റന്റയിൻ മഹമ്മദീയ ദേ വാലയം നശിപ്പിച്ചു. ക്രിസ്തുമതത്തിന് അതുല്യ പ്രാധാ ന്യം നൽകി. A.D. 614-ൽ പേർഷ്യയുടെ പ്രതികൂല കൊടുങ്കാററു് അടിച്ചു. A.D. 637-ൽ ജറുശലേം വീണ്ടും മഹമ്മദീയരുടെ കീഴിൽ ആയിത്തീർന്നു. 100 സംവത്സരക്കാലം അപ്രകാരം തുടർന്നു. കോൺസ്റ്റന്റ യിന്റെ പ്രതാപകാലത്തു ജറുശലേം ക്രിസ്തുമത കേന്ദ്ര

മായി രൂപമെടുത്തു. ജാതികളുടെ കാലംമാറപ്പെട്ടു. ക്രിസ്തീയ ദേവാലയങ്ങൾ മഠങ്ങൾ മുതലായവ തല ഉയർത്തി. വി. ശവകുടീര ദേവാലയം. സെ. മേരീസ് ദേവാലയം മുതലായവ അവയിൽ പ്രധാനപ്പെട്ടവയാണ്.

A. D. 691-ൽ ദേവാലയത്തിന്റെ സ്ഥാനത്തു "ഓമർ മഹമ്മദീയ ദേവാലയം" പണിതുയർത്തി. പതിനൊന്നാം ശതകംവരെ യഹൂദന്മാരും ക്രിസ്ത്യാനികളും ഒരുപോലെ പീഡിപ്പിക്കപ്പെട്ടു.

1099-ൽ ജറുശലേം കുരിശുയുദ്ധം (Crusades) ഉണ്ടായി. ക്രൈസ്തവരാജ്യം പുനഃ സ്ഥാപിച്ചു.

1187-ൽ ഈജിപ്റ്റുകാർ ജറുശലേം ആക്രമിച്ചു കീഴടക്കി.

1542-ൽ തുർക്കിസുൽത്താനായ സുലൈമാൻ ദേവാലയത്തിന്റെ മതിലുകൾ വീണ്ടും പണിയിച്ചു. 1810-ൽ ഗ്രീക്കുകാരും അർമ്മേനിയരും ചേർന്നു ഇന്നു കാണുന്ന ദേവാലയം പണിതു. 1917-ൽ ബ്രിട്ടീഷ് പട്ടാളം ജറുശലേം ആക്രമിച്ചു. അറബികളും യഹൂദന്മാരും തമ്മിൽ വേർതിരിക്കപ്പെട്ടു.

ജറുശലേം നഗരം പലപ്രാവശ്യം ശത്രുക്കളാൽ ആക്രമിക്കപ്പെട്ടു. ലക്ഷക്കണക്കിനുള്ള നാശനഷ്ടങ്ങൾ ഉണ്ടായി. ഭൂഗർഭഗവേഷണത്തിന്റെ വെളിച്ചത്തിൽ പല ചരിത്ര വസ്തുതകളും വെളിവാക്കപ്പെട്ടു.

ബൈബിളിൽ ജറുശലേമിന്റെ ചരിത്രം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ജോസീഫിയസ് എന്ന

ചരിത്രകാരൻ അതിന്റെ ചരിത്ര പശ്ചാത്തലം രേഖപ്പെടുത്തിയിട്ടുണ്ട്.

---

# 2. ജറുശലേം നഗരം പ്രവചനത്തിൻെറ വെളിച്ചത്തിൽ

## 1. ശലോമോൻെറ ദേവാലയം

അബ്രഹാം തൻെറ പുത്രൻ യിസ്ഹാക്കിനെ ബലി കഴിക്കുവാൻ കൊണ്ടുപോയ ജറുശലേം നഗരത്തിലെ മോറിയാമലയുടെ അതേ സ്ഥാനത്ത് പ്രസ്തുത സംഭവത്തിൻെറ ആയിരം സംവത്സരങ്ങൾക്കുശേഷം ശലോമോൻ രാജാവ് ചരിത്രപ്രസിദ്ധിയാജ്ജിച്ചിട്ടുള്ള ജറുശലേം ദേവാലയം പണിതു. യേശുക്രിസ്തു വിജയോത്സവത്തോടുകൂടി രാജാധിരാജനായി പ്രവേശിച്ച ദേവാലയമാണിതു. ജറുശലേം ദേവാലയത്തിൻെറ നാശത്തെ സംബന്ധിച്ച് ക്രിസ്തു പ്രവചിച്ചതു് ഏ. ഡി. 70-ൽ സംഭവിച്ചു.

"ജറുശലേമേ, ജറുശലേമേ പ്രവാചകന്മാരെ കൊല്ലുകയും നിൻെറ അടുക്കൽ അയച്ചിരുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തൻെറ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേക്കുംപോലെ...........നിങ്ങളുടെ

ഭവനം ശൂന്യമായിത്തീരും". മത്താ. 23: 37-39.

"യേശു നഗരത്തിന്നു സമീപിച്ചപ്പോഠം അതിനെക്കുറിച്ചു കരഞ്ഞു.........നിൻെറ ശത്രുക്കഠം നിനക്കു ചുററും വാടകോരി.........നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി........കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും". ലൂക്കൊ. 19: 41-44. ഏ.ഡി. 33-ൽ കത്താവു് ഹൃദയവേദനയോടുകൂടി പ്രവചിച്ച പ്രസ്തുത പ്രവചനം ഏ. ഡി. 70-ൽ പെസഹാ പെരുനാളിന്റെ ദിനത്തിൽ റോമാ സൈന്യാധിപൻ റൈററസ്സ് സൈന്യസമേതം ജറുശലേമിനെ ആക്രമിച്ചു ദേവാലയം അഗ്നിക്കിരയാക്കി. അന്നത്തെ പുരാതന ദേവാലയത്തിന്റെ സ്ഥാനത്തു ഇന്നൊരു മുസ്ലീം ദേവാലയം പണിതിട്ടുണ്ടു്. ജറുശലേമിന്റെ മററു പല പുണ്യസ്ഥലങ്ങളിലും ക്രൈസ്തവദേവാലയങ്ങഠം തല ഉയത്തി നില്ക്കുന്നു.

## 2. മരുഭൂമികഠം മലർവാടികളായി തീരുന്നു.

"മരുഭൂമിയിൽ വെള്ളവും നിജ്ജന പ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും. മരീചിക പൊയ്കയായും വരണ്ട നിലം നീരുറവകളായും തീരും". യെശ. 35: 6. ആധുനികയുഗം ശാസ്ത്രീയമായ രീതിയിൽ അത്ഭുതപൂർവ്വമായി പുരോഗമിച്ചിട്ടുണ്ടു്. ഇറാക്കിലെ മരുഭൂമി പ്രദേശങ്ങഠം ഇന്നു് എണ്ണ ഖനികളായും പെട്രോഠംകളങ്ങളായും മനോഹരനഗരമായും രൂപാന്തരപ്പെട്ടുകഴിഞ്ഞു. "സെബൂലൻ സമുദ്രങ്ങളുടെ സമൃദ്ധിയും മണലിലെ നിക്ഷേപങ്ങളും വലിച്ചുകുടിക്കും". ആവ. 33: 19.

ഇറാക്കിലെ മരുഭൂമികളിൽ നിന്നും വലിയ നിക്ഷേപമായ പെട്രോൾ ഇന്നു വലിയ തോതിൽ വലിച്ചെടുത്തുകൊണ്ടിരിക്കുന്നു. പ്രവചനത്തിന്റെ ഒരു പൂർത്തീകരണമാണിതു്.

## 3. ജറുശലേം ജാതികളുടെ കയ്യിൽനിന്നും സ്വാതന്ത്ര്യം നേടിയെടുക്കുന്നു.

"സൈന്യങ്ങൾ ജറുശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നു് അറിഞ്ഞുകൊൾവിൻ.........അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധരായിക്കൊണ്ടു പോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ ജറുശലേം ചവുട്ടിക്കളകയും ചെയ്യും." ലൂക്കൊ. 21: 20–24. പലസ്തീൻനാട്ടു് കാലാകാലങ്ങളിലായി പല ജാതികളാൽ ആക്രമിക്കപ്പെട്ടിട്ടുണ്ടു്. തുക്കികളായ ജാതികൾ ജറുശലേം കൈവശപ്പെടുത്തി. ബ്രിട്ടീഷുകാരുടെ സ്വാധീനശക്തിയാൽ യഹൂദന്മാർക്കു വീണ്ടും ജറുശലേമിൽ പ്രവേശനം കിട്ടി. ഇന്നു് യോർദ്ദാൻ തീരത്തും അറബികൾ കൈവശപ്പെടുത്തിയിട്ടുള്ള ജറുശലേം നഗരത്തോടുബന്ധപ്പെട്ട സ്ഥലങ്ങളും യെഹൂദന്മാർ കൈവശപ്പെടുത്തിക്കഴിഞ്ഞു. പ്രവചനനിവൃത്തിയാണിതു്.

## 4. ജറുശലേം മതിലില്ലാത്ത നഗരം.

"ജറുശലേം അതിലെ മനുഷ്യരുടേയും മൃഗങ്ങളുടെയും ബഹുത്വം നിമിത്തം മതിലില്ലാതെ തുറന്നു

കിടക്കും.'' സെഖ. 2: 4. ലോകത്തിന്റെ നാനാഭാഗ ങ്ങളിലേക്ക് ചിതറിപ്പോയ യഹൂദജാതി ജറൂശലേമിൽ വീണ്ടും വന്ന് അവരുടെ രാജ്യം പുനഃസ്ഥാപിച്ചുക ഴിഞ്ഞു. ജറൂശലേം നഗരത്തിന്റെ മതിലുകൾ തുറന്ന് അതിന്റെ വിസ്തീർണ്ണം വലുതാക്കി വരുന്നു. യോർദ്ദാൻ തീരത്തുള്ള പ്രദേശങ്ങൾ ജറൂശലേമിനോട് വീണ്ടും ചേ ർത്തു തുടങ്ങി. ശത്രുക്കളുടെ ആക്രമണം നിമിത്തവും ഇ തിന്റെ മതിലുകൾ പല പ്രാവശ്യം ഇടിഞ്ഞു പോയിട്ടു ണ്ട്.

## 5. ചാവുകടൽ ചുരുളുകൾ.

"സമുദ്രത്തിന്റെ ധനം നിന്റെ അടുക്കൽ ചേരും ജാതികളുടെ സമ്പത്തു നിന്റെ അടുക്കൽ വരും." യെശ. 60: 5.

ചാവുകടലിന്റെ ആഴത്തിൽ നിന്നും അനേകവില പ്പെട്ടനിധികൾ കണ്ടുപിടിച്ചിട്ടുണ്ട്. കോടിക്കണക്കിനു വിലയുള്ള ദ്രവ്യങ്ങൾ ചാവുകടലിൽ നിന്നും ലഭിച്ചു. 1947-ൽ ചാവുകടലിന്റെ തീരത്തു നിന്നും കണ്ടുകിട്ടിയ യെശയ്യാ പ്രവാചകന്റെ പുസ്തകം (ചാവുകടൽ ചുരുൾ) പ്രത്യേകം സ്മരണീയമാണല്ലോ.

## 6. ജറൂശലേമിൽ കൊഴുന്തു വൃക്ഷങ്ങൾ.

"മുള്ളിനു പകരം സരള വൃക്ഷം മുളയ്ക്കും, പറ ക്കാരയ്ക്കു പകരം കൊഴുന്തുവൃക്ഷം മുളയ്ക്കും, അതു യഹോ വയ്ക്കു് ഒരു കീർത്തിയായും ശാശ്വതമായൊരു അടയാള മായും ഇരിക്കും". യെശ. 55: 13.

1886 മുതൽ വടക്കേ ആസ്ട്രേലിയായിൽനിന്നും ജറുശലേമിലെ ചതുപ്പു നിലങ്ങളിൽ യൂക്കാലിപ്റ്റസ് മരങ്ങൾ നട്ടുപിടിപ്പിച്ചതു് പ്രസ്തുത പ്രവചനത്തിൻെറ പൂർത്തീകരണമാണു്.

## 7. ജറുശലേമിലെ വിമാനത്താവളം

"അങ്ങനെ ഞാൻ എൻെറ മഹത്വമുള്ള ആലയത്തെ മഹത്വപ്പെടുത്തും, മേഘം പോലെയും തങ്ങളുടെ കിളിവാതിലുകളിലേയ്ക്കു് പ്രാവുകളെപ്പോലെയും പറന്നു വരുന്ന ഇവർ ആർ?" യെശ. 60: 8.

ജറുശലേം നഗരത്തിലേയ്ക്കു് യഹൂദജാതി വിമാനങ്ങളിൽ പ്രാവുകളെപ്പോലെ പറന്നു വരും എന്ന പ്രവചനവും നിറവേറുന്നു. "ദൂരത്തു നിന്നും നിൻെറ മക്കളെ അവരുടെ പൊന്നും വെള്ളിയുമായി.........കൊണ്ടുവരേണ്ടതിന്നു തർശീശ് കപ്പലുകൾ ആദ്യമായും എനിക്കായി കാത്തിരിക്കുന്നു." യെശ. 60: 9.

1917-ലെ യുദ്ധത്തിനു ശേഷം യഹൂദന്മാർ ബ്രിട്ടീഷുകാരുടെ കപ്പലിൽ ആദ്യമായി വിശുദ്ധ നാട്ടിലേക്കു് പ്രവേശിച്ചു. പ്രസ്തുത പ്രവചനവും പൂർത്തീകരിക്കപ്പെട്ടു. തർശീശ് കപ്പൽ ഗ്രേററു് ബ്രിട്ടൻെറ കപ്പലുകളാണെന്നു വ്യാഖ്യാനിക്കപ്പെടുന്നു. "പക്ഷി ചുററിപ്പറന്നു കാക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ ജറുശലേമിനെ കാത്തു കൊള്ളും. അവൻ അതിനെ കാത്തു രക്ഷിക്കും. നശിപ്പിക്കാതെ അതിനെ പരിപാലിക്കും." യെശ. 31: 4, 5. 1917-ൽ അറബികൾ ജറുശലേമിനെ

ആക്രമിച്ചപ്പോൾ ബ്രിട്ടൻെറ വിമാനങ്ങൾ ഉയരത്തിൽ പറന്നു ജറുശലേമിനെ കാത്തുസംരക്ഷിച്ചസംഭവം പ്രസ്തുത പ്രവചനത്തിൻെറ നിവൃത്തിയായി വ്യാഖ്യാനിക്കപ്പെട്ടുന്നുണ്ടു്. പ്രവചനങ്ങളുടെ സാക്ഷാൽക്കാരം കർത്താവായ യേശുക്രിസ്തുവിൻെറ പുനരാഗമനത്തെ തിട്ടപ്പെടുത്തുന്നു.

## 8. ജറുശലേം നഗരത്തിൻെറ പുനഃസ്ഥാപനം.

"ഞാൻ എൻെറ ജനമായ ഇസ്രായേലിൻെറ പ്രവാസികളെ മടക്കിവരുത്തും, ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങളെ അവർ പണിതു പാൎക്കയും മുന്തിരിത്തോട്ടങ്ങളുണ്ടാക്കി അവയിലെ വീഞ്ഞുകുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്തുനട്ടും, ഞാൻ അവൎക്കു കൊടുത്തിരിക്കുന്ന ദേശത്തു നിന്നു അവരെ ഇനി പറിച്ചുകളകയുമില്ല." ആമോ. 9: 14, 15.

ജറുശലേം നഗരം അംബരചുംബികളായ മാമലകളാൽ ചുററപ്പെട്ടിരിക്കുന്നു എങ്കിലും പല പ്രാവശ്യം ശത്രുക്കളുടെ ആക്രമണം കൊണ്ടു് ശൂന്യമായിപ്പോയിട്ടുണ്ടു്. ഇന്നത്തെ ജറുശലേം ആധുനിക രീതിയിൽ ശാസ്ത്രീയമായുള്ള പരിഷ്ക്കാരങ്ങൾകൊണ്ടു് പുരോഗതി പ്രാപിച്ചിട്ടുണ്ടു്. ഇസ്രായേൽ ജാതി വീണ്ടും ജറുശലേമിൽ പ്രവേശിച്ചു മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവർ അവിടെ സ്ഥിരമായി പാൎക്കുന്നു. അത്തിയുടെ ഉപമ യെഹൂദജാതിയെ ആവിഷ്ക്കരിക്കുന്നു. "അത്തിയെ നോക്കി

ഒരു ഉപമ പഠിപ്പിൻ. അതിൻെറ കൊമ്പു് ഇളതാകു മ്പോൾ വേനൽ അടുത്തു എന്നു് അറിയുന്നുവല്ലോ." മത്താ. 24: 32. യെഹൂദജാതി ഇന്നു തളിർത്തു് അവ രുടെ രാജ്യം പുനഃസ്ഥാപിച്ചു കഴിഞ്ഞു. ജറുശലേം ന ഗരം യെഹൂദന്മാർ വീണ്ടും പുനഃസ്ഥാപിച്ചു അവർ അ വിടെപാർത്തു അവർ കുത്തിയവങ്കലേക്കു നോക്കി അനു തപിക്കുമെന്നു പറഞ്ഞ പ്രവചനങ്ങളും ആധുനിക തല മുറയിൽ സാക്ഷാത്കരിക്കുന്നു.

## ലോക സാമ്രാജ്യങ്ങൾ വിപ്ലവങ്ങൾ സൃഷ്ടിക്കുന്നു.

ക്രിസ്തുവിന്റെ പുനരാഗമനത്തെ ലോക രാഷ്ട്രങ്ങൾ വിപ്ലവത്തിലൂടെ വിളിച്ചറിയിക്കുന്നു. സപ്തജനാധിപ ത്യഭരണം, റോമാസാമ്രാജ്യ പുനഃസ്ഥാപനം, റഷ്യയുടെ അത്ഭുത പൂർവ്വമായ മുന്നേററം, ജറുശലേം നഗരത്തിന്റെ സ്ഥിതിമാററം, ഒഴിയപ്പെടുന്ന രാജകീയ സിംഹാസന ങ്ങൾ മുതലായവ ചില പ്രാരംഭ ലക്ഷണങ്ങൾ മാത്രം.

## വിഭിന്ന സ്വഭാവങ്ങളുള്ള അഞ്ചു സാമ്രാജ്യങ്ങൾ.

നെബൂഖദ്നേസർ രാജാവു കണ്ട അർത്ഥഗംഭീരമാ യുള്ള ബിംബത്തിന്റെ ദർശനം അഞ്ചു രാഷ്ട്രങ്ങളെ പ്ര തിനിധീകരിക്കുന്നു.

"രാജാവു കണ്ട ദർശനമോ വലിയൊരു ബിംബം, വലിപ്പമേറിയതും, വിശേഷശോഭയുള്ളതുമായ ആ ബിം ബം തിരുമുമ്പിൽ നിന്നു. അതിന്റെ രൂപം ഭയങ്കരമാ യിരുന്നു. ബിംബത്തിന്റെ തല തങ്കംകൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും, വയറും അരയും താമ്രം കൊണ്ടും,

തുട ഇരുമ്പു കൊണ്ടും കാൽ, പാതി ഇരുമ്പു കൊണ്ടും പാതി കളിമണ്ണു കൊണ്ടും ആയിരുന്നു.”

ദാനി. 2:31-33.

തങ്കം കൊണ്ടു നിർമ്മിച്ച തല ബാബിലോൺ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നു. വെള്ളി കൊണ്ടുള്ള നെഞ്ചും കയ്യും മേദ്യ-പാർസ്യ എന്നീ രാജ്യങ്ങളെ സൂചിപ്പിക്കുന്നു. താമ്രം കൊണ്ടുള്ള വയറും അരയും ഗ്രീസ് സാമ്രാജ്യത്തെയാണു് കാണിക്കുന്നതു്. ഇരുമ്പു കൊണ്ടുള്ള തുട റോമാ സാമ്രാജ്യത്തെ ആവിഷ്ക്കരിക്കുന്നു. പാതി ഇരുമ്പു കൊണ്ടും പാതി കളിമണ്ണു കൊണ്ടുമുള്ള കാൽ ഭിന്ന രാജത്വത്തെ കുറിക്കുന്നു.

ആധുനിക തലമുറയിലെ രാഷ്ട്രീയാന്തരീക്ഷം പ്രസ്തുത സ്വപ്നത്തെ സാക്ഷാൽക്കരിക്കുന്നുണ്ടു്. ഇടകലർന്നുള്ള സപ്തകക്ഷിഭരണം ഇരുമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ ഒരു കാലത്തും പരസ്പരം ഐക്യത്തിൽ എത്തുകയില്ല. ഇന്നത്തെ കേരളാ സർക്കാരും മററു ജനകീയ ഗവർമെൻറുകളും ഇതേ ആശയത്തിൽ തന്നെ വന്നെത്തിയിട്ടുണ്ടു്.

ആഗോളവ്യാപകമായുള്ള അധികം സിംഹാസനങ്ങളും ഇന്നു് രാജാക്കന്മാരില്ലാതെ ഒഴിയപ്പെട്ട സിംഹാസനങ്ങളായിത്തീർന്നു. രാജകീയ കിരീടങ്ങൾ ഇന്നു് ഉപയോഗശൂന്യമായിരിക്കുന്നു. നശിച്ചു പോകുന്ന രാജത്വങ്ങളുടെ സ്ഥാനത്തു് രാജാധിരാജനായ ക്രിസ്തു ഇളകിപ്പോകാത്ത രാജ്യങ്ങൾ സ്ഥാപിക്കും.

കൈ തൊടാതെ ഒരു കല്ലു പർവ്വതത്തിൽ നിന്നും

പറിഞ്ഞുവീണ ബിംബത്തെ തകർത്തുകളഞ്ഞ സംഭവം മഹാദൈവം മേലാൽ സംഭവിപ്പാനുള്ളതു രാജാവിനെ അറിയിക്കുകയായിരുന്നു. ആററം ബോംബു് കൈതൊടാത്ത കല്ലുപോലെ വീണു ലോകത്തെ നശിപ്പിച്ചുകളയും.

ഭൂരിപക്ഷ അഭിപ്രായത്തിൽ ജനപ്രതിനിധികൾ മുഖേന നടത്തുന്ന മന്ത്രിസഭകൾ പ്രായപൂർത്തിയാകുന്നതിനു മുമ്പു് അകാല പ്രജകളെപ്പോലെ അസ്തമിക്കുന്നു. വിപ്ലവാന്തരീക്ഷം, സമര കാഹളദ്ധ്വനികൾ, ഘേരാവോ, ചെങ്കൊടികൾ, തൊഴിലാളി-മുതലാളി തർക്കം, അതിരൂക്ഷമായ ഭക്ഷ്യക്ഷാമം, കൊലപാതകങ്ങൾ, ആത്മഹത്യകൾ, ഭൂകമ്പം, ക്ഷാമം, ബന്ദു്, നശീകരണ യന്ത്രങ്ങൾ, പകർച്ചവ്യാധികൾ, വരൾച്ച, അതിവർഷം ഇവ നാശത്തിന്റെ മുന്നോടികൾ മാത്രം.

## റോമാസാമ്രാജ്യ പുന:സ്ഥാപനം

"അപ്പോൾ പത്തുകൊമ്പും ഏഴുതലയും കൊമ്പുകളിൽ പത്തുരാജമുടിയും, തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽനിന്നും കയറുന്നതു ഞാൻ കണ്ടു." വെളി.13:1. റോമാസാമ്രാജ്യത്തിന്റെ പുന:സ്ഥാപനത്തെ സംബന്ധിച്ചുള്ള ചിത്രീകരണമാണിതു്. റോമാസാമ്രാജ്യത്തിന്റെ മുന്നേററത്തിനു് ബാബിലോൺ മേദ്യ-പാർസ്യ, ഗ്രീസ് എന്നീ സാമ്രാജ്യങ്ങളുടെ ലക്ഷണം ഉണ്ടായിരിക്കും. അതിൻെറ ലക്ഷ്യങ്ങളും സമാഗതമായിക്കഴിഞ്ഞു.

"അവർ വാളിൻെറ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധരായി കൊണ്ടു പോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ ജറുശലേമിനെ ചവുട്ടുകയും ചെയ്യും" ലൂക്കൊ. 24:24. കത്താവിൻെറ പുനരാഗമനംവരെയും ജാതികൾ ജറുശലേമിനെ ആക്രമിച്ചുകൊണ്ടിരിക്കും.

## പലസ്തീൻ വിഭജനം.

"ഞാൻ യഹൂദയുടെയും ജറുശലേമിൻെറയും സ്ഥിതി മാററുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകല ജാതികളേയും കൂട്ടി.........എൻെറ ദേശത്തെ വിഭാഗിച്ചു കളഞ്ഞതല്ലോ" യോവേ. 3:1, 2.

അബ്രഹാമിനു ദൈവം വാഗ്ദത്തംചെയ്ത പലസ്തീൻ അറബികൾക്കും യഹൂദന്മാർക്കും വേണ്ടി 1948-ൽ വിഭാഗിക്കപ്പെട്ടതും ഒരു പ്രവചന നിവൃത്തിയാണു്.

## റഷ്യാ മുന്നേറുന്നു.

യഹോവയുടെ അരുളപ്പാടു് എനിക്കുണ്ടായതു എന്തെന്നാൽ മനുഷ്യപുത്രാ രോശ്, മേശക്ക്, തുബൽ എന്നിവയുടെ പ്രഭുവായ മാഗോഗു് ദേശത്തിലുള്ള ഗോഗിൻെറ നേരെ.........ഞാൻ നിനക്കു വിരോധമായിരിക്കുന്നു.........ഒരുങ്ങിക്കൊൾക നീ അവക്കു മേധാവിയായിരിക്കും. യെഹ. 38:1, 7.

ഹമ്മഗെദോൻ യുദ്ധം ക്രിസ്തുവിൻെറ മഹത്വപ്രത്യക്ഷതയിൽ യഹോശാഫാത്തു താഴ്‌വരയിൽ വച്ചു

നടക്കും. ഈ മഹായുദ്ധത്തിനു ലോക രാഷ്ട്രങ്ങൾക്കു നേതൃത്വം നൽകുന്ന രാഷ്ട്രം റഷ്യാ ആയിരിക്കും. അന്തിക്രിസ്തുവിൻെറ ഒരു ഭീകര വാഴ്ച ഇപ്പോൾ റഷ്യയിൽ നടക്കുന്നുണ്ടല്ലോ.

"യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേല്ക്കുമ്പോൾ അവർ അവൻെറ ഭയങ്കരത്വം നിമിത്തവും അവൻെറ മഹിമയുടെ പ്രഭ നിമിത്തവും പാറകളുടെ ഗുഹകളിലും മണ്ണിലെ പോതുകളിലും കടക്കും യെശ. 2:19.

ലോകമഹായുദ്ധങ്ങളുടെ സമയത്തു് ജീവരക്ഷാർത്ഥം ഓടുന്ന ജനങ്ങൾ ഭൂമിയിൽ കിടങ്ങുകൾ ഉണ്ടാക്കി അഭയസ്ഥാനങ്ങൾ നേടുന്നു.

സൈന്യങ്ങളുടെ യഹോവയുടെ നാൾ സകല ശൃംഗാര ഗോപുരത്തിന്മേലും വരും എന്ന പ്രവചനം യുവതീയുവാക്കളെ വശീകരിക്കുന്ന അർദ്ധനഗ്നമായുള്ള സിനിമാപ്രദർശ്ശനമാണെന്നു വ്യാഖ്യാനിക്കുന്നു. ഇപ്പോഴേ വ്യാപരിക്കുന്ന അധർമ്മത്തിൻെറമർമ്മം, ഭൂമിയിലെ ജാതികളുടെ പരിഭ്രമം, ഏകാധിപത്യ ഭരണം, മന്ത്രവാദികൾ, യന്ത്രമനുഷ്യൻ ഇവയും അന്ത്യകാലസംഭവങ്ങളായി കരുതപ്പെടുന്നു.

# 3. ദൈവദൂതന്മാർ

പുതിയ ജറുശലേമിൽ ശുഭ്ര വസ്ത്രധാരികളായി ചിറകുകളുള്ള ദേവദൂതന്മാരുണ്ട്. സെപ്തമ്പർ 29-ാംനു- സകല ദൈവദൂതന്മാരുടേയും പ്രത്യേകിച്ച് മീഖായേൽ ദൂതന്റേയും പെരുനാളായി ചില സഭകൾ ആഘോഷി ക്കുന്നു. മീഖായേൽ ദൂതന്റെ നാമത്തിൽ പല ദേവാല യങ്ങളും പ്രതിഷ്ഠിച്ചിട്ടുണ്ട്. മീഖായേൽ മാലാഖയെ സംബന്ധിച്ചും മററു ദൂതന്മാരെക്കുറിച്ചും സംക്ഷിപ്തമാ യി ചിന്തിക്കുന്നതു് രസകരമെന്നു കരുതുന്നു. മാലാഖ മാരെ സംബന്ധിച്ചുള്ള ലേഖനങ്ങൾ വളരെ വിരളമായി ട്ടുമാത്രമെ പ്രത്യക്ഷപ്പെട്ടിട്ടുള്ളു. ദേവ സന്ദേശവാഹി കളായ മാലാഖമാർ സാർവ്വത്രികമായി ബഹുമാനിക്ക പ്പെടുന്നു.

ദൈവദൂതന്മാർ രക്ഷ പ്രാപിപ്പാനുള്ളവരുടെ ശു ശ്രൂഷയ്ക്കു് അയയ്ക്കപ്പെട്ടവരാണ്. ക്രിസ്തു പിതാവായ ദൈവത്തിന്റെ പ്രതീകമാണ്. മനുഷ്യൻ ദൈവത്തി ന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മഹത്തായ സൃഷ്ടി യാണ്. മനുഷ്യാത്മാക്കളും ദൂതന്മാരും തമ്മിൽ വ്യത്യാ സമുണ്ട്. ദൂതന്മാർ പുത്രനായ ക്രിസ്തുവിനെ വന്ദിക്കുന്നു. മരണാനന്തരം മനുഷ്യൻ ദൂതനായി രൂപാന്തരപ്പെടു ന്നില്ല. അധികാരത്തിലും ശക്തിയിലും മാലാഖമാർ ഉന്നതസ്ഥാനം അലങ്കരിക്കുന്നു. മനുഷ്യനെ ദൂതന്മാരേ ക്കാൾ അല്പം മാത്രം താഴ്ത്തി സൃഷ്ടിച്ചിരിക്കുന്നു.

തേജസ്സും ബഹുമാനവും അവനെ അണിയിച്ചിട്ടുണ്ട്. ക്രൂശിലെ മരണത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷ സമ്പാദിക്കുവാൻ ക്രിസ്തുവിനെ അല്പ കാലത്തേയ്ക്കു് ദൂതന്മാരേക്കാൾ അല്പം താഴ്ത്തിയതായി കാണാം. ശുഭ്ര വസ്ത്രധാരികളായ മാലാഖമാർക്ക് വർണ്ണശബളമായ ചിറകുകളുണ്ട്.

## മീഖായേൽ.

ദൈവത്തിന്റെ സന്ദേശവാഹകരിൽ പ്രഥമഗണനീയമായ സ്ഥാനമാണു് മീഖായേൽ മാലാഖ അലങ്കരിക്കുന്നതു്. മീഖായേൽ എന്ന പദത്തിന്റെ അർത്ഥം ദൈവ സദൃശ്യൻ എന്നാണു്. യഹൂദജനതയുടെ കാവല്ക്കാരനായി മീഖായേൽ ദൂതൻ കരുതപ്പെടുന്നു. ക്രൈസ്തവ സഭയിലെ വിശ്വാസികളായ വീരന്മാരുടെ ധീര സൈന്യാധിപനായി സമരം ചെയ്യുന്ന പ്രധാന ദൂതനാണിതു്. സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായപ്പോൾ മീഖായേൽ തന്റെ ദൂതന്മാരോടുകൂടി സാത്താനായ മഹാസർപ്പത്തോടു് സുധീരം പടവെട്ടി വിജയശ്രീലാളിതനായിത്തീർന്നു. ദൈവം മീഖായേലിനു് വളരെയധികം പദവികൾ പ്രദാനം ചെയ്തിട്ടുണ്ട്. കർത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനത്തിൽ സ്വർഗ്ഗീയദൂതസൈന്യത്തിനു് നേതൃത്വം നല്കുന്ന മീഖായേൽ കാഹളം ഊതുമ്പോൾ മരിച്ചു വിശ്രമിക്കുന്ന വിശ്വാസികൾ ഉയർത്തെഴുന്നേല്ക്കും. കർത്താവുതാൻ ഗംഭീര നാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങിവരികയും ക്രിസ്തു

വിൽ മരിച്ചവർ മുമ്പെ ഉയത്തെഴുന്നേല്ക്കുകയും ചെയ്യും. (1 തെസ്സ. 4: 16)

സ്വർഗ്ഗത്തിലെ അഥിതികളെ സ്വീകരിച്ചു സല്ക്കരിക്കുന്ന പദവിയും മീഖായേലിന്റെ ജോലിയിൽ ഉൾപ്പെടുന്നു. യുവകോമളനായ ഈ മാലാഖക്ക് പറക്കുവാൻ ചിറകുകളുണ്ട്. പ്രധാന സൈന്യാധിപൻ എന്ന നിലയിൽ മൂർച്ച്യേറിയവാളും, കുന്തവും, പരിചയും ധരിച്ചിട്ടുണ്ട്. അതിദീപ്തിയാൽ കണ്ണഞ്ചിപ്പിക്കുന്ന വസ്ത്രവും നവരത്നക്കല്ലുകൾ പതിച്ചിട്ടുള്ള സ്വർണ്ണ കിരീടവും അണിഞ്ഞിരിക്കുന്നു. മീഖായേൽ മാലാഖയുടെ മധുര കാഹളദ്ധ്വനി ശ്രവിച്ച് ഉയിത്തെഴുന്നേല്ക്കുന്ന സുദിനം ആഗ്രഹിക്കത്തക്കതല്ലേ?

“പ്രധാന ദൂതനായ മീഖായേൽ മോശയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് തക്കിച്ചു വാദിച്ചു.” (യൂദാ.9) പാർസി രാജ്യത്തിൻെറ പ്രഭുവിനെ തോല്പിക്കുവാൻ പ്രധാന പ്രഭുക്കന്മാരിൽ ഒരാളായ മീഖായേൽ ദാനിയേലിനെ സഹായിച്ചു.

ആത്മാക്കളെ തൂക്കി വിധിനിർണ്ണയിക്കുന്ന ചുമതല മീഖായേൽ മാലാഖയിൽ നിക്ഷിപ്തമായിരിക്കുന്നു എന്ന് ചിത്രീകരിക്കുന്നതിന് മീഖായേൽ തുലാസ് പിടിച്ചിരിക്കുന്ന ചില ചിത്രങ്ങളുണ്ട്. തുലാസിൽ നിന്നെ തൂക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു.” (ദാനി. 5: 27.) വിശ്വാസികളുടെ മരണ സമയത്തു സാത്താനുമായി സമരം ചെയ്തു വിശ്വാസിയുടെ ആത്മാവിനെ സംരക്ഷിക്കുന്നതും പ്രധാന ദൂതനായ മീഖായേൽ ആണ്. അന്ധകാര

Jawahar Balbhavan & Children's Library,
KOTTAYAM.



പ്രഭുവിൻെറ അധികാരത്തെയും, അനീതിയുടെയും, അക്രമത്തിൻെറയും നീചവാഴ്ചയെയും സുധീരം വെല്ലുവിളിച്ചുകൊണ്ടു് നന്മയുടെ നിറകുടമായി പ്രവർത്തിക്കുന്ന രക്ഷാദൂതനാണു് മീഖായേൽ.

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യജാതി അഥവാ ക്രൈസ്തവസഭയിലെ വിശ്വാസിനീവിശ്വാസികൾ ലോകത്തിൽ ദൈവദൂതന്മാരുടെ സ്ഥാനം അലങ്കരിക്കണം. ക്രൈസ്തവസഭയിലെ നേതാക്കന്മാർ പ്രധാന ദൂതന്മാരുടെ സ്ഥാനത്തു് സജീവമായി പ്രവർത്തിക്കേണ്ടവരാണു്. മീഖായേൽ മാലാഖയെപ്പോലെ നീതിക്കുവേണ്ടി സമരകാഹളം ഊതുവാൻ ചങ്കുറപ്പുള്ള ദൈവദൂതന്മാർ എഴുന്നേൽക്കണം. ക്രൈസ്തവസഭയിലും ക്രൈസ്തവസ്ഥാപനങ്ങളിലും ഇന്നു നാം ദർശിക്കുന്ന സ്വാർത്ഥതാല്പര്യങ്ങളും അഴിമതികളും മീഖായേൽ ദൂതനെ ഞെട്ടിപ്പിക്കുകയില്ലേയെന്നു് സംശയിക്കുന്നു.

## ഗബ്രിയേൽ

വിശുദ്ധന്മാർ എന്ന നാമത്തിനു് അവകാശികളായ മൂന്നു പ്രധാന ദൂതന്മാരിൽ ഒരാളാണു് ഗബ്രിയേൽ. ഗബ്രിയേൽ എന്ന പേരിൻെറ അർത്ഥം 'ദൈവം എൻെറ ബലം' എന്നാണു്. ദൈവപുത്രനായ ക്രിസ്തുവിൻെറ തിരുവവതാരം ക്രമീകരിക്കുന്നതിനു് പിതാവായ ദൈവം നിയോഗിച്ച ദൈവദൂതനാണു് ഗബ്രിയേൽ. ദിവ്യശിശുവിൻെറ ജനനവാർത്ത ആട്ടിടയരെ അറിയിച്ചതും ഗബ്രിയേൽ ദൂതൻ തന്നെ. മിസ്രയീമിലേയ്ക്കു് ഓടിപ്പോയി രക്ഷപ്രാപിപ്പാൻ യോസേഫിനെ മുന്നറിയിച്ചു്, പുണ്യശിശുവിനേയും മാതാവിനേയും രക്ഷിക്കുന്നതിനും ഗബ്രിയേൽ നേതൃത്വം നല്കി. മനുഷ്യവർഗ്ഗത്തിൻെറ വീണ്ടെടുപ്പിനുവേണ്ടി താൻ അക്ഷീണപരിശ്രമം ചെയ്യുന്നുണ്ടു്. ദാനിയേൽ പ്രവാചകനു് എഴുപതു ആഴ്ചത്തെ പ്രവചനം നൽകുന്നതിനു് നേതൃത്വംകൊടുത്തതു് ഗബ്രിയേലാണു്. ക്രൈസ്തവസഭാഭണ്ഡാരത്തിൻെറ രക്ഷാധികാരിയായും ഗബ്രിയേൽ

പ്രവത്തിക്കുന്നു. വണ്ണശബളവും വിശാലസുന്ദരവുമായ ചിറകുകരം വിടത്തി രാജകീയമുഖഭാവത്തോടുകൂടി അനുഗ്രഹിക്കുന്നതിന് ഉയത്തപ്പെട്ട കരങ്ങളോടുകൂടിയാണ് ഗബ്രിയേൽ നിലകൊള്ളുന്നതു്. യഹൂദന്മാരെ അവരുടെ അടിമത്തത്തിൻെറ ശൃംഖലയിൽനിന്നും വിമോചിപ്പിക്കുക, സഖറിയാസ്സ് ദേവാലയത്തിൽവച്ച് പ്രത്യക്ഷനാകുക, ലില്ലിപുഷ്പവുമേന്തി കന്യകമേരിക്ക് പ്രത്യക്ഷപ്പെടുക ഇവയെല്ലാം ഗബ്രിയേലാണ് ചെയ്യുന്നതു്. സദ്വത്തമാനവുമായി സമീപിക്കുന്ന ഗബ്രിയേൽ ദൂതനെ അഭിമുഖമായി കാണുന്ന സുദിനം ഭാഗ്യമേറിയതല്ലേ?

## റാഫേൽ

പ്രധാന ദൂതന്മാരിൽ ഒരാളാണ് ''റാഫേൽ''. ''റാഫേൽ'' എന്ന നാമത്തിനു 'ദൈവത്തിൻെറ ഔഷധം' എന്നാണ് അത്ഥം. രക്ഷാധികാരിയായ റാഫേൽ സവ്വ ദൂതന്മാരുടെയും നേതാവും നല്ലയാളുകളുടെ ഉത്തമസുഹൃത്തും ആണ്. അവശരും അശരണരുമായവരുടെ സുഹൃത്താണ് റാഫേൽ. പരദേശിമോക്ഷയാത്രക്കാരൻെറ വേഷത്തിലാണ് റാഫേലിനെ ചിത്രീകരിച്ചിട്ടുള്ളതു്. ഭയം നീക്കി സമാധാനസന്ദേശം നൽകുന്ന ജോലിയാണ് റാഫേൽ നിവ്വഹിക്കുക.

## ഉറിൽ

അധികം സുപരിചിതനല്ലാത്ത ഒരു ദൂതനാണ് ഉറിൽ. പ്രസ്തുത നാമത്തിൻെറ അത്ഥം 'ദൈവത്തിൻെറ പ്രകാശം' എന്നാണ്. ഉറിൽ എന്ന ദൈവദൂതനെ സംബന്ധിച്ചുള്ള പുരാതന ഐതിഹ്യം രസകരമാണ്. യേശുക്രിസ്തുവിൻെറ ഉയിത്തെഴുന്നേല്പിനു ശേഷം എമ്മവൂസിലേക്കു പോയ ശിഷ്യന്മാക്കു ക്രിസ്തു പ്രത്യക്ഷപ്പെട്ടപ്പോരം ക്രിസ്തുവിൻെറ സ്ഥാനാപതിയായി സേവനം അനുഷ്ഠിച്ചതു് ഉറിൽ ദൂതനായിരുന്നു എന്നു് കരുതപ്പെടുന്നു.

ദൂതന്മാക്കും പരിശുദ്ധന്മാക്കും അവരവരുടേതായ സ്ഥാനങ്ങറം സഭ കൊടുക്കുന്നുണ്ട്. പക്ഷേ ദൈവപുത്രനെക്കാറം ഉപരിയായ സ്ഥാനം ആരും ദൂതന്മാക്കു കൊടുക്കുകയോ അവരെ ആരാധിക്കുകയോ ചെയ്യുന്നില്ല. ക്രൈസ്തവസഭയിലെ വിശ്വാസികളും ദൈവദൂതന്മാരുടെ പ്രതീകങ്ങളായിരിക്കണം.

## ദൈവദൂതന്മാർ ഒററനോട്ടത്തിൽ

ദൈവദൂതന്മാർ ദൈവത്തിൻെറ സന്ദേശവാഹികളാണ്. സദാ സദ്വത്തമാനം വിളിച്ചറിയിക്കുന്നവർ. സ്വർഗ്ഗീയദൂതസൈന്യം എണ്ണമില്ലാത്ത രീതിയിലുണ്ട്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ദൂതന്മാരുണ്ട്. സ്വർഗ്ഗസിംഹാസനത്തിനു ചുററും ശുശ്രൂഷചെയ്യുന്ന ദൂതന്മാരിൽ കാഹളം ഊതുന്ന ഏഴു ദൂതന്മാരെ സംബന്ധിച്ച് വെളിപ്പാടു പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നു. മീഖായേൽ, ഗബ്രിയേൽ, റാഫേൽ, ഉറിൽ എന്നീ നാലു പ്രധാന ദൂതന്മാരുടെ പേരുകറം പ്രത്യേകം എടുത്തുപറയുന്നു. എബ്രായ പാരമ്പര്യം അനുസരിച്ച് മാലാഖമാർ ദൈവസിംഹാസനത്തിൻെറ അംഗരക്ഷകരാണ്. സംഗീത ഉപകരണങ്ങളോടുകൂടി സ്വർഗ്ഗത്തിൽ രാപകൽ സംഗീതം ആലപിക്കുന്ന മാലാഖമാരുണ്ട്. മേൽപറഞ്ഞ നാലു പ്രധാന ദൂതന്മാരിൽ ആദ്യത്തെ മൂന്നു ദൂതന്മാർ വിശുദ്ധ ഗണത്തിൽ ഉറംപ്പെടുന്നു. ദൈവദൂതന്മാക്കു പറക്കുന്നതിനു് വണ്ണശബളമായ ചിറകുകളുണ്ട്. ദൂതന്മാർ അപാർസൗന്ദര്യമുള്ളവരാണ്. ദൈവദൂതന്മാക്ക് സ്ത്രീപുരുഷ വ്യത്യാസമില്ല. അവർ വിവാഹം ചെയ്യുന്നില്ല. നിത്യജീവിതത്തിലേയ്ക്കു പ്രവേശിച്ചിട്ടുള്ള ദൂതന്മാർ മരിക്കുന്നില്ല. തിരുസന്നിധിയിൽ കാഹളനാദം മുഴക്കി ആനന്ദത്തിൻെറ സംഗീതം ആലപിക്കുന്ന ശുഭ്രവസ്ത്രധാരികളാണിവർ. അനുസരണക്കേടു കാണിച്ച ദൂതന്മാരെ സ്വർഗ്ഗത്തിൽനിന്നും നീക്കംചെയ്തു. ദുഷ്ടാത്മാക്കളെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയുന്ന പ്രവത്തനവും ദൂതന്മാർ ചെയ്യുന്നു. തികച്ചും ഭക്തിനിർ

ഭരമായ അന്തരീക്ഷത്തിൽ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു സദാ ആർത്തുപാടുന്നവരാണു് മാലാഖമാർ.

## ദൈവദൂതന്മാർ പഴയനിയമത്തിൽ

പഴയനിയമത്തിൽ പല ഭാഗങ്ങളിലും ദൈവദൂതന്മാരുടെ സേവനങ്ങരം രേഖപ്പെടുത്തിയിട്ടുണ്ടു്. സാറായുടെ ദാസിയായ 'ഹാഗാറെ' യഹോവയുടെ ദൂതൻ അനുഗ്രഹിച്ചു മരുഭൂമിയിൽ നിന്നും വിമോചിപ്പിച്ചു. യിസ്ഹാക്കിൻെറ ജനനത്തെ സംബന്ധിച്ചു ദൂതൻ അബ്രാമിനു മുന്നറിപ്പുനല്കി. സോദോമിൻെറയും ഗോമ്മോരയുടെയും നാശത്തെക്കുറിച്ചു ദൂതന്മാർ പ്രവചിച്ചു. സൊദോമിനെ നശിപ്പിച്ചു ലോത്തിനെ രക്ഷിക്കുന്നു. യിസ്ഹാക്കിനെ വെട്ടി ബലികഴിക്കുന്നതിനു് ഒരുങ്ങിയ അബ്രഹാമിനെ ദൂതൻ നിരോധിക്കുന്നു. ഭൂമിയിൽനിന്നും സ്വർഗ്ഗത്തോളം എത്തിയ ഗോവേണിയിലൂടെ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന യാക്കോബിൻെറ ദർശനവും ശ്രദ്ധേയമാണു്. അഗ്നിജ്വാലയിലൂടെ യഹോവയുടെ ദൂതൻ മോശയ്ക്കു പ്രത്യക്ഷനായി. യിസ്രായേല്യസൈന്യത്തെ അത്ഭുതമായി വഴിനടത്തിയ ദൈവദൂതനെ വിസ്മരിക്കുവാൻ സാദ്ധ്യമല്ലല്ലൊ. യിസ്ഹാക്കിൻെറയും റിബേക്കയുടെയും വിവാഹം ദൈവദൂതൻ ക്രമീകരിച്ചു നടത്തി. ആധുനികയുഗത്തിലെ വിവാഹങ്ങളും ദൈവദൂതന്മാരുടെ നടത്തിപ്പിൽ നടന്നിരുന്നെങ്കിൽ! ബിലിയാമിനെ ദൂതൻ തർജ്ജനം ചെയ്തു. യഹോവയുടെ സൈന്യാധിപനായ ദൂതൻ യോശുവായ്ക്കു് പ്രത്യക്ഷനായി. വിഗ്രഹങ്ങരംക്കു് എതിരായി യഹൂദജനതയെ ദൈവദൂതൻ ശാസിക്കുന്നു. ഫെലിസ്ത്യരെക്കൊണ്ടു് യിസ്രയേല്യരെ നശിപ്പിക്കുന്നു. ചൂരച്ചെടിയുടെ തണലിൽ നിന്നും ഏലിയാവിനെ തട്ടിയുണർത്തിയതും ദൂതനാണു്. ക്രൂരസിംഹങ്ങളുടെ വായിൽ നിന്നും ദൂതൻ ദാനിയേലിനെ രക്ഷിച്ചു. ദൈവഭക്തന്മാക്കു ചുററും യഹോവയുടെ ദൂതന്മാർ പാളയമിറങ്ങി അവരെ വിടുവിക്കുന്നു എന്നുള്ളസങ്കീർത്തനക്കാരൻെറ അനുഭവസാക്ഷ്യം നമുക്കു ധൈര്യം നൽകുന്നുണ്ടു്.

## മാലഖമാർ പുതിയ നിയമത്തിൽ

യോഹന്നാൻ സ്നാപകൻെറ ജനനത്തെ സംബന്ധിച്ചു സഖറിയാ പുരോഹിതനെ ദൈവദൂതൻ അറിയിച്ചു. കൃപ ലഭിച്ചവളെ എന്നു് കന്യകമേരിയെ ദൂതൻ അഭിസംബോധന ചെയ്തു് ലോകരക്ഷകൻെറ തിരുവവതാരത്തെ പ്രഖ്യാപിക്കുന്നു, യോസേഫിനെയും ദൈവ ദൂതനാണു് സുവാത്ത അറിയിച്ചതു്. ആട്ടിടയരെ വിളിച്ചുണത്തി സദ്വാത്തമാനം.വിളംബരം ചെയ്തതും ദൈവദൂതൻതന്നെ. ''അത്യുന്നതങ്ങളിൽ ദൈവത്തിനു് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യക്കു് സമാധാനം'' എന്ന ആദ്യത്തെ ക്രിസ്മസ്സു് മധുരഗാനം ആലപിച്ചതു് ദൈവദൂത സൈന്യമാണു്. യേശുവിൻെറ പരീക്ഷയുടെ സമയത്തു ദൂതൻ യേശുവിനെ ശുശ്രൂഷിച്ചു. ഗത്സമനയിലെ അതിവേദനയുടെ സമയത്തും യേശുവിനെ ദൈവദൂതൻ വന്നു് ശുശ്രൂഷചെയ്തു. മാലാഖമാർ കത്താവിൻെറ ശവകുടീരത്തിലെ കല്ലു് ഉരുട്ടിനീക്കി. ദൈവപുത്രൻെറ ഉയിത്തെഴുന്നേല്പിൻെറ ദിവ്യസന്ദേശം സ്ത്രീകളോടു് അറിയിക്കുന്നതിനും ദൈവദൂതന്മാർ നിയമിതരായി. ലാസർ എന്ന ദരിദ്രൻ മരിച്ചപ്പോഠം ദൈവദൂതന്മാർഅവനെ എടുത്തു് അബ്രഹാമിൻെറ മടിയിലിരുത്തി. ചെറുപൈതങ്ങളുടെ പരിചാരകന്മാരായി ചെറുമാലാകമാരെ ആക്കിയിട്ടുണ്ടു്. പാപികളുടെ മാനസാന്തരത്തിൽ സ്വഗ്ഗീയദൂതഗണം ആഹ്ളാദിക്കുന്നു. പീഡനത്തിൻെറ സമയത്തു അപ്പൊസ്തലന്മാരെ കാരാഗൃഹത്തിൻെറ വാതിലുകഠംതുറന്നു്, ദൈവദൂതന്മാർ രക്ഷിക്കുന്നു. പൗലോസു്, ഫിലിപ്പൊസു് മുതലായവരെ ദൂതന്മാർ അനേകപ്രാവശ്യം രക്ഷിച്ചു സഹായിച്ചിട്ടുണ്ടു്. ദൈവദൂതന്മാരുടെ സേവനവും ശുശ്രൂഷയും ജീവിതവിശുദ്ധിയും അനുകരണീയം തന്നെ.

# 4. അത്തിവൃക്ഷം തളിർത്തു



''അത്തിയെ നോക്കിഒരു ഉപമ പഠിപ്പിൻ. അതിൻെറ കൊമ്പിളതായി ഇല തളിർക്കമ്പോഠം വേനൽ അടുത്തു എന്നു് നിങ്ങഠം അറിയുന്നുവല്ലോ. അങ്ങനെ നിങ്ങഠം ഇതൊക്കെയും കാണുമ്പോഠം അവൻ അടുക്കെ വാതില്ക്കൽ തന്നെ ആയിരിക്കുന്നു എന്നു് അറിഞ്ഞുകൊഠംവിൻ'' മത്താ· 24. 32–33.

അത്തിവൃക്ഷം യഹൂദജനതയെ ആവിഷ്ക്കരിക്കുന്നു. പലസ്തീൻ നാട്ടിലെ സുപ്രധാന വൃക്ഷങ്ങളിലൊന്നായ അത്തിവൃക്ഷത്തെ ബൈബിളിൽ പലടത്തും യഹൂദരാഷ്ട്രത്തോടു താരതമ്മ്യപ്പെടുത്തിയിട്ടുണ്ടു്. റോസാച്ചെടി ഇംഗ്ലണ്ടിനെയും, ഞെരിഞ്ഞിൽ സ്കോട്ടു്ലണ്ടിനെയും, മാതളനാരകം സ്പെയിനിനേയും സൂചിപ്പിക്കുന്നതുപോലെ അത്തി സദാ യഹൂദന്മാരുടെ ചിഹ്നമായികരുതപ്പെടുന്നു. ക്രിസ്തു അത്തിവൃക്ഷത്തെ ശപിച്ചസംഭവം, യഹൂദന്മാരെ ശപിച്ചതായും, അത്തിഉണങ്ങുന്നതു് യഹൂദരാഷ്ട്രത്തിൻെറ നാശത്തെയും വിളിച്ചറിയിക്കുന്നു. ദൈവത്തിൻെറ ജനമായ ഇസ്രായേൽ ബാഹ്യമായി തളിർത്തിരുന്നെങ്കിലും ആദ്ധ്യാത്മികഫലം ഇല്ലായിരുന്നു.

ആധുനികയുഗത്തിൽ ജറുശലേം നഗരത്തിൽ യഹൂദന്മാർ അവരുടെ രാഷ്ട്രം പുന:സ്ഥാപിച്ച മഹൽ സംഭവം അത്തിവൃക്ഷം വീണ്ടും തളിർത്തതിനെ പ്രഖ്യാപിക്കുന്നു.

രാജാധിരാജനായ ക്രിസ്തുവിൻെറ പുനരാഗമനത്തെ തിട്ടക്കപ്പെടുത്തുന്ന ഒരു അതുല്യനാഴികക്കല്ലാണിതു.

ജീവനുള്ള സത്യേകദൈവത്തെ ആരാധിക്കുന്നതിനു വേണ്ടി ദൈവം മുൻകൂട്ടിത്തെരഞ്ഞെടുത്ത യിസ്രായേൽ ജാതി ബാഹ്യമായിമാത്രം പുഷ്ടിപ്രാപിക്കുകയും ആദ്ധ്യാത്മികഫലം വിളയിക്കാതെയുമിരുന്നതിൽ ദൈവം യഹൂദന്മാരെ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും ചിതറിച്ചുകളഞ്ഞു. യഹോവ ദൈവം എന്നു് അവർ അറിയുന്ന വേനല്ക്കാലസമയമാണിതു്. അത്തിവൃക്ഷം തളിർക്കുന്നു. ഉണങ്ങിയ അസ്ഥികൾ സജീവങ്ങളായിത്തീർന്നു.

## വഴിയരികിലെ അത്തിവൃക്ഷങ്ങൾ

അത്തി, ഒലിവ്, മുന്തിരി, മുതലായവ പലസ്തീൻ നാട്ടിലെ സുപ്രധാന വൃക്ഷലതാദികളിൽ ചിലതാണു്. പലസ്തീൻ നാട്ടിലെ പൊതുനിരത്തുകളുടെ അരികുകളിൽ അത്തിവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന രീതിയുണ്ടു്. റോഡരികുകളിലെ ഫലവൃക്ഷങ്ങളിലെ ഫലങ്ങൾ വഴിയാത്രക്കാക്കും, ദരിദ്രന്മാക്കുംവേണ്ടി വേർതിരിച്ചിരിക്കുന്ന പ്രത്യേക അവകാശമാണു്. സ്വാഭാവികമായി വളന്നതും അജ്ഞാത മിത്രങ്ങൾ നട്ടുവളത്തിയതുമായ അത്തിവൃക്ഷങ്ങൾ പൊതുസ്വത്തായി പരിഗണിക്കപ്പെടുന്നു. അത്തിവൃക്ഷം നില്ക്കുന്ന സ്ഥലത്തിൻെറ ജന്മി വേറെ ആൾ ആയിരുന്നാൽ തന്നെ വൃക്ഷത്തിൻെറ അവകാശം അതു നട്ട ആളിൻേറതായിരിക്കും. വൃക്ഷം നട്ടുപിടിപ്പിച്ച ആളിൻെറ അവകാശം നഷ്ടപ്പെടുമ്പോൾ അതു പൊതുസ്വത്തായിത്തീരുന്നു. പലസ്തീൻ നാട്ടിലെ റോഡരികിലുള്ള വൃക്ഷങ്ങളിൽ ഫലം തേടിക്കൊണ്ടുള്ള ദീർഘയാത്ര സവ്വസാധാരണമായിരുന്നു വൃക്ഷങ്ങളിൽനിന്നും സവ്വസ്വാതന്ത്ര്യമായി ഫലങ്ങൾ പറിച്ചു ഭക്ഷിക്കുന്നതോടൊപ്പം തന്നെ സഞ്ചികളിലാക്കി വീടുകളിൽ കൊണ്ടുപോകുന്നരീതിയും ഉണ്ടായിരുന്നു. വഴിയരികുകളിലെ വൃക്ഷങ്ങൾ പൊതുസ്വത്തായിരുന്നതുകൊണ്ടു് പഴുത്തു പാകമായ ഫലങ്ങൾ അതിൽ വളരെ വിരളമായി മാത്രമേ അവശേഷിച്ചിരുന്നുള്ളു.

ഫലത്തിൻെറ കാലമാകുമ്പോഠം ഫലവൃക്ഷങ്ങളിൽ ഇല മാത്രം അവശേഷിക്കുക സാധാരണ സംഭവമായിരുന്നു.

## ഇലയുള്ളോരു അത്തിവൃക്ഷം

അത്തിവൃക്ഷം തളിത്തു് ഇലകഠം പ്രത്യക്ഷപ്പെടുന്നു. വേനൽക്കാലത്തു തന്നെ അതിൽ ഫലവും ഉണ്ടാകുന്ന രീതിയാണുള്ളതു്. അത്തിവൃക്ഷത്തിൽ ഇലയോടുകൂടി ഫലവും ഉണ്ടാകുകയും ഫലം പഴുത്തു പാകമാകുമ്പോഠം ഇലയും വാടിക്കരിയുകയും ചെയ്യുമായിരുന്നു. ബാഹ്യമായ ഇലകഠം അതിൻെറ ഫലത്തെയാണു് വിളിച്ചറിയിക്കുക.

യേശുക്രിസ്തു രാവിലെ ബഥാന്യയിൽ നിന്നും ജരുശലേമിലേക്കു പോകുമ്പോഠം വിദൂരത്തിൽ ഇലയുള്ളോരു അത്തിവൃക്ഷം കണ്ടു. ക്രിസ്തു സുപ്രതീക്ഷകളോടെ ഫലത്തിനുവേണ്ടി അത്തിവൃക്ഷത്തെ സമീപിച്ചു. പക്ഷേ അതിൽ ഇലകഠം മാത്രം അവശേഷിച്ചിരുന്നു. ഇലയുള്ളോരു അത്തിവൃക്ഷത്തിൻെറ ബാഹ്യപ്രകടനങ്ങളിൽ ക്രിസ്തു നിരാശാഭരിതനായി. തികച്ചും മാനുഷികമായ രീതിയിൽ പലസ്തീൻ നിട്ടിലെ രീതിയനുസരിച്ചു് ക്രിസ്തു അത്തിവൃക്ഷത്തെ ശപിച്ചു. ആത്മികഫലം വിളയിക്കാതെ ബാഹ്യമായുള്ള ആചാരാനുഷ്ഠാനങ്ങളിൽ മാത്രം സംതൃപ്തരായികഴിഞ്ഞിരുന്ന യഹൂദജനതതിയുടെ ഒരു യഥാൎത്ഥചിത്രമാണു് ഇലകഠം മാത്രമുള്ള അത്തിവൃക്ഷം ആവിഷ്ക്കരിക്കുന്നതു്. അത്തിവൃക്ഷത്തിൻെറഇലകളെ അതിജീവിക്കുന്ന ആത്മിക ഫലങ്ങളാൽ നാം അനുഗ്രഹീതരാകണം.

## ക്രിസ്തു അത്തിവൃക്ഷത്തെ ശപിക്കുന്ന പശ്ചാത്തലം

ദൈവശാസ്ത്രജ്ഞന്മാൎക്കു് ഇന്നും തലവേദനയുളവാക്കുന്ന ഒരു വലിയ മൎമ്മമാണു് ക്രിസ്തു ശപിച്ച അത്തി ഉണങ്ങിപ്പോയ സംഭവം. ഒരു പക്ഷേ അതു ശാസ്ത്രീയമായോ തത്വജ്ഞാനപരമായോ മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. പലസ്തീൻ നാട്ടിൽ ആളുകഠം നിരാശാഭരിത-

രാകുന്ന സന്ദർഭങ്ങളിൽ ശാപവാക്കുകൾ അഴിച്ചുവിടുന്ന രീതിയുണ്ട്. പലപ്പോഴും ശാപവാക്കുകൾ അക്ഷരംപ്രതി ഫലിക്കുന്നു. ഹൃദയാന്തർഭാഗത്തുനിന്നും പൊട്ടിവിടരുന്ന അനുഗ്രഹവാക്കുകൾക്കും ഫലപ്രാപ്തി സുനിശ്ചിതമായിത്തീരാറുണ്ടല്ലോ?

ദാഹിച്ചുവലഞ്ഞു തൊണ്ട ഉണങ്ങിവരുന്ന ആളുകൾ മധുരസ്വപ്നങ്ങളുമായി അരുവികളുടെ സമീപം ഓടി എത്താറുണ്ട്. വേനല്ക്കാലത്തെ എരിയുന്ന തീച്ചൂളയിൽ അരുവികൾ ചേററുകുഴികളായി മാത്രം രൂപമെടുക്കുമ്പോൾ 'ഇനി നിന്നിൽ നിന്നും ആരും വെള്ളം കുടിക്കാതവണ്ണം വരണ്ടുപോകട്ടെ' എന്നു് ശപിക്കാറുണ്ട്. ചിലപ്പോൾ അതു അപ്രകാരം സംഭവിക്കുകയും ചെയ്യുമായിരുന്നു. യേശുക്രിസ്തു വിശന്നു ക്ഷീണിച്ചു ഫലം തേടി അത്തിവൃക്ഷത്തെ സമീപിച്ചു. ഫലം കാണാതെ നിരാശാഭരിതനായ ക്രിസ്തു അത്തിവൃക്ഷത്തെ മനം നൊന്തു ശപിച്ചു. 'ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ' അതു് അക്ഷരംപ്രതി സംഭവിച്ചു. ഫലം വിളയിക്കാത്ത യഹൂദജാതിയുടെ നാശത്തെയാണു് പ്രസ്തുതസംഭവം വിളിച്ചറിയിച്ചതു്. ഫലത്തിൻെറകാലം അല്ലാത്തതുകൊണ്ടു് ഫലം ഇല്ലാതായിപ്പോയിയെന്നും, വഴിയാത്രക്കാർ നേരത്തെ ഫലം പറിച്ചുപോയതുകൊണ്ടു് അതു തീർന്നുപോയി എന്നും വ്യഖ്യാനിക്കുന്നുണ്ടു്.

അത്തിവൃക്ഷത്തിൽ അത്തിപ്പഴം ഉണ്ടാകയില്ല, (യിരമ്യ:8:13) അത്തിവൃക്ഷം തളിർക്കുകയില്ല ....എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും (ഹബ. 3:17) ഭക്ഷ്യക്ഷാമത്തിൻെറ പ്രതികൂല സാഹചര്യത്തിൽ പ്രവാചകൻ നിരാശപ്പെടാതെ യഹോവയിൽ ആനന്ദിക്കുന്ന അതുല്യവിശ്വാസം അനുകരണീയം തന്നെ.

## ഫലം കായ്ക്കാത്ത അത്തിവൃക്ഷത്തിൻെറ ഉപമ.

ഒരുത്തനു തൻെറ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നോരു അത്തിവൃക്ഷം ഉണ്ടായിരുന്നു....ഇല്ലെങ്കിൽ വെട്ടിക്കളയാം

എന്നു ഉത്തരം പറഞ്ഞു (ലൂക്കൊ. 13:9). പ്രസ്തുത ഉപമ ജറുശലേമിനോടുള്ള ദൈവത്തിൻെറ ദീർഘക്ഷമയെയും ആസന്ന ഭാവിയിൽ സമീപിക്കുന്ന ജറുശലേമിൻെറ നാശത്തെയും, വ്യക്തികൾക്കു് പൊതുവായുള്ള അപകടത്തെയും പ്രസ്താവിക്കുന്നു. ദീർഘക്ഷമയോടുകൂടി ആത്മികഫലത്തിനുവേണ്ടി കാത്തിരുന്നിട്ടും ഫലം വിളയിക്കാഞ്ഞാൽ ആ വൃക്ഷത്തെ വെട്ടി നശിപ്പിച്ചുകളയുന്നു. പ്രസ്തുത ഉപമയുടെ വെളിച്ചത്തിൽ യേശുക്രിസ്തു അത്തിയെ ശപിക്കുന്ന സംഭവം ചിന്തിക്കേണ്ടതാണു്.

## അത്തിപ്പഴത്തെക്കുറിച്ചുള്ള ദർശനം

യഹോവ എന്നെ രണ്ടു കൊട്ട അത്തിപ്പഴം യഹോവയുടെ മന്ദിരത്തിനു മുമ്പിൽ വച്ചിരിക്കുന്നതു കാണിച്ചു. (യിരെ.24:1–8) നല്ല അത്തിപ്പഴം നല്ല ആളുകളെ പ്രതിനിധീകരിക്കുന്നു. ബി. സി. 597–ൽ ബാബിലോണിലേക്കു പിടിച്ചുകൊണ്ടുപോയ യഹൂദബദ്ധന്മാരെയും യെഹെസ്കിയേൽ, ദാനിയേൽ എന്നീ പ്രവാചകന്മാരെയും ആണു് നല്ല അത്തിപ്പഴം സൂചിപ്പിക്കുന്നതു്. ചീത്ത അത്തിപ്പഴം സൂചിപ്പിക്കുന്നതു് യഹൂദാരാജാവിനെയാണു്.

## അത്തിയില പാപത്തിൻെറ ചിഹ്നം

ഉടനെ ആദാമിൻെറയും ഹവ്വായുടെയും കണ്ണുതുറന്നു. തങ്ങൾ നഗ്നരെന്നു് അറിഞ്ഞു. അത്തിയില കൂട്ടിത്തുന്നി തങ്ങൾക്കു് അരയാട ഉണ്ടാക്കി (ഉല്പ.3;7). പ്രസ്തുത വാക്യത്തിൻെറ വെളിച്ചത്തിൽ അത്തിയില ആദാമിൻെറയും ഹവ്വായുടെയും അനുസരണക്കേടിൻെറയും പാപത്തിൻെറയും ചിഹ്നമായി ചിത്രീകരിച്ചിട്ടുണ്ടു്. ആപ്പിൾ വൃക്ഷത്തിനു പകരം ഏദൻ തോട്ടത്തിലെ അറിവിൻെറ വൃക്ഷമായും അത്തിയെ കരുതാറുണ്ടു്. അത്തിവൃക്ഷത്തിനു് ആയിരമായിരം വിത്തുകളുള്ളതുകൊണ്ടു് അത്തിവൃക്ഷത്തെ സമൃദ്ധിയുടെ ചിഹ്നമായും ചിത്രീകരിച്ചിരിക്കുന്നു.

ഉൽകൃഷ്ട കാഴ്ചവസ്തുവായും അത്തിപ്പഴം ഉപയോഗിച്ചിട്ടുണ്ടു്. അബീഗയിൽ ഇരുനൂറു് അത്തിയട ദാവീദിനു് കാഴ്ചവെച്ചു'. (1. ശമു. 25; 13)

അത്തിപ്പഴം രോഗശമനത്തിനു വേണ്ടി യെശയ്യാപ്രവാചകൻ ഉപയോഗിച്ചു ''പിന്നെ യെശയ്യാവു ഒരത്തിപ്പഴക്കട്ട കൊണ്ടുവരുവീൻ എന്നു് പറഞ്ഞു. അവർ അതു കൊണ്ടുവന്നു പരുവിന്മേൽ വെച്ചു. ഹിസ്കീയാവിനു് സൗഖ്യം വന്നു.'' (2 രാജാ. 20. 7)

അത്തിവൃക്ഷത്തെ വൃക്ഷങ്ങളുടെ രാജാവാക്കാൻ ശ്രമിച്ച ഒരു പുരാതന കഥയുണ്ടു്. 'പിന്നെ വൃക്ഷങ്ങൾ അത്തിവൃക്ഷത്തോടു് നീ വന്നു് ഞങ്ങൾക്കു രാജാവായിരിക്കുക എന്നു പറഞ്ഞു' (ന്യായാ. 9:10)

## അത്തിവൃക്ഷച്ചുവട്ടിലെ നഥാനിയേൽ

നഥാനിയേൽ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്നു് യേശുപറഞ്ഞു. അത്തിപ്രഭുക്കന്മാരെയും ജറുശലേമിലെ ശേഷിപ്പിനെയും മിസ്രയിം ദേശത്തു പാർക്കുന്നവരെയും പ്രതിനിധീകരിക്കുന്നു. ദൈവത്തിൻെറ ജനം നല്ല അത്തിപ്പഴം വിളയിക്കേണ്ടതാണു്. ദൈവത്തിൻെറ കല്പന അനുസരിക്കാത്തവരെ ചീത്ത അത്തിപ്പഴത്തോടു ഉപമിച്ചിരിക്കുന്നു. (യിരെ. 27:19) ''അത്തിയുടെ കീഴിൽ വെച്ചു്'' (യോഹാ 1:48) പലസ്തീൻ നാട്ടിലെ ഒരു ശൈലിയാണിതു്. ബാല്യകാലത്തു് കുട്ടികൾ അത്തിയുടെ ശീതളഛായയിൽ ഇരുന്നു് കളിക്കും. അത്ര ചെറുപ്പത്തിൽ നാഥാനിയേൽ അത്തിയുടെ കീഴിൽ ഇരുന്നു കളിക്കുന്ന പ്രായത്തിൽത്തന്നെ ക്രിസ്തു അവനെ അറിഞ്ഞിരുന്നു.

## നാശത്തെ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ

അത്തിവൃക്ഷം പെരുങ്കാററുകൊണ്ടു കുലുങ്ങീട്ടു കായു് ഉതിക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു: (വെളി. 6:13)

'ജാതികൾ യിസ്രായേൽ ഗൃഹത്തിൻെറ മുന്തിരിവള്ളികളെയും അത്തിവൃക്ഷങ്ങളെയും തിന്നുകളയും' (യിരെ. 5:17) 'ഇതു എൻെറ ജാരന്മാർ എനിക്കുതന്ന സമ്മാനങ്ങൾ എന്നു അവൾ പറഞ്ഞു മുന്തിരിവള്ളികളെയും അത്തിവൃക്ഷങ്ങളെയും ഞാൻ നശിപ്പിച്ചു കാടാക്കും; (ഹോശെ 2:12).

നിങ്ങളുടെ തോട്ടങ്ങളെയും മുന്തിരിപ്പറമ്പുകളെയും അത്തിവൃക്ഷങ്ങളെയും ഒലിവുവൃക്ഷങ്ങളെയും പലപ്പോഴും തുള്ളൻ തിന്നുകളഞ്ഞു' (ആമോ. 4:9). നിൻെറ കോട്ടകാം കുലുക്കിയാൽ വീഴുന്ന തലപ്പഴത്തോടുകൂടിയ അത്തിവൃക്ഷങ്ങാം പോലെയാകും (നഹൂം 3:12). യഹോവ മിസ്രയീമ്യരുടെ മുന്തിരിവള്ളികളെയും അത്തിവൃക്ഷങ്ങളെയും നശിപ്പിച്ചു. ജാതികാം എൻെറ മുന്തിരിവള്ളികളെ ശൂന്യമാക്കി എൻെറ അത്തിവൃക്ഷത്തെ ഒടിച്ചുകളഞ്ഞു (യോവേൽ 1:7). മുന്തിരി വള്ളിവാടി, അത്തിവൃക്ഷം ഉണങ്ങി. (യേവേൽ 1:12)

## നല്ലഫലം കായ്ക്കുന്ന അത്തിവൃക്ഷം

'ഞെരിഞ്ഞിലുകളിൽ നിന്നു് അത്തിപ്പഴം പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു (മത്താ 7:16) അത്തിവൃക്ഷം ഒലിവുഫലവും മുന്തിരിവള്ളി അത്തിപ്പഴവും കായ്ക്കുമോ (യാക്കോ:3:12). യഹോവ യിസ്രായേൽ ജാതിയെ അത്തിവൃക്ഷത്തിൻെറ ആദ്യം ഉണ്ടായ തലക്കനി പോലെ ചിത്രീകരിച്ചിരിക്കുന്നു. മരുഭൂമിയിൽ മുന്തിരിപ്പഴംപോലെ ഞാൻ യിസ്രായേലിനെ കണ്ടെത്തി, അത്തിവൃക്ഷത്തിൽ ആദ്യം ഉണ്ടായ തലക്കനിപോലെ ഞാൻ നിങ്ങളുടെ പിതാക്കന്മാരെ കണ്ടു (ഹോശെ 9:10). അത്തിവൃക്ഷത്തിൻെറ ഫലം തിന്നുക (2രാജ 18:31) അത്തി കാക്കുന്നവർ അതിൻെറ ഫലം തിന്നും (സദൃ 27:18)

അത്തിവൃക്ഷം തളിർത്തു. യഹൂദ ജനതതി അവരുടെ രാജ്യം പുനഃസ്ഥാപിച്ചു. ക്രിസ്തുവിൻെറ പുനരാഗമനത്തെയാണു് പ്രസ്തുതസംഭവം വിളിച്ചറിയിക്കുന്നതു്.

## ഉണങ്ങിയ അസ്ഥികാം ജീവിക്കുന്നു

''മനുഷ്യപുത്രാ ഈ അസ്ഥികാം ജീവിക്കുമോ''? യെഹ: 37.3.

യെഹസ്കേൽ പ്രവാചകൻെറ ഉണങ്ങിയ അസ്ഥികളെ സംബന്ധിച്ചുള്ള പ്രവചനം യഹൂദജനതയുടെ ബഹുജ

നമുന്നേററത്തെ സംബന്ധിച്ചുള്ളതാണെന്ന വ്യാഖ്യാനിക്കപ്പെടുന്നു. പ്രവാസികളുടെ പ്രവാചകൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന യെഹസ്കേൽ പ്രവാചകൻ ബി. സി. 586—ൽ ആണ് തൻെറ പ്രവൎത്തനം സമാരംഭിക്കുക. ജറുശലേംനഗരത്തിൻെറ ഉന്മൂലനാശത്തെ കുറിച്ചും ചുററുപാടുമുള്ള ജാതികളുടെ ന്യായവിധിയെ സംബന്ധിച്ചുമുള്ള യഹോവയുടെ അരുളപ്പാട് അദ്ദേഹം വിളിച്ചറിയിച്ചു. അതോടൊപ്പം തന്നെ യിസ്രായേൽജാതി യാതനകളുടെ എരിയുന്ന തീച്ചൂളയെ അതിജീവിച്ച് രാജ്യം പുനസ്ഥാപിക്കുന്നതിനെക്കുറിച്ചും പ്രഖ്യാപിച്ചു. വരുംകാലസംഭവങ്ങളെ കുറിച്ചുള്ള ദൈവത്തിൻെറ അരുളപ്പാടുകൾ സധീരം അദ്ദേഹം വെളിച്ചത്തിൽ കൊണ്ടുവന്നു. അധികാരികളുടെ മൂക്കിന് നേരെ വിരൽ ചൂണ്ടി അവരുടെ നാശത്തെ സംബന്ധിച്ച് മുൻകൂട്ടി പ്രവചിക്കുവാനുള്ള ചങ്കുററം പ്രവാചകന്മാൎക്കുണ്ട്. യിസ്രായേൽ ജനത ബാബേൽ പ്രവാസകാലത്തു യാതന അനുഭവിച്ച ചരിത്രസംഭവം സങ്കീ:137—ൽ ചിത്രീകരിച്ചിട്ടുണ്ടല്ലോ.

യഹോവയുടെ ആത്മാവ് യെഹെസ്കേൽ പ്രവാചകൻെറമേൽ ആവസിച്ചു. താഴ്വരയുടെ നടുവിൽ തന്നെ നിറുത്തി. അതു് അസ്ഥികൾ കൊണ്ടു നിറഞ്ഞിരുന്നു. ഏററവും അധികമായി ഉണങ്ങിക്കരിഞ്ഞ അസ്ഥികൾ ചിന്നിച്ചിതറി കിടന്നിരുന്ന കാഴ്ച പ്രവാചകനെ അത്ഭുതപരതന്ത്രനാക്കിത്തീൎത്തു.

''മനുഷ്യപുത്രാ ഈ അസ്ഥികൾ ജീവിക്കുമോ? യഹോവയുടെ ദിവ്യശബ്ദം പ്രവാചകൻ ശ്രവിച്ചു. ''യഹോവയായ കൎത്താവേ നീ അറിയുന്നു'' എന്നു് മുള്ളിനും ഇലയ്ക്കും കേടില്ലാത്ത രീതിയിൽ ദൈവമനുഷ്യൻ മറുപടി പറഞ്ഞു. ''ഉണങ്ങിയ അസ്ഥികളേ! യഹോവയുടെ വചനം കേൾപ്പിൻ'' ദൈവത്തിൻെറ അരുളപ്പാടുകൾ പ്രവാചകൻ സധീരം ഉൽഘോഷിച്ചു ''നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും........ ഞാൻ യഹോവ എന്നു് നിങ്ങൾ അറിയും'' തിരുഹിതം വിവേചിച്ചറിഞ്ഞു് ദൈവത്തിൻെറ അത്ഭുതസന്ദേശം

പ്രവാചകൻ വിളംബരം ചെയ്തു. അഭൂതപൂർവ്വമായ ഒരു മുഴക്കം ശ്രവിച്ചതോടൊപ്പംതന്നെ ഭൂകമ്പവും ഉണ്ടായി. ചിതറിക്കിടന്ന ഉണങ്ങിയ അസ്ഥികൾ ഒന്നിച്ചുചേർന്നു. അവയ്ക്കു മജ്ജയും മാംസവും ഉണ്ടായി ത്വക്കു പൊതിഞ്ഞു.

"ശ്വാസമേ, നീ നാലു കാററുകളിൽനിന്നും വന്നു ഈ നിഹതന്മാർ ജീവിക്കേണ്ടതിനു് അവരുടെമേൽ ഊതുക" മനുഷ്യപുത്രൻ യഹോവയുടെ ആത്മാവിൽ അധികാരത്തോടു കൂടെ ആജ്ഞാപിച്ചു. ശ്വാസം അവരിൽ വന്നു. ഒന്നിച്ചുചേന്ന ഉണങ്ങിയ അസ്ഥികൾ ജീവിച്ചു. അവ വലിയ ഒരു സൈന്യമായി നിവർന്നു നിന്നു.

ദൈവത്തിൻെറ ജനമായ യിസ്രായേൽ ജാതി ഉണങ്ങിയ അസ്ഥികളെപ്പോലെ ലോകത്തിൻെറ നാനാഭാഗങ്ങളിൽ ചിന്നിച്ചിതറിക്കിടന്നു. ക്രിസ്തു ശപിച്ച യിസ്രായേൽ ആകുന്ന അത്തിവൃക്ഷം ഉണങ്ങിക്കരിഞ്ഞുപോയി. ആധുനികയുഗത്തിൽ ഈ ഉണങ്ങിയ അസ്ഥികൾ ഇന്നു ദൈവത്തിൻെറ വചനം കേട്ടു. വിപ്ലവാത്മകമായുള്ള പ്രവർത്തനങ്ങളിലൂടെ ഈ ഉണങ്ങിയ അസ്ഥികൾ ജറുശലേമിൽ ഒന്നിച്ചുചേർന്നു. യഹൂദന്മാർ അവരുടെ രാജ്യം പുന:സ്ഥാപിച്ചു. ഉണങ്ങിയ അസ്ഥികൾ ജീവിച്ചെഴുന്നേററു നിവർന്നു നിന്നു. വേരോടെ ഉണങ്ങിപ്പോയ അത്തിവൃക്ഷം തളിർത്തു. അതിൻെറ കൊമ്പുകൾ ഇളതായി ലോകത്തെ കിടിലം കൊള്ളിക്കുന്ന വലിയ ഒരു സൈന്യമായി യഹൂദജനത അണിനിരന്നു കഴിഞ്ഞു.

അന്ത്യകാലത്തു് എരിയുന്ന അഗ്നിശോധനകളിലെ ചുട്ടരക്തക്കളത്തിലൂടെ യഹൂദന്മാർ കുത്തിയവങ്കലേക്കു നോക്കുന്നകാലം സമാഗതമായി. യഹോവയുടെ ആത്മാവിനാൽ നിറയപ്പെട്ട ഇസ്രായേൽ അത്ഭുതങ്ങൾ സൃഷ്ടിക്കുയാണു്. റഷ്യയുടെ നേതൃത്വത്തിലുള്ള ലോകശക്തികളെ യഹൂദന്മാർ പീഡനത്തിലൂടെ നേരിട്ടു വിജയിക്കും. സാക്ഷാൽ യഹോവ ദൈവം എന്നു് അറിയുന്ന അന്ത്യകാല സംഭവങ്ങളിലേക്കു് ലോകം മുന്നേറുകയാണു്.

# 5. സ്വർഗ്ഗാരോഹണ സന്ദേശം

ക്രൈസ്തവസഭ സാർവ്വത്രികമായി ആഘോഷിക്കുന്ന മഹോത്സവങ്ങളിൽ ഒന്നാണ് സ്വർഗ്ഗാരോഹണപ്പെരുനാറം. യേശുക്രിസ്തു ഉയിർത്തെഴുനേററതിന്റെ നാല്പതാമത്തെ ദിവസം ജെരുശ്ലേം നഗരത്തിനു സമീപത്തുള്ള ബഥാന്യ മലമുകളിൽ വച്ചു തികച്ചും മഹത്വീകരിക്കപ്പെട്ട ശരീരത്തോടുകൂടി കർത്താവു സ്വർഗ്ഗാരോഹണം ചെയ്തു എന്നു പരമ്പരാഗതമായി വിശ്വസിച്ചിരുന്ന ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിൽ അവർക്കു സംശയം ഉണ്ടായിരുന്നില്ല. പള്ളിപ്രമാണിയായ യായീറോസിന്റെ മരിച്ചുപോയ പുത്രിയെ ക്രിസ്തു ഉയിർപ്പിച്ച അത്ഭുത സംഭവം അവർ വിസ്മരിച്ചിട്ടില്ലായിരുന്നു. നയീനിലെ വിധവയുടെ ഏക പുത്രന്റെ ശവമഞ്ചം യേശുക്രിസ്തു മനസ്സലിഞ്ഞു തൊട്ട് അവനെ ജീവിപ്പിച്ചതും ശിഷ്യന്മാർ ഓർത്തു. ബഥാന്യയിൽ മരിച്ച് അടക്കപ്പെട്ട ലാസറിനെ മൂന്നാംദിവസം ഉയിർത്തെഴുനേല്പിച്ച സർവ്വശക്തനായ ക്രിസ്തുവിന്റെ ഉയിർത്തെഴുനേല്പിലും സ്വർഗ്ഗാരോഹണത്തിലും ശിഷ്യന്മാർ അത്ഭുതപ്പെടാനിടയില്ലല്ലോ. സ്വർഗ്ഗാരോഹണം എന്ന പദത്തിന് തിരുവചനത്തിൽ ആരോഹണം, സ്വർഗ്ഗത്തിൽ പ്രവേശിക്കുക, ഉയരത്തിൽ കയറുക, സ്വർഗ്ഗത്തിലേയ്ക്കു എടുക്കപ്പെടുക, ആകാശത്തിലൂടെ കടന്നുപോകുക, മേഘങ്ങളിൽ എടുക്കപ്പെടുക എന്നീ പദപ്രയോഗങ്ങൾ കാണുന്നുണ്ട്.

ക്രൈസ്തവ സഭകൾ തമ്മിൽ വിശ്വാസാചാരങ്ങളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ തന്നെ സകല ക്രൈസ്തവസഭകളും ഭക്തിനിർഭരമായി ആഘോഷിക്കുന്ന ഒരു ഐക്യമെനിക്കൽ ഉത്സവമാണ് സ്വർഗ്ഗാരോഹണം. ക്രിസ്തുമസ്സ്, ഈസ്റ്റർ, പെന്തെക്കൊസ്തു്, പെസഹാ മുതലായ പെരുനാളുകളെപ്പോലെ തന്നെ ആഘോഷിക്കപ്പെടേണ്ട ഒരു മഹാദിനമാണ് സ്വർഗ്ഗാരോഹണനാറം. പക്ഷേ പല ക്രൈസ്ത

വസഭകളും അതു വിസ്മരിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പിൻെറ ശുശ്രൂഷ പൂൎത്തീകരിക്കപ്പെട്ട മഹാദിനമാണിതു്.

സെ: അഗസ്റ്റീൻെറ കാലത്തിനു മുമ്പുതന്നെ ക്രൈസ്തവ സഭ അത്യാഡംബരപൂൎവ്വം സാൎവ്വത്രികമായി സ്വൎഗ്ഗാരോഹണപ്പെരുനാൾ ആഘോഷിച്ചിരുന്നതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്.

ക്രിസ്തുവിൻെറ കാൽവറി—ക്രൂശിലെ അതുല്യയാഗത്തിലൂടെ സാത്താൻെറ തല തകൎത്തു് മരണത്തെ അതിജീവിച്ചു്, ജയവീരനായി, ക്രിസ്തുഉയിൎത്തെഴുന്നേററു്, സ്വൎഗ്ഗാരോഹണം ചെയ്തതിൻെറ പാവനസ്മരണയ്ക്കായി പുരാതന കാലത്തു് സ്വൎഗ്ഗാരോഹണദിവസം നടത്തിയിരുന്ന ഘോഷയാത്രകളുടെ മുമ്പിൽ ഉപയോഗിച്ചിരുന്ന പതാകയുടെ താഴെയായി മെതിച്ചു കൊല്ലപ്പെട്ട മഹാസൎപ്പത്തിൻെറ ചിഹ്നവും, മുകളിലായി വിജയശ്രീലാളിതനായ സിംഹത്തിൻെറ ചിത്രവും വരച്ചിരുന്നു.

## ബെഥാന്യയിൽ

ജരുശലേം നഗരത്തിൽനിന്നും രണ്ടു മൈൽ അകലെ ഒലിവുമരങ്ങൾ തലയുയൎത്തിനില്ക്കുന്ന ഒലിവുമലയുടെ ചരിവിലുള്ള ഒരു മനോഹര ഗ്രാമമാണു് ബെഥാന്യ. ക്രിസ്തുവിൻെറ കാലത്തു് ''മറിയയുടെയും അവളുടെ സഹോദരി മാൎത്തയുടേയും ഗ്രാമമായ ബെഥാന്യ'' എന്ന നാമത്തിൽ അതു് അറിയപ്പെട്ടിരുന്നു. മരിച്ചു് അടക്കപ്പെട്ട ലാസറിനെ മൂന്നാംനാൾ യേശുക്രിസ്തു ഉയിൎത്തെഴുന്നേല്പിച്ച അത്ഭുതസംഭവത്തിനു ശേഷം പ്രസ്തുത ഗ്രാമം ലാസർ പാൎത്ത ബെഥാന്യയായി രൂപമെടുത്തു. ലാസറിൻെറ ശവകുടീരം ബെഥാന്യയിൽ സ്ഥിതിചെയ്യുന്നു. ബെഥാന്യയിലെകുഷ്ഠരോഗിയായ ശീമോൻെറഭവനം ഇതിൻെറ വലതുവശത്താണു്. യേശു ശീമോൻെറ ഭവനത്തിൽ ഭക്ഷണത്തിനു ഇരിക്കുമ്പോൾ ഒരു സ്ത്രീ പരിമളതൈലം തൻെറ തലയിൽ ഒഴിച്ച സംഭവം ബെഥാന്യയിൽവച്ചാണു് നടന്നതു്. ജരു

ശലേം ദേവാലയത്തിൻെറ ശുദ്ധീകരണത്തിനു ശേഷം ബുധനാഴ്ച മുഴുവൻ യേശു പ്രാർത്ഥനയ്ക്കും വിശ്രമത്തിനുമായി ബെഥാന്യയിലെത്തി ഏകാന്തതയിൽ പാർത്തു. ബെഥാന്യ യേശുവിൻെറ വിശ്രമസ്ഥലമായിരുന്നു. ശിഷ്യന്മാരെ പെസഹാ ഒരുക്കുന്നതിനുവേണ്ടി അയച്ചതു ബെഥാന്യയുടെസമീപത്തുവച്ചാണു്. യേശുക്രിസ്തു ശിഷ്യന്മാരുടെ മുമ്പിൽനിന്നും സ്വർഗ്ഗാരോഹണം ചെയ്തതും ബെഥാന്യയിൽവച്ചാണു്. ബെഥാന്യയുടെ സമീപത്തുള്ള ഒലിവുമലയുടെ ഉയൎന്ന ഒരു പാറയുടെ മുകളിൽ നിന്നുകൊണ്ടു് യേശു സ്വർഗ്ഗാരോഹണത്തിനു മുമ്പുള്ള അന്ത്യസന്ദേശം നൽകി.

## ആരോഹണ സങ്കീർത്തനങ്ങൾ

120–134 വരെയുള്ള 15 സങ്കീർത്തനങ്ങൾ ആരോഹണസങ്കീർത്തനങ്ങളായി ദൈവശാസ്ത്രജ്ഞന്മാർ കരുതുന്നു. ജറുശലേം ദേവാലയത്തിലേയ്ക്കു പോകുന്ന തീർത്ഥാടകരായ ഭക്തജനങ്ങൾ മലകൾ കയറുമ്പോൾ പ്രസ്തുത ആരോഹണസങ്കീർത്തനങ്ങൾ പാടിയിരുന്നു. സ്ത്രീകളുടെ മണ്ഡപത്തിൽനിന്നും പുരുഷന്മാരുടെ മണ്ഡപത്തിലേയ്ക്കു കയറുന്ന 15 പടികളിൽ ഈ ഓരോ സങ്കീർത്തനങ്ങൾ പാടുക പതിവായിരുന്നു.

## നാല്പതിൻെറ ചില പ്രത്യേകതകൾ

ഈസ്റ്റർ സുദിനത്തിൻെറ നാല്പതാമത്തെ ദിവസമാണു് യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതു്. നാല്പതു് എന്ന സംഖ്യ ക്രൈസ്തവസംഖ്യകളിൽ ഒന്നാണു്. നോഹയുടെ കാലത്തു് ഭൂമിയിൽ നാല്പതു പകലും നാല്പതു രാവും ജലപ്രളയം ഉണ്ടായി. യിസ്രായേൽ മക്കൾ നാല്പതു സംവത്സരം മരുഭൂമിയിലൂടെ മന്നാ ഭക്ഷിച്ചു യാത്രചെയ്തു. മോശെ അയച്ച പുരുഷന്മാർ നാല്പതു ദിവസം മുമ്പോട്ടുവന്നു വെല്ലുവിളിച്ചു. ഏലിയാവു് ദൈവദൂതൻെറ ആഹാരം

ഭക്ഷിച്ചശേഷം നാല്പതു പകലും നാല്പതു രാവും ദൈവ ത്തിൻെറ പവ്വിത്രമായ ഹോരേബോളം നടന്നു. നാല്പതു ആണ്ടു് എനിക്കു് ആ തലമുറയോടു നീരസം ഉണ്ടായി. നാല്പതു സംവത്സരത്തേയ്ക്കു മിസ്രയീം ദേശത്തു നിവാസി കരം ഇല്ലാതിരിക്കും.

യേശുക്രിസ്തു നാല്പതു ദിവസം ഉപവസിച്ചു, നാല്പതു ദിവസം പിശാചു പരീക്ഷിച്ചുകൊണ്ടിരുന്നു, നാല്പതു ദിവസം മരുഭൂമിയിൽ കാട്ടുമൃഗങ്ങളോടുകൂടെ ആയിരുന്നു എന്നു നാം വായിക്കുന്നു. യേശുക്രിസ്തുവിൻെറ ഉയിർത്തെ ഴുന്നേല്പിനു ശേഷം നാല്പതു നാളോളം വിവിധ സ്ഥലങ്ങ ളിൽ വച്ചു് ഏകദേശം പതിനൊന്നു പ്രാവശ്യം യേശു ശിഷ്യഗണങ്ങൾക്കു പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഉയിർത്തെഴു ന്നേല്പിൻെറ നാല്പതാംദിവസം യേശുക്രിസ്തു മഹത്വീകരി ക്കപ്പെട്ട ശരീരത്തോടുകൂടി മേഘത്തിൽ സ്വർഗ്ഗാരോഹണം ചെയ്തു.

**ദൈവദൂതസന്ദേശം**

''നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശു വിനെ സ്വർഗ്ഗത്തിലേയ്ക്കു പോകുന്നവനായി നിങ്ങൾ കണ്ട തുപോലെ തന്നെ അവൻ വീണ്ടും വരും'' (അപ്പൊ. പ്ര. 1.11) യേശുക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണസമയത്തു് ഒരു മേഘം അവനെ മൂടി. തിരുവചനത്തിൽ മേഘം സദാ ദൈവികസാന്നിദ്ധ്യത്തെയാണു് ആവിഷ്ക്കരിക്കുന്ന തു്. യഹോവയുടെ തേജസ്സു് മേഘത്തിൽ വെളിപ്പെട്ടു. യഹോവ മേഘത്തിൽ ഇറങ്ങിവന്നു. മേഘത്തിൻെറ നടു വിൽനിന്നു സംസാരിച്ചു, മേഘസ്തംഭം യിസ്രായേൽ ജാ തിയെ നടത്തി. കർത്താവിൻെറ മറുരൂപസമയത്തു് പ്ര കാശമുള്ള മേഘം അവനെ മൂടി എന്നെല്ലാം തിരുവചന ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. മേഘങ്ങളിൽ സ്വർഗ്ഗാ രോഹണം ചെയ്ത കർത്താവു് ശക്തിയോടും തേജസ്സോടും കൂടെ മേഘത്തിൽ വരും. ''ഇതാ കർത്താവു മേഘാരൂഢ നായി വരുന്നു'' മരണത്തെ അതിജീവിച്ചു് ശവകുടീര

ങ്ങളെ പൊളിച്ചു ഉയിർത്തെഴുന്നേററ രാജാധിരാജനായ ക്രിസ്തു നമുക്കും ഉയിർത്തെഴുന്നേല്പിൻെറ പ്രത്യാശ സംഭാവന ചെയ്യുന്നു. സ്വർഗ്ഗാരോഹണംചെയ്ത കർത്താവു് നമുക്കു സ്വർഗ്ഗാരോഹണത്തിൻെറ വലിയ മർമ്മം തെളിച്ചുതന്നു. യേശു മേഘാരൂഢനായി വീണ്ടും വരും എന്ന സത്യം വാസ്തവത്തിൽ വിശ്വാസികൾക്കു സമാധാനം നൽകുന്നുണ്ടു്. മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ട വിശ്വാസികൾ കാഹളശബ്ദത്തിങ്കൽ മരണത്തെ അതിജീവിച്ചു് ഉയിർത്തെഴുന്നേററു് ക്രിസ്തുവിനോടുകൂടെ മേഘങ്ങളിൽ സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണംചെയ്യുന്ന സംഭവവും പ്രത്യാശാജനകമാണു്.

## സ്വർഗ്ഗാരോഹണസന്ദേശം

''എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ടു് ജറുശലേമിലും, യഹൂദ്യയിൽ എല്ലായിടത്തും, ശമര്യയിലും ഭൂമിയുടെ അററത്തോളവും എൻെറ സാക്ഷികൾ ആകും'' (അപ്പൊ. പ്ര 1.8) യേശുക്രിസ്തു സ്വർഗ്ഗാരോഹണസമയത്തു് തൻെറ അരുമശിഷ്യഗണങ്ങൾക്കു നൽകിയ അന്ത്യസന്ദേശമാണിതു്. വിശ്വാസികൾ യഥാർത്ഥ പരിശുദ്ധാത്മശക്തിയാൽ നിറയപ്പെടണം. ക്രൈസ്തവവിശ്വാസികൾ ഭൂലോകത്തിൻെറ അററത്തോളം ക്രിസ്തുവിൻെറ സാക്ഷികൾ ആകണം. ''ജറുശലേമിൽനിന്നും വാങ്ങിപ്പോകാതെ പിതാവിൻെറ വാഗ്ദാനത്തിനുവേണ്ടി കാത്തിരിക്കണം'' പ്രയാസങ്ങളുടെയും പ്രതികൂല സാഹചര്യങ്ങളുടെയും സ്ഥലമായ ജറുശലേമിൽനിന്നും ഓടിപ്പോകാതെ കാത്തിരുന്നു മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു് ശക്തിപ്രാപിക്കുക. ''നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ'' ക്രിസ്തുവിൻെറ ഈ അന്ത്യസന്ദേശം പ്രയോഗത്തിൽ വരുത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ടു്. പരിശുദ്ധാത്മശക്തിയാൽ നിറയപ്പെടുക. ജീവൻെറ സുവിശേഷം സകല ജാതിയോടും പ്രസംഗിക്കുക. ക്രിസ്തുവിൻെറ വീരസാക്ഷികളായിത്തീരുക.

ക്രൈസ്തവസഭ ഈ ദൗത്യം മനസ്സിലാക്കി പ്രവത്തിക്കുന്നുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

''ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളുടെക്കൂടെയുണ്ട്'' തികച്ചും നമുക്കു് ആശ്വാസം നൽകുന്ന ഒരു വാഗ്ദാനമാണിതു്. യേശുക്രിസ്തു ഉയിത്തെഴുനേററശേഷം, യഹൂദന്മാരെ ഭയപ്പെട്ടു സുവിശേഷത്തിൻെറ വാതിലടച്ചുകളഞ്ഞ ശിഷ്യന്മാക്കു പ്രത്യക്ഷപ്പെട്ടപ്പോൾ എല്ലാം "നിങ്ങൾക്കു സമാധാനം" എന്ന സമാധാനത്തിൻെറ സന്ദേശം നൽകിയതായി കാണാം. ക്രിസ്തുവിൻെറ ശാരീരികമായുള്ള അസാന്നിദ്ധ്യത്തിൽ കത്താവിനോടുള്ള ആത്മീകമായ സജീവ ബന്ധത്തിൽ നമുക്കു ജീവിക്കാം. സ്വർഗ്ഗാരോഹണ സന്ദേശം നമുക്കു നിത്യജീവൻെറ പ്രത്യാശ നൽകുന്നു.

സ്വർഗ്ഗാരോഹണത്തിനു് Ascension എന്ന പദമാണു് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നതു്. യേശുക്രിസ്തു ദൈവീകമായുള്ള സ്വശക്തിയാൽ സ്വർഗ്ഗത്തിലേയ്ക്കു പ്രവേശിച്ചു എന്നാണു് പ്രസ്തുത പദംകൊണ്ടു് അത്ഥമാക്കുന്നതു്. ക്രിസ്തുവിൻെറ മാതാവായ വി. മറിയം ദൈവശക്തിയാൽ സ്വർഗ്ഗപ്രവേശനം നടത്തിയതിനാൽ "Assumption" (സ്വർഗ്ഗാരോഹണം) എന്ന പദമാണു് ഉപയോഗിക്കുന്നതു്.

ജറുശലേം നഗരത്തിനു് ഒന്നര മൈൽ കിഴക്കു തല ഉയത്തിനിൽക്കുന്ന മനോഹരമായ ബെഥാന്യയുടെ ചരിവിൽ ഒലിവുവൃക്ഷങ്ങൾ പച്ചക്കുടകൾ ചൂടിനിൽക്കുന്ന ഒലിവുമലയിൽ വച്ചാണു് ക്രിസ്തു മേഘാരൂഢനായി സ്വർഗ്ഗത്തിലേയ്ക്കു കരേറിയതു് എന്നു വിശ്വസിക്കപ്പെടുന്നു.

## അസൻഷൻ ചർച്ചു്

റോമിലെ പ്രഥമ ക്രിസ്ത്യൻ ചക്രവത്തിയായിരുന്ന കോൺസ്റ്റൻറയിൻെറ മാതാവു് വി. ഹെലിനാ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത പുണ്യഭൂമിയിൽ ഒരു

ബസലിക്കാ പണികഴിപ്പിച്ചിരുന്നു. മനോഹരമായ ആ ദേവാലയം Ascension Church (അസൻഷൻ ചർച്ച്— സ്വർഗ്ഗാരോഹണ ദേവാലയം) എന്ന നാമത്തിൽ അറിയപ്പെടുന്നു. എ. ഡി. 614-ൽ പേർഷ്യാക്കാർ പ്രസ്തുത ദേവാലയം നശിപ്പിച്ചു. എട്ടാം ശതകത്തിൽ അതു പുതുക്കിപ്പണിതു എങ്കിലും അതു വീണ്ടും നശിപ്പിക്കപ്പെട്ടു.

## കാല്പാടുകൾ

ബെഥാന്യാഗ്രാമത്തിനു സമീപമുള്ള ഒരു പാറയിൽ നിന്നുകൊണ്ടു് ക്രിസ്തു തൻെറ ശിഷ്യന്മാർക്കു് ''നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ'' (മർക്കോ 16. 15) എന്ന അന്ത്യസന്ദേശം നൽകിയശേഷം സ്വർഗ്ഗാരോഹണം ചെയ്തു. ആ പാറയിൽ ക്രിസ്തുവിൻെറ കാൽപ്പാടുകൾ പതിഞ്ഞിരുന്നു. അവ ഇന്നും അവിടെ കാണുന്നുണ്ടത്രേ.

# 6. പുനരുത്ഥാനം

ശാസ്ത്രീയമായോ, താത്വികമായോ, മനഃസ്സിലാക്കു വാൻ അപര്യാപ്തമായ ഒരു വലിയ മർമ്മമാണ് പുനരുത്ഥാനം. ക്രിസ്തുവിൻെറ തുറന്ന കല്ലറ ആർക്കും നിഷേധിക്കുവാൻ ആവാത്ത ഒരു ചരിത്ര വസ്തുതയാണ്.

Resurrection എന്ന പദത്തിൻെറ അർത്ഥം ഉയിർത്തെഴുന്നേൽപ്പ്, പുനരുത്ഥാനം, പുനർജ്ജീവനം, മൃതോത്ഥാഹനം എന്നിവകളാണ്. ഹൈന്ദവ മതസിദ്ധാന്തം അനുസരിച്ചുള്ള പുനർജന്മവും, പുനരുത്ഥാനവും തമ്മിൽ വ്യത്യാസമുണ്ട്. മനുഷ്യാത്മാവിൻെറ അമർത്യതയെ സംബന്ധിച്ച് വിശ്വസിക്കുന്നവരാണ് പലരും. മനുഷ്യൻ ജനിച്ചാൽ മരിക്കണം, പക്ഷേ മരിണം അതിൽ തന്നെ ഒരന്തമല്ലെന്നും അതു നിത്യജീവങ്കലേയ്ക്കുള്ള ഒരു ഉയന്ന കാൽവയ്പാണെന്നും ക്രൈസ്തവസഭ വിശ്വസിക്കുന്നു. പുനരുത്ഥാന സന്ദേശം ക്രൈസ്തവസഭയുടെ കാതലായ ഉപദേശമാണ്. സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതും പരമപ്രാധാന്യമർഹിക്കുന്നതുമായുള്ള ഒരു ചരിത്രവസ്തുതയാണ് പുനരുജ്ജീവനം. ക്രിസ്തീയ വിശ്വാസി മരിച്ചു എന്നുള്ള വാർത്ത ശരിയല്ല. പുത്തൻ ജറുശലേമിലേയ്ക്ക് ജീവിതം തുടരുന്ന ഒരു സംഭവമാണിതു്. പുനരുത്ഥാനത്തിൻെറ അതുല്യ പ്രത്യാശയിൽ നാം സ്നാനംകഴിക്കപ്പെട്ടവരാണ്. അന്ത്യ ന്യായവിധി ദിവസത്തിൽ സകലരും ശരീരത്തോടുകൂടെ ഉയിർത്തെഴുന്നേൽക്കണം. നീതിമാന്മാരായ വിശുദ്ധ ഗണത്തിന് അപ്പോൾ മഹത്വമുള്ള ആത്മിക ശരീരം ലഭിക്കുന്നു. നീതിമാന്മാരുടെ പുനരുത്ഥാനം, ദുഷ്ടന്മാരുടെ പുനരുത്ഥാനം എന്നീ രണ്ടു ഉയിർത്തെഴുന്നേല്പുകൾ തിരുവചനത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. ''ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കും'', ''ഏററവും നല്ലൊരു ഉയർത്തെഴുന്നേൽപ്പ്'' ഇവയെല്ലാം ക്രിസ്തുവിൻെറ മഹത്വ

പ്രത്യക്ഷതയിൽ സംഭവിക്കുന്ന പുനരുത്ഥാനമാണ്. ''ഇതു് ഒന്നാമത്തെ പുനരുത്ഥാനം'' എന്നതു് മഹോപദ്രവകാലത്തു് രക്തസാക്ഷികളായി വീരചരമം അടഞ്ഞ വിശുദ്ധന്മാരുടെ ഉയപ്പിനെ അനുസ്മരിപ്പിക്കുന്നു. ദുഷ്ടന്മാരുടെ ഉയത്തെഴുന്നേല്പിനെ സംബന്ധിച്ചിടത്തോളം അതിനു ഒടുവിലത്തെ പുനരുത്ഥാനം എന്നു പറയുന്നു.

പഴയ നിയമകാലത്തു് യഹൂദന്മാക്കു ഉയപ്പിനെക്കുറിച്ചുള്ള പ്രത്യാശ പുത്തരിയല്ലായിരുന്നു; പുതിയനിയമകാലത്തു് ക്രിസ്തുവിൻെറ ഉയത്തെഴുന്നേല്പിനു ശേഷമാണ് അതു് സഭയുടെ കാതലായ ഉപദേശമായിത്തീന്നതു്. ദൈവവിശ്വാസികൾ സദാ ദൈവത്തോടുകൂടെ വസിക്കുന്നു എന്ന യാഥാത്ഥ്യം ഹാനോക്കിൻെറയും, ഏലിയാവിൻെറയും ജീവചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഉയത്തെഴുന്നേററ ക്രിസ്തുവിനെ നമ്മുടെ സമകാലികനായി അനുഭവിച്ചറിയേണ്ടതാണ്.

''ഞാൻ ഒരു മമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല, എന്നാൽ അന്ത്യകാഹള നാദത്തിൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്ത്യമായതു് അമർത്ത്യതെയും ധരിക്കണം'' I. കൊരി. 15. 51–53.

മനുഷ്യാത്മാക്കളുടെ അമർത്ത്യതക്കുപരിയായി നാം രൂപാന്തരപ്പെട്ടു ക്രിസ്തുവിനോടു കൂടെ ഒന്നിച്ചു യുഗായുഗമായി വസിക്കും എന്നതു നമ്മുടെ അതുല്യ പ്രത്യാശയാണ്.

''ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിൻെറ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു.'' റോമ. 8. 23.

''കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിൻെറ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു'' II. കൊരി. 5. 1. പൗലൊസു് സ്വഗ്ഗീയമായ നിത്യപാർപ്പിടം വിശ്വാസത്താൽ ദർശിക്കുന്നു.

സ്വർഗ്ഗീയ കാഹളങ്ങൾ മുഴങ്ങുമ്പോൾ കർത്താവിൽ നിദ്രപ്രാപിച്ച വിശുദ്ധഗണം ശവകുടീരങ്ങളെ പൊളിച്ചിട്ട് ഉയിർത്തെഴുന്നേല്ക്കുന്നു. അന്ത്യകാഹളമായ ദൈവത്തിന്റെ കാഹളനാദത്തിൽ ജീവനോടെ ശേഷിക്കുന്നവരായ വിശുദ്ധ ജനതതി രൂപാന്തരം പ്രാപിക്കുന്നു.

മഹത്വമുള്ള ശരീരങ്ങൾ പുനരുത്ഥാനത്തിൽ നമുക്കു ലഭിക്കുന്നു. തേജസ്സിന്റെ വിശുദ്ധമായ ശുഭ്രഅങ്കികളാൽ അവർ ധരിപ്പിക്കപ്പെടുന്നു. ക്രിസ്തുവിന്റെ തുറന്ന കല്ലറപോലെ തന്നെ അനേകായിരം ശവകുടീരങ്ങൾ പുനരുത്ഥാനത്തോടുകൂടെ ഒഴിവാക്കപ്പെടും. ജഡികശരീരം നീങ്ങി ആത്മികശരീരം ലഭിക്കപ്പെടുന്നു. ജഡീകമായുള്ള രാഗമോഹങ്ങളിൽനിന്നും വിശുദ്ധർ വിടുവിക്കപ്പെടുകയും ആത്മീകശരീരത്താൽ അനുഗ്രഹിക്കപ്പെടുകയും ചെയ്യുന്നു.

## മരിച്ചവരെ ക്രിസ്തു ഉയിർപ്പിച്ചു

(1) പള്ളിപ്രമാണിയായ യായീറോസിന്റെ മരിച്ചുപോയ പുത്രിയുടെ കൈപിടിച്ചു യേശുക്രിസ്തു പിടിച്ചു ഉയിർത്തെഴുന്നേല്പിക്കുന്നതു്. മത്താ. 9. 18–26 മർക്കൊ: 5. 22-43 ലൂക്കൊ 8. 41–56. (2) നയീൻ എന്ന പട്ടണത്തിലെ വിധവയുടെ മരിച്ചുപോയ ഏക പുത്രനെ ക്രിസ്തു ശവമഞ്ചം തൊട്ടു ജീവിപ്പിക്കുന്നു. ലൂക്കൊ. 7. 11–15 (3) ബെഥാന്യയിലെ മറിയയുടെയും മാർത്തയുടെയും മരിച്ചുപോയ സഹോദരൻ ലാസറിനെ ക്രിസ്തു ഉയർപ്പിക്കുന്നതു്. യോഹ: 11. 1–44.

## മേഘാരൂഢനായി വരുന്ന ക്രിസ്തു

"മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും, തേജസ്സോടും കൂടെ വരുന്നതു കാണും" മത്താ. 24. 31.

"ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ

എടുക്കപ്പെടും.'' I. തെസ്സ. 4. 17. വീണ്ടും വരുന്നരാജാധിരാജനായി ക്രിസ്തു മേഘങ്ങളെ തേരാക്കിയാണ് ആഗമിക്കുന്നതു.

യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതു് മേഘങ്ങളിൽ ആയിരുന്നു.

''ജറുശലേമിൽ വച്ച് സകലരും കാൺകെ യേശു ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചെക്കു മറഞ്ഞു.'' അ. പ്ര: 1. 9.

''ഇതാ ക്രിസ്തു മേഘാരൂഢനായി വരുന്നു. ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും'' വെളി. 1. 7. സ്വർഗ്ഗത്തിലെ മഹത്വത്തിൽ സകല ദൈവദൂതന്മാരും ക്രിസ്തുവിൻെറ മഹത്വപ്രത്യക്ഷതയിൽ വെളിപ്പെടും. കർത്താവിൽ മരിച്ചിട്ടുള്ള വിശ്വാസിനീവിശ്വാസികരം ഉയിർത്തെഴുന്നേല്ക്കുകയും ജീവനോടെ ശേഷിക്കുന്ന വിശുദ്ധഗണം രൂപാന്തരപ്പെടുകയും ചെയ്യും. മദ്ധ്യാകാശത്തിൽ മേഘാരൂഢനായിവരുന്ന രാജാധിരാജനെ സ്വാഗതം ചെയ്തുസ്വീകരിച്ച് ഹാരമണിയിക്കുവാൻ മണവാട്ടിസഭ ദീർഘക്ഷമയോടു കൂടെ കാത്തിരിക്കണം. ക്രിസ്തുവിൻെറ പുനരാഗമനത്തെസംബന്ധിച്ചുള്ള ചിന്ത നമ്മെ രോമാഞ്ചം കൊള്ളിക്കുന്നു.

റോമിലെ ഭൂഗർഭശവകുടീരങ്ങളിലെ ക്രൈസ്തവസ്മാരകചിഹ്നങ്ങളിൽ 'കർത്താവിൽ നിദ്രപ്രാപിച്ചവർ' എന്ന ഒരു മേലെഴുത്തു സർവ്വസാധാരണമായിരുന്നു. യേശുക്രിസ്തുവിൻെറ ശ്രേഷ്ഠഉപദേശത്തിൻെറ വെളിച്ചത്തിൽ ഉടലെടുത്ത മഹാശയമാണിതു്. അതു അർത്ഥഗംഭീരമായിട്ടുണ്ടു്. ഞൊടിനേരത്തേക്കു മാത്രം അനുഭവപ്പെടുന്ന നിദ്രയാണു് മരണം. ക്രിസ്തുവിൻെറ കാഹളനാദത്തിൽ മരിച്ചവർ നിദ്രയിൽനിന്നും ശീഘ്രത്തിൽ ഉണരും. മഹത്വകരമായ ഉദയമാണിതു്. അതുകൊണ്ടു മരിച്ചുപോയനമ്മുടെ പ്രിയപ്പെട്ടവർ അന്ത്യനാളിൽ ഉയിർത്തെഴുന്നേല്ക്കുന്നതുവരെ അബോധാവസ്ഥയിലുള്ള സ്ഥിതിയിലാണെന്നും അർത്ഥമില്ല. വി. പൗലോസിൻെറ പ്രത്യാശ ശ്രദ്ധേയമാണു്.

“വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു്, അതു അത്യുത്തമമല്ലോ” ഫിലി. 1. 23.

“എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു.” ഫിലി.1. 21.

വിശ്വാസികൾ മരിച്ചാലും, ജീവിച്ചിരുന്നാലും ഉയിർത്തെഴുന്നേററാലും സദാ ക്രിസ്തുവിനോടു കൂടെയാണല്ലോ.

## കർത്താവിൽ നിദ്രപ്രാപിച്ചവർ

കർത്താവിൽ മരിക്കുന്ന വിശ്വാസിനീവിശ്വാസികളെ നിദ്രപ്രാപിച്ചവർ എന്നാണു് രേഖപ്പെടുത്തിയിട്ടുള്ളതു്. നിദ്രപ്രാപിച്ചവർ ദൈവത്തിൻെറ നേരിയശബ്ദത്തിൽ നിദ്രയിൽ നിന്നും ഉണരും. “നിദ്രകൊണ്ടവരെ യേശുക്രിസ്തു മൂഖാന്തരം അവനോടുകൂടെ വരുത്തും” Iതെസ്സ: 4. 14. യേശുക്രിസ്തുവിൻെറ കാൽവറിക്രൂശിലെ പരമയാഗത്തിൻെറ സമയത്തു് നിദ്രപ്രാപിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേററു. “ഭൂമികുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു. നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിത്തെഴുന്നേററു” മത്താ. 27. 52.

ലാസറിൻെറ മരണവും ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം സാധാരണ നിദ്ര ആയിരുന്നു. “നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു, എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു.” യോഹ: 11. 11.

സ്തേഫാനൊസിൻെറ രക്തസാക്ഷിമരണത്തെ സംബന്ധിച്ചും അതു് ഒരു താല്ക്കാലിക നിദ്രയായി രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവേ അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചിട്ടു സ്തേഫാനൊസു് നിദ്രപ്രാപിച്ചു” അപ്പ: 8. 60.

"ദാവീദ് ദൈവത്തിന്റെ ശുശ്രൂഷചെയ്തശേഷം നിദ്രപ്രാപിച്ചു തന്റെ പിതാക്കന്മാരോടു ചേർന്നു." അ.പ്ര. 13. 36.

"ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി ഉയിർത്തിരിക്കുന്നു" I. കൊരി. 15. 20, 21

## കർത്താവിന്റെ നാൾ

ക്രിസ്തുവിന്റെ പുനരാഗമനം സുനിശ്ചിതമാണ്. വിശ്വാസികളുടെ മഹത്വകരമായ പ്രത്യാശയാണിതു്. കർത്താവിന്റെ രണ്ടാമത്തെവരവ് സുനിശ്ചിതമെങ്കിലും പുനരാഗമനത്തിന്റെ കാലം അനിശ്ചിതമാണ്. "കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു" I. തെസ്സ. 5. 2. പാപത്തിന്റെ നിദ്രയിൽ വീഴാതെ കർത്താവിന്റെ വരവിനു വേണ്ടി ദീപങ്ങളിൽ എണ്ണയുമായി എതിരേല്പിനുവേണ്ടി ഉണർന്നിരിക്കണം. "വെളിച്ചത്തിന്റെ മക്കളായവർ ഉറങ്ങാതെ ഉണർന്നു സുബോധമായിരിക്കണം" I. തെസ്സ. 5. 5.

മേഘവാഹനനായി മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടുന്ന കർത്താവ് അഗ്നിജ്വാലയിൽ പ്രത്യക്ഷപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. "കർത്താവായയേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി." II. തെസ്സ. 1. 6.

വിശ്വജലപ്രളയത്താൽ നശിപ്പിക്കപ്പെട്ട ലോകം അന്ത്യനാളിലേക്ക് അഗ്നിക്കായി ശേഷിച്ചിരിക്കുന്നു.

## ഒലിവുമല

"അന്നാളിൽ യഹോവയുടെ കാൽ ജറുശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും. ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവേ പിളന്നുപോകും, ഏററവും വലിയൊരു താഴ്‌വര ഉളവായ്‌വരും, മലയുടെ ഒരു പാതി വടക്കോട്ടും, മറെറാരു പാതി തെക്കോട്ടും വാങ്ങിപ്പോകും" സെഖ: 14.4.

ദൈവത്തിൻെറ മഹാദിവസത്തിലെ ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ സർവ്വരാഷ്ട്രങ്ങളും ജറുശലേമിൽ ഒന്നിച്ചുകൂടി മെഗിദ്ദോ താഴ്‌വരയിൽ വച്ച് വലിയ യുദ്ധം നടക്കും. അന്നു സർവ്വദേശത്തിലേയും മൂന്നിൽ രണ്ടു അംശം ഛേദിക്കപ്പെടും. മൂന്നിൽ ഒരംശം പൊന്നു് അഗ്നിയിൽ ഊതിക്കഴിച്ചു ശുദ്ധീകരിക്കുന്നതുപോലെ ശുദ്ധീകരിച്ചു ദൈവത്തിൻെറ ജനമായി വേർതിരിക്കും. ജറുശലേമിലെ ഒലിവു മലയിൽ അന്ത്യനാളിൽ യഹോവയുടെ പാദം സ്പർശിക്കുമ്പോൾ വലിയ ഭൂകമ്പം ഉണ്ടാകും. ഒലിവുമല പിളക്കപ്പെടും. ഒലിവുമലയിൽ സമൃദ്ധിയായി ഒലിവുമരങ്ങൾ വളരുന്നതുകൊണ്ടു് ഒലിവുമല എന്ന പേരു ലഭിച്ചു. ജറുശലേം നഗരത്തിനു കിഴക്കായി സ്ഥിതിചെയ്യുന്ന ഈ മല കിദ്രോൻ താഴ്‌വരക്കു് മുകളിൽ സ്ഥിതിചെയ്യുന്നു.

(2. ശമു: 15.14, 23, 30)

ഒലിവുമലയിൽ നിന്നാണു് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതു്. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവു തൻെറ പുനരാഗമനത്തിൽ ഒലിവുമലയിൽത്തന്നെ തിരികെ വരും എന്നു വിശ്വസിക്കപ്പെടുന്നു. ജറുശലേം നഗരത്തിൽനിന്നും ഒലിവുമലയിലേക്കു് ഒരു ശബ്ബത്തു് ദിവസത്തെ വഴിദൂരം വരും. അ. പ്ര. 1.12. അബ്ശാലോമിൻെറ കയ്യിൽനിന്നും രക്ഷപെട്ടു് ഓടിപ്പോയ ദാവീദ് കിദ്രോൻ തോടു കടന്നു് കരഞ്ഞുകൊണ്ടു ഒലിവുമല കയറിയ സംഭവം ഓക്കുകമല്ലോ—ദൈവത്തെ ആരാധിക്കുന്ന സ്ഥലമാണിതു്. "യഹോവയുടെ മഹത്വം ജറുശലേം നഗരത്തിൻെറ നടുവിൽ നിന്നു് മേലോട്ടു പൊങ്ങി നഗരത്തിനു കിഴക്കുവശത്തുള്ള ഒലിവുമലയിൽ നിന്നു" യെഹെ: 11.23. യഹോവയുടെ മഹാദിനത്തിൽ തൻെറ കാൽ ഒലിവുമലിയിൽ ചവുട്ടിയതായി സഖറിയാ പ്രവാചകൻ പ്രവചിക്കുന്നു.

സർവ്വസാധാരണമായി ക്രിസ്തു ഒലിവുമലിൽ പോയി പ്രാർത്ഥിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടു്. "ക്രിസ്തു ദിവസേന ദൈവാലയത്തിൽ ഉപദേശിച്ചുപോന്നു. രാത്രി ഒലിവുമലയിൽ പോയി പാക്കും" ലൂക്കൊ. 21.37.

"പിന്നെ അവൻ പതിവുപോലെ ഒലിവുമലക്ക പുറപ്പെട്ടു പോയി" ലൂക്കൊ. 22.29. "യേശുവോ ഒലിവുമലക്ക പോയി" യോഹ. 8.1.

ജറുശലേം ദേവാലയത്തിലേയ്ക്കുള്ള യേശുക്രിസ്തുവിൻെറ ജൈത്രയാത്രയിൽ ഭക്തജനങ്ങാം ഹോശന്നാ പാടി ക്രിസ്തുവിനെ അഭിവാദനം ചെയ്തതു് ഒലിവുമലയുടെ സമീപത്തുവച്ചായിരുന്നു. ക്രിസ്തു ഒലിവുമലയിൽ വച്ച് ജറുശലേംനഗരം വിദൂരത്തിൽ വീക്ഷിച്ചു. ജറുശലേമിൻെറ നാശത്തെ ഓർത്തു് വിലപിച്ചു.

ക്രിസ്തു ഒലിവുമലയിൽ ഇരിക്കുമ്പോാം ശിഷ്യന്മാർ ക്രിസ്തുവിനെ സമീപിച്ചു് ദേവാലയത്തിൻെറ നാശത്തെ കുറിച്ചും ക്രിസ്തുവിൻെറ പുനരാഗമനത്തിൻെറ സമയത്തെ സംബന്ധിച്ചുമുള്ള അടയാളങ്ങാം ചോദിച്ചു. മത്താ 24.3. അന്ത്യപെസഹാ കഴിഞ്ഞശേഷം യേശുക്രിസ്തു ഒലിവുമലയിലേക്ക മടങ്ങിപ്പോയി.

ഒലിവുമലയുടെ പശ്ചിമഭാഗത്തു് ഗത്ശമനത്തോട്ടം സ്ഥിതിചെയ്യുന്നു. ബേത്ത്ഫാഗയും ബഥനിയും പൗരസ്ത്യഭാഗത്താണു്. പർവ്വതനിരകളുടെ ഒരു ശൃംഖല ഇവിടെയുണ്ടു്. ഇതു സമുദ്രനിരപ്പിൽനിന്നും 2737 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

## വീണ്ടെടുക്കപ്പെട്ട പുതിയ ശരീരം

"നമ്മുടെ താഴ്ചയുള്ള ശരീരത്തെ തൻെറ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും"
ഫിലി. 3:21.

താഴ്ചയുള്ള മനുഷ്യശരീരം മഹത്വശരീരത്തോടു് അനുരൂപപ്പെടുമ്പോാം സംഭവിക്കുന്ന ഏഴു ഉയർന്ന അവസ്ഥകാം ശ്രദ്ധിക്കുക.

1. ദ്രവത്വമുള്ളതു്—അദ്രവത്വമുള്ളതു്
2. അപമാനമുള്ളതു്—നിത്യതേജസ്സുള്ളതു്

3. ബലഹീനമായതു്—ദിവ്യശക്തിയുള്ളതു്
4. പ്രാകൃതമായതു്—ആത്മികമായതു്
5. മൺമയമായതു്—സ്വർഗ്ഗീയമായതു്
6. ക്ഷയമുള്ളതു്—അക്ഷയത്വമുള്ളതു്
7. മർത്ത്യമായതു്—അമർത്ത്യമായതു്

ദൈവത്തിൻെറ അന്ത്യകാഹളനാദത്തിൽ ശവകുടീരങ്ങൾ തുറക്കപ്പെടും. തേജസ്സിൻെറ വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ വിശ്വാസികൾ ഉയിർത്തെഴുന്നേല്ക്കും. ആത്മിക ശരീരമായി രൂപാന്തരപ്പെടും. ദൈവസാദൃശ്യത്തിൽ നാം ആയിത്തീരുന്നു. മാംസരക്തങ്ങൾക്കു് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ലല്ലോ. അതുകൊണ്ടു് ഭക്ഷണപാനീയങ്ങൾക്കു് ആവശ്യമില്ല.

"ഹേ മരണമേ, നിൻെറ ജയം എവിടെ? ഹേ മരണമേ നിൻെറ വിഷമുള്ളു് എവിടെ? I കൊരി. 15.57. വിശുദ്ധന്മാർ മരണത്തെ അതിജീവിച്ചു് പ്രസ്തുത ഘോഷധ്വനികൾ മുഴക്കും.

## അന്ത്യന്യായവിധി ദിനം

"ഇതാ ഞാൻ വേഗം വരുന്നു ഒരോരുത്തനും അവനവൻെറ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എൻെറ പക്കൽ ഉണ്ടു്" (വെളി. 22. 12)

നൂററാണ്ടുകളായി ലോകത്തിൽ ജനിച്ചു—മരിച്ചു—മൺമറഞ്ഞ സകലരും ഉയിർത്തെഴുന്നേററു അന്ത്യന്യായവിധിക്കായി വെള്ളസിംഹാസനത്തിനുചുററും അണിനിരക്കേണ്ടതാണു്. അത്യുന്നതനായ ന്യായാധിപൻ പുസ്തകങ്ങൾ തുറക്കും. ജീവൻെറ പുസ്തകത്തിൽ പേരു് എഴുതിയിട്ടില്ലാത്ത സകലരെയും നിത്യാഗ്നിയിലേക്കു് വലിച്ചെറിഞ്ഞു കളയുന്നു. വിശുദ്ധിയുടെ ശുഭ്രവസ്ത്രധാരികളായ നീതിമാന്മാരോടു് "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി

ഒരുക്കിയിട്ടുള്ള രാജ്യം (പുതിയ ജറുശലേം) അവകാശമാക്കിക്കൊൾവിൻ'' (മത്താ 25: 41) എന്നു് അരുളിച്ചെയ്യും. മരിച്ചു് ഉയിർത്തെഴുന്നേററ സകലർക്കും അവരവരുടെ പ്രവൃത്തികൾ തക്ക ന്യായവിധി ഉണ്ടാകുന്നു. ധൈര്യത്തോടു കൂടെ കൃപാസനത്തിൻെറ സമീപത്തേക്കു വിശുദ്ധന്മാർ ഓടി എത്തുന്നു.

''അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.'' II. കൊരി. 5. 10 എല്ലാവരും ദൈവത്തിൻെറ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരും'' റോമ. 14. 10.

''അതുകൊണ്ടു് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവക്കു ഒരു ശിക്ഷാവിധിയുമില്ല.'' റോമ. 8. 1. ക്രിസ്തുയേശുവിൽ നിദ്രപ്രാപിച്ച വിശുദ്ധഗണം നിത്യജീവങ്കലേക്കു പ്രവേശിക്കുകയും, ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാത്തവർ ശിക്ഷാവിധിയിൽ ആകുകയും ചെയ്യും. മനുഷ്യരുടെ പ്രവൃത്തികൾക്കും, വാക്കുകൾക്കും, രഹസ്യപാപങ്ങൾക്കും, ആലോചനകൾക്കും തക്കവിധത്തിൽ ന്യായവിധി ഉണ്ടാകുന്നു. ''മരിച്ചവക്കു് അവരുടെ പ്രവൃത്തികൾക്കൊത്ത ന്യായവിധിഉണ്ടായി.'' (വെളി. 20. 12) ജീവൻെറ പുസ്തകത്തിൽ പേരുകൾ എഴുതപ്പെട്ടിട്ടുള്ള വിശുദ്ധന്മാക്കു് സന്തോഷത്തിനു് അവകാശമുണ്ടു്. യഹോവാഭക്തന്മാർക്കുവേണ്ടി സ്വർഗ്ഗത്തിൽ ഒരു സ്മരണപുസ്തകം എഴുതിവച്ചിരിക്കുന്നതായി മലാഖി പ്രവചിച്ചിട്ടുണ്ടു്. ''ചൂളപോലെ കത്തുന്ന ഒരു ദിവസംവരും അപ്പോൾ സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും ... അവരെ ദഹിപ്പിച്ചു കളയും....യഹോവാ അരുളിച്ചെയ്യുന്നു.'' മലാ 4. 1. നോഹയുടെ കാലത്തു വിശ്വജലപ്രളയത്തിലൂടെ ലോകം നശിച്ചതുപോലെ, ആറാം യുഗത്തിൽ ജീവിക്കുന്ന ആധുനികലോകം അഗ്നിക്കായി അവശേഷിച്ചിരിക്കുകയാണു്. അഗ്നിശോധനയിലൂടെയുള്ള ഒരു മഹോപദ്രവകാലം ലോകത്തിനുണ്ടാകും. ന്യായവിധിദിന

ത്തിൽ നീതിമാന്മാർ ആകാശത്തിലെ വെള്ളിനക്ഷത്രങ്ങൾപോലെ സദാ പ്രകാശിക്കും. ജയിക്കുന്നവക്ക് വെള്ള സിംഹാസനത്തിൽ ഇരിപ്പാൻ വരംനൽകുന്നു.

## എരിയുന്ന തീപ്പൊയ്ക

''ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എൻെറ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നെ.'' റോമ: 2. 16. രക്ഷിക്കപ്പെട്ടവർ, നഷ്ടപ്പെട്ടവർ എന്നീ രണ്ടു വിഭാഗം ആളുകൾ മാത്രം ശേഷിക്കുന്നു. എരിയുന്ന തീപ്പൊയ്ക രണ്ടാമത്തെ മരണമായി വ്യാഖ്യാനിക്കപ്പെടുന്നു.

നരകം അഥവാ 'തീപ്പൊയ്ക'യെ സംബന്ധിച്ചുള്ള പാദാനുപദമായുള്ള അർത്ഥത്തെ സംബന്ധിച്ച് വ്യത്യസ്ഥങ്ങളായ വ്യാഖ്യാനങ്ങളുണ്ട്. സ്നേഹത്തിൻെറ നിറകുടമായ ദൈവം അണഞ്ഞുപോകാത്ത തീപ്പൊയ്കയിൽ ദൈവത്തിൻെറ മകുടസൃഷ്ടിയായ മനുഷ്യരെ തള്ളിയിട്ടശേഷം വീണവായിച്ചു രസിക്കുമോ? എരിയുന്ന തീച്ചൂളയിൽ മനുഷ്യൻ നശിക്കാതെ നിത്യയാതന അനുഭവിക്കുമോ? എന്നീ ചോദ്യങ്ങൾക്കുള്ള ശാസ്ത്രീയമായുള്ള സമീപനരീതി എന്താണ്? സ്നേഹസമ്പനായ ദൈവത്തിൽനിന്നു് അകന്നുപോകുന്ന മനുഷ്യജീവിതം നരകതുല്യമാണ്. എരിയുന്ന തീച്ചൂളയെക്കാൾ നമുക്കു ഭയം നൽകുന്നതു് കർത്താവിൻെറ തിരുസാന്നിദ്ധ്യത്തിൽ നിന്നും വേർതിരിക്കപ്പെട്ടുപോകുന്ന അവസ്ഥയാണ്. നമ്മെ നിത്യം ദഹിപ്പിച്ചുകൊണ്ടിരിക്കുന്ന നരകം ദൈവത്തിൽനിന്നുള്ള വേർപാടാണല്ലോ. ശാരീരികമായുള്ള ദണ്ഡനങ്ങളെക്കാൾ ഹൃദയത്തിനു അഗ്നികത്തിക്കുന്നതു് ആത്മാവിൻെറ വേദനയാണ്. ''പാപത്തിൻെറ ശമ്പളം മരണമത്രേ'' എന്നുള്ള വാക്യത്തിൻെറ അടിസ്ഥാനത്തിൽ മരണമാണ് നിത്യനരകമെന്നു് തെററായി വ്യാഖ്യാനിക്കുന്ന ചില അന്തിക്രിസ്തുക്കളും ഇറങ്ങിയിട്ടുണ്ട്.

# 7. ദൈവത്തിൻെറ കുഞ്ഞാട്

'ഇതാ ദൈവത്തിൻെറ കുഞ്ഞാട്.' യോഹ: 1.29;36. യോഹന്നാൻ സ്നാപകൻ തൻെറ ശിഷ്യന്മാർക്ക് ക്രിസ്തുവിനെ 'ഇതാ ദൈവത്തിൻെറ കുഞ്ഞാട്' എന്നു പറഞ്ഞു പരിചയപ്പെടുത്തിക്കൊടുക്കുന്നു.

'കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരിക്കുന്നു.' യെശ: 53. 7. ക്രിസ്തുവിനെ സംബന്ധിച്ചുള്ള യെശയ്യാ പ്രവാചകൻെറ പ്രവചനം സാക്ഷാൽക്കരിക്കപ്പെട്ടു. അ. പ്ര. 8.32.

'ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിൻെറ വിലയേറിയ രക്തം നമ്മെ വീണ്ടെടുത്തിരിക്കുന്നു.' 1. പത്രൊ. 1. 19. പുതിയ ജറുശലേമിൽ കുഞ്ഞാടിൻെറ തിരുരക്തത്തിൽ അങ്കികഠ കഴുകിയിട്ടുള്ള ശുഭ്രവസ്ത്രധാരികളായ വിശുദ്ധഗണങ്ങളുണ്ടു്.

വെളിപാടുപുസ്തകത്തിൽ ക്രിസ്തുവിൻെറ അഭികാമ്യമായുള്ള പേരു് 'കുഞ്ഞാട്' എന്നാണു്.

'ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ കണ്ടു.' വെളി. 5. 7.

കുഞ്ഞാട് മുദ്രകളിൽ ഒന്നു പൊട്ടിച്ചു. വെളി. 6. 1 ഇരുപത്തിനാലു മൂപ്പന്മാർ കുഞ്ഞാടിൻെറ മുമ്പാകെ വീണു നമസ്കരിച്ചു. വെളി 5. 8, 14. 'അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു.' വെളി. 5. 12, പതിനായിരം പതിനായിരവും ആയിരം ആയിരവുമായ ദൈവദൂതന്മാർ ആർത്തുപാടിയ മധുരഗാനമാണിതു്.

'കുഞ്ഞാടിൻെറ കോപം തട്ടാതവണ്ണം ഞങ്ങളെ മറെപ്പിൻ' വെളി. 6. 16.

'സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽ നിന്നും ഉള്ളതായി ആക്കും എണ്ണിക്കൂടാത്ത ഒരു മഹാ പുരുഷാരം വെള്ള നിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു. വെളി. 7: 9.

'ഇവർ മഹാകഷ്ടത്തിൽനിന്നു വന്നവർ. കുഞ്ഞാടിൻെറ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. വെളി. 7. 14.

'സിംഹാസനത്തിൻെറ മദ്ധ്യേയുള്ള കുഞ്ഞാടു് അവരെ മേച്ച് ജീവജലത്തിൻെറ ഉറവുകളിലേയ്ക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണുകളിൽനിന്നു് കണ്ണുനീർ എല്ലാം തുടച്ചുകളയുകയും ചെയ്യും' വെളി. 17.

'അവർ അവനെ കുഞ്ഞാടിൻെറ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു.' വെളി. 12. 11.

'പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെററിയിൽ അവൻെറ നാമവും എഴുതിയിരിക്കുന്ന നൂററിനാല്പത്തിനാലായിരം പേരും നില്ക്കുന്നതു കണ്ടു.' വെളി. 14. 1.

കുഞ്ഞാടു പോകുന്നിടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു.' വെളി. 14. 4.

'ജയിച്ചവർ ദൈവത്തിൻെറ ദാസനായ മോശയുടെ പാട്ടും കുഞ്ഞാടിൻെറ പാട്ടും പാടി.' വെളി. 15. 3.

'ലോകരാജാക്കന്മാർ കുഞ്ഞാടിനോടു പോരാട്ടും. താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു് കുഞ്ഞാടു് തന്നോടുകൂടെ വിളിക്കപ്പെട്ടവരും തെരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും' വെളി 19. 7. 'കുഞ്ഞാടിൻെറ കല്യാണം വരുന്നല്ലൊ' വെളി. 19. 7. കുഞ്ഞാടിൻെറ കല്യാണസദ്യയ്ക്കു വിളി

ക്കപ്പെട്ടവർ ഭാഗ്യവാന്മാർ' വെളി. 19. 9. 'കുഞ്ഞാടിന്റെ കാന്തയായ മണവാട്ടി' വെളി. 21. 9. 'നഗരത്തിന്റെ മതിലിനു പന്ത്രണ്ടു് അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു് അപ്പൊസ്തലന്മാരുടെ പന്ത്രണ്ടു പേരും ഉണ്ടു്'' വെളി. 21.14. 'സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു. നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല.. ദൈവതേജസ്സു് അതിനെ പ്രകാശിപ്പിച്ചു. 'കുഞ്ഞാടു് അതിന്റെ വിളക്കു് ആകുന്നു' വെളി. 21. 22–23 'കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ....ആരും അതിൽ കടക്കയില്ല' വെളി. 21. 27. 'വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായി പളുങ്കു പോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു' വെളി. 22. 1.

## ആടുകളും ഇടയന്മാരും

'ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻ കൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തുവഹിക്കയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും' (യെശ: 40:1).



പലസ്തീൻ നാട്ടിൽ ആടുകളും ആട്ടിടയന്മാരും സുലഭമായിട്ടുണ്ടു്. പ്രസ്തുത നാടുകളുടെ പശ്ചാത്തലത്തിലാണു് ആടുകളെയും ആട്ടിടയന്മാരെയും ബൈബിളിൽ രൂപകാലങ്കാരത്തിൽ ചിത്രീകരിച്ചിട്ടുള്ളതു്. സുപ്രധാനമായി മൂന്നു രീതിയിലുള്ള ഇടയന്മാരുണ്ടു്. ആടുകളെ മേയി

ക്കുന്ന സാധാരണ ഇടയന്മാരാണ് ഒന്നാമത്തെ കൂട്ടർ. രണ്ടാമത്തെ ഇടയന്മാരാണ് ആത്മീയമക്കളായ ആടുകളെ മേയിക്കുന്ന ഇടയന്മാരായ വൈദികരും ബിഷപ്പന്മാരും. രാജാക്കന്മാരും പ്രഭുക്കന്മാരും മററു രാഷ്ട്രീയനേതാക്കന്മാരുമാണ് മൂന്നാമത്തെ ഇടയന്മാർ. ഹോമർ മുതലായ സുപ്രസിദ്ധസാഹിത്യകാരന്മാർ രാജാക്കന്മാരെ ഇടയന്മാരായി വർണ്ണിച്ചിരുന്നു.

ആടുകളെ സദാ പോഷിപ്പിക്കുന്നവരാണ് യഥാർത്ഥ ഇടയന്മാർ. ആടുകളെക്കുറിച്ച് ഇടയന്മാർക്ക് ഭാരം ഉണ്ടായിരിക്കണം. ഇടയന്മാർ ആടുകളുടെ ശുശ്രൂഷകരാണ്. ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്ന നല്ല ഇടയന്മാർ സഭയിൽ ഉണ്ടായിരിക്കണം.

## നല്ല ഇടയനായ ക്രിസ്തു

ദൈവത്തിൻെറ കുഞ്ഞാടായ ക്രിസ്തുവിനെ പുതിയ നിയമത്തിൽ വിവിധ അർത്ഥങ്ങളോടു കൂടെ ഇടയനായി ചിത്രീകരിച്ചിരിക്കുന്നു. ദൈവത്തിൻെറ ഊനമില്ലാത്ത കുഞ്ഞാട് ഇടയനായിത്തീരുന്ന സംഭവം വൈപരീത്യമായിതോന്നാം. ശാസ്ത്രീയമായോ താത്വികമായോ മനസ്സിലാക്കുവാൻ അപര്യാപ്തമായ ഒരു മർമ്മമാണിത്. ആടുകളായ ആത്മായക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഇടയന്മാരാണ് സഭാനേതാക്കന്മാർ. ആടുകളായ സാധാരണ ജനങ്ങളുടെ സകല പ്രശ്നങ്ങളും ഈ ഇടയന്മാർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു.

## ഇടയൻെറ വടി—അംശവടി-ചെങ്കോൽ

ബിഷപ്പന്മാരുടെ അംശവടി ഇടയൻെറ വടിയുടെ അർത്ഥഗംഭീരമായ ആശയത്തിൽ നിന്നും പകർത്തിയിട്ടുള്ളതാണ്. ക്രൈസ്തവഭരണാധികാരത്തിൻെറയും ആത്മീയശിക്ഷണത്തിൻേറയും ചിഹ്നമാണ് അംശവടി. നല്ല ഇടയനായ ക്രിസ്തു ദൈവജനങ്ങളായ ആടുകളെ മേയിക്കുന്നു

തിൻെറ മാതൃകയാണിതു്. രാജാക്കന്മാർ ചെങ്കോൽ പിടിച്ച് രാജ്യത്തെ ഭരിക്കുന്നു. സർവ്വസൈന്യാധിപന്മാർ, രാജാക്കന്മാർ, ന്യായാധിപന്മാർ, സഭാനേതാക്കന്മാർ മുതലായവർ ഇടയൻെറ സ്ഥാനത്തു ജനങ്ങളായ ആടുകളെ മേയിക്കുവാൻ വടി ഔദ്യോഗികമായി ഉപയോഗിക്കുന്നു. അധികാരത്തെയും ഉത്തരവാദിത്തത്തേയും സേവനത്തേയുമാണു് അംശവടി ആവിഷ്ക്കരിക്കുന്നതു്. മോശ വടി എടുത്തുകൊണ്ടു് യിസ്രായേൽ ജനങ്ങളെ വഴി നടത്തി. ദാവീദിൻെറ വടിയും കോലും രണ്ടു അർത്ഥത്തിൽ രേഖപ്പെടുത്തുന്നു.

അഗ്രഭാഗത്തു് മുഴയുള്ള ഒരിനം ഇടയവടിയുണ്ടു്. അവ ശത്രുക്കളായ കള്ളന്മാരേയും വന്യമൃഗങ്ങളേയും അടിച്ചോടിക്കുന്നതിനു് ഉപയോഗിക്കുന്നു. ദാവീദ് സിംഹത്തിൻെറ വായിൽ നിന്നും ആടിനെ രക്ഷിച്ചതു് ഈ രീതിയിലുള്ള വടി ഉപയോഗിച്ചാണു്. പ്രജകളുടെ ഇടയന്മാരായ രാജാക്കന്മാരുടെ ചെങ്കോൽ അധികാരം, ശക്തി, സംരക്ഷണം ഇവയുടെ ചിഹ്നമാണു്. തോട്ടിയുടെ മാതൃകയിലുള്ള ഇടയവടി ആടുകൾക്കു് മരക്കൊമ്പുകൾ ഒടിച്ചുകൊടുക്കുവാൻ ഉപയോഗിക്കുന്നു. 'ആട്ടിൻ കൂട്ടത്തെ നിൻെറ കോൽ കൊണ്ടു് മേയിക്കേണമേ'

മീഖാ: 7:14.

## യിസ്രായേലിൻെറ ഇടയന്മാർ

യെഹസ്ക്കേൽ പ്രവാചകൻെറ പുസ്തകം 34-ാം അദ്ധ്യായത്തിൽ യിസ്രായേലിൻെറ നല്ല ഇടയന്മാരെ സംബന്ധിച്ചുള്ള മനോഹരമായ ഒരു ചിത്രീകരണമുണ്ടു്. ആധുനിക ക്രൈസ്തവസഭയിലെ ഇടയന്മാർ അനുകരിക്കേണ്ട ചില സ്വഭാവവിശേഷങ്ങൾ ശ്രദ്ധേയമാണു്.

ഇടയന്മാർ ബലഹീനരായ ആടുകളെ ശക്തീകരിക്കണം. ദീനം പിടിച്ചതിനെ തൈലം പൂശി ചികിത്സിക്കണം. കാൽ ഒടിഞ്ഞതിനെ മുറിവുകെട്ടി ശുശ്രൂഷിക്കണം. ചിതറിപ്പോയ ആടുകളെ തിരിച്ചുവരുത്തണം. കാണാതെപോയ ആടിനെ അന്വേഷിക്കണം. ഇടയന്മാർ

തങ്ങളെത്തന്നെ മേയിക്കാതെ ആടുകളെ ശുശ്രൂഷിക്കുന്നതിൽ ശ്രദ്ധിക്കണം. ഇടയന്മാർ കഠിനതയോടും ക്രൂരതയോടും ഭരിക്കയല്ല, സേവനം ചെയ്യുകയത്രേ വേണ്ടതു്. കുറച്ചു വർഷങ്ങൾ മുമ്പാണു് ഞങ്ങളുടെ ഇടവകയിൽ ശുശ്രൂഷചെയ്തശേഷം യാത്രാസമ്മേളനത്തിൽ മറുപടി പ്രസംഗംചെയ്ത ഇടവകപ്പട്ടക്കാരൻ പറഞ്ഞു 'കഴിഞ്ഞ മൂന്നു വർഷക്കാലം ഈ ഇടവകയെ എനിക്കു ഭരിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടു്' എന്നു്. ക്രൈസ്തവസഭയിലെ പല ഇടയന്മാൎക്കും ഈ ചിന്താഗതി കടന്നുകൂടിയിട്ടുണ്ടു്. ആത്മീയഇടയന്മാർ ശുശ്രൂഷിക്കുന്നതിനുപകരം ആടുകളെ ഭരിക്കാൻ ചെന്നാൽ ഇക്കാലത്തു വിലപ്പോകുമോ എന്നു് ചിന്തിക്കേണ്ടതാണു്.

## ഇടയന്മാരുടെ സ്വഭാവവിശേഷങ്ങൾ

(1) പോഷിപ്പിക്കുക

പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു (സങ്കീ 23:2) ഉണങ്ങിവരണ്ട പ്രദേശങ്ങളേയും പാറപ്പുറങ്ങളേയും അതിജീവിച്ചു് ആടുകളെ തീററി പോഷിപ്പിക്കുകയും, ശാന്തമായ നീരുറവകളിലേയ്ക്കു് ആനയിപ്പിച്ചു് വെള്ളം കുടിപ്പിക്കുകയും ചെയ്യുക.

(2) ലളിതമായ ജീവിതരീതി

ഇടയന്മാർ സാധാരണ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ചിരുന്നു. ലളിതസുന്ദരമായ വേഷരീതിയാണു് ഇടയന്മാൎക്കുള്ളതു്. ആഹാരം കൊണ്ടുപോകുന്നതിനു് പ്രത്യേകരീതിയിലുള്ള തോൽസഞ്ചിയുണ്ടു്. തോൽസഞ്ചിയിൽ അപ്പവും വെണ്ണയും, ഒലിവു ഫലങ്ങളും മററും കൊണ്ടുപോകുന്നു. ദാവീദ് ഗോല്യാത്തിനെ കൊല്ലുന്നതിനു ഉപയോഗിച്ച കല്ലു് ഇടയസഞ്ചിയിലാണു് സൂക്ഷിച്ചതു്.

(3) കൂലിക്കാരായ ഇടയന്മാർ

ഉടമസ്ഥരായ ഇടയന്മാരും കൂലിക്കാരായ ഇടയന്മാരുമുണ്ട്. ‘‘ഇടയന്മാരും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതുകണ്ട് ആടുകളെ വിട്ടു ഓടികളെയുന്നു. ചെന്നായ് അവയെ പിടിക്കുകയും ചിന്നിച്ചുകളകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് വിചാരമില്ലാത്തവനുമല്ലോ’’ യോഹ.10:12. ഇടയന്മാർ ശമ്പളത്തിനുവേണ്ടി ജോലിചെയ്യുന്നവരുടെ നിലവാരത്തിൽ ചേരാതെയും പ്രയാസങ്ങളുടെയും പ്രതികൂല സാഹചര്യത്തിൻെറയും മദ്ധ്യത്തിൽ ആടുകളെ ഉപേക്ഷിച്ചിട്ട് വേറെ ആട്ടിൻകൂട്ടത്തിലേയ്ക്കു പാളംതെററി ഓടാതെയും കരുതണം.

(4) ആടുകളെ ഓമനപ്പേരു ചൊല്ലി വിളിക്കുക

‘‘തൻെറ ആടുകളെ ഇടയൻ പേരു ചൊല്ലി വിളിച്ച് പുറത്തു കൊണ്ടുപോകുന്നു’’ (യോഹ. 10:3) ഇടയന് ഓരോ ആടുകളെ സംബന്ധിച്ചും വ്യക്തിപരമായ ജ്ഞാനം ഉണ്ടായിരിക്കണം. അസാദ്ധ്യമായ ഒരു കാര്യമായിരിക്കാമിതു്. പക്ഷെ ആവശ്യമായ ഒന്നാണു്. ‘ഞാൻ നല്ല ഇടയൻ; ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു’’ യോഹ. 10:14.

(5) വഴികാട്ടികൾ

‘‘ഇടയൻ ആടുകൾക്കു മുമ്പായി നടക്കുന്നു’’ യോഹ 10:4. പൗരസ്ത്യനാട്ടിലെ രീതി അനുസരിച്ച് ഇടയൻ ആടുകൾക്കു മുമ്പേ പോകുകയും ആടുകൾ ഇടയൻെറ ശബ്ദം കേട്ടനുസരിച്ച് അനുഗമിക്കുകയും ചെയ്യുന്നു. ചിലപ്പോൾ പിന്നിലും, അരികിലുമായി നടക്കുന്ന രീതിയുണ്ടു്. ഇടയൻെറ കാൽച്ചുവടുകളെ ആടുകൾ പിൻതുടരണം.

(6) വഴിതെററിപ്പോയതിനെ അന്വേഷിച്ച് തിരിച്ചു കൊണ്ടുവരിക

ആട്ടിൻകൂട്ടത്തിൽനിന്നും ആടുകൾ ഒററതിരിഞ്ഞുപോകുന്നതു അപകടകരമാണ്. പ്രതികൂല സാഹചര്യങ്ങളിൽ കൂട്ടത്തിൽനിന്നും ഓടിപ്പോകുന്ന ആളുകളെ അന്വേഷിച്ചു തിരിച്ചു കൊണ്ടുവരണം.

(7) ആടുകളെ സംബന്ധിച്ചുള്ള ഹൃദയഭാരം

ശാരീരികമായും ആത്മീകമായും സുഖക്കേടു ബാധിച്ച ആടുകളെ സമീപിച്ചു അവയെ ചികിത്സിച്ച് സൗഖ്യപ്പെടുത്തുക, കൈകാലുകൾ ഒടിഞ്ഞവയെ മുറിവുകെട്ടി ശുശ്രൂഷിക്കുക. ആവശ്യത്തിലും വിഷമതയിലും ഇരിക്കുന്ന ആടുകൾക്കു വേണ്ടി പ്രാർത്ഥിക്കുക. ഇടയൻെറ ഹൃദയഭാരത്തോടുകൂടിയ ചുമതലകളാണിവ.

ബിഷപ്പ്—ഇടയൻ—അദ്ധ്യക്ഷൻ—മൂപ്പൻ—നേതാവ്.

ബിഷപ്പ് (Bishop) എന്ന പദത്തിനു ഗ്രീക്കിൽ Episkopos (എപ്പിസ്കോപ്പോസ്) എന്നാണ് ഉപയോഗിച്ചിരിക്കുന്നതു്. അതിൻെറ അർത്ഥം Overseer (മേൽനോട്ടക്കാരൻ അഥവാ അദ്ധ്യക്ഷൻ) എന്നാണ്. മൂപ്പൻ (Elder) എന്ന പദത്തിനു ഗ്രീക്കിൽ Presbyteros (പ്രസ്ബിററിറോസ്) എന്നാണ്. ചുരുക്കത്തിൽ ഇടയൻ, അദ്ധ്യക്ഷൻ, ബിഷപ്പ്, മൂപ്പൻ എന്നീ പദങ്ങളെല്ലാംതന്നെ ഒരേ ആശയത്തിലാണ് ചിത്രീകരിച്ചിട്ടുള്ളതു്. അദ്ധ്യക്ഷൻ വിശുദ്ധിയുടെ വസ്ത്രാലങ്കാരത്തിൽ സഭയെ നിർമ്മലീകരിപ്പാൻ ശ്രദ്ധിക്കണം. ദൈവത്തിൻെറ കുഞ്ഞാടിൻെറ തിരുരക്തത്താൽ മറുവിലയാൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിൻെറ സഭയിലെ ആടുകളെ സൗഖ്യതയിൽ മേയ്പാൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തരായവരാണ് അദ്ധ്യക്ഷന്മാർ. ആട്ടിൻകൂട്ടത്തെ രാപ്പകൽ കാത്തുസൂക്ഷിപ്പാനുള്ള വലിയ ഉത്തരവാദിത്വം ഇടയന്മാർക്കുണ്ടു്. അദ്ധ്യക്ഷൻെറ യോഗ്യതകളെ സംബന്ധിച്ച്

വി. പൗലോസ് തിമൊഥെയോസിനു് എഴുതിയിട്ടുള്ളതു ശ്രദ്ധേയമാണു്. നിർമ്മദൻ, ജിതേന്ദ്രിയൻ, സുശീലൻ, അതിഥിപ്രിയൻ, ശാന്തൻ, ഉപദേശിപ്പാൻ സമർത്ഥൻ, ദ്രവ്യാഗ്രഹമില്ലാത്തവൻ, മദ്യപ്രിയനും കലഹപ്രിയനുമല്ലാത്തവൻ, നന്നായി പൂർണ്ണ ഗൗരവത്തോടെ പാലിക്കുന്നവൻ എന്നീ സൽസ്വഭാവങ്ങളുടെ വിറകുടമായിരിക്കണം ബിഷപ്പ്. 1 തിമോ. 3:2, തീത്തോ 1:7–9. തലയിൽ കൈവച്ച് പ്രാർത്ഥിച്ച് ബിഷപ്പന്മാരെവാഴിക്കുന്നു—ഒരു മെത്രാപ്പോലീത്താ തിരുമേനിയും രണ്ടു ബിഷപ്പന്മാരും ചേർന്നാണു് ബിഷപ്പിനെ വാഴിക്കുന്നതു്.

ആടുകളും ഇടയന്മാരും തമ്മിൽ വേർതിരിക്കാൻ പാടില്ലാത്ത ഒരു സജീവമായുള്ള ബന്ധമാണുള്ളതു്. നല്ല ഇടയൻ ആടുകളെ സ്നേഹിക്കുകയും കരുതുകയും ആടുകൾക്കു വേണ്ടി ജീവനെ കൊടുക്കുകയും ചെയ്യുന്നു—ഇടയനില്ലാത്ത ആടുകൾ ചിന്നിച്ചിതറിപ്പോകുന്നു. കാണാതെ പോയ ഒരു ആടിനെ കണ്ടുപിടിക്കുന്നതുവരെ അന്വേഷിക്കുന്ന ഇടയൻെറ ഉപമ അർത്ഥഗംഭീരമായിട്ടുണ്ടു്. ആടുകൾ ഇടയൻെറ നേരിയ ശബ്ദം കേൾക്കുകയും അനുസരിച്ച് അനുഗമിക്കയും ചെയ്യണം. ലോകത്തിൽ കാണപ്പെടുന്ന പല ഇടയന്മാരും പല ആട്ടിൻകൂട്ടവുമുണ്ടു്. ഒരു ഇടയനും ഒരു ആട്ടിൻകൂട്ടവുമായിത്തീരുന്ന മഹാദിനത്തിനുവേണ്ടി പ്രത്യാശയോടുകൂടി കാത്തിരിക്കാം.

നല്ല ഇടയനായ ക്രിസ്തുവിനെ വിവിധ നാമങ്ങളിൽ ബൈബിളിൽ ചിത്രീകരിച്ചിട്ടുണ്ടു്.

(1) നല്ല ഇടയൻ (Good Shepherd)

“ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തൻെറ ജീവനെ കൊടുക്കുന്നു” യോഹ. 10.11. ആടുകൾക്കുവേണ്ടി ജീവൻ മറുവിലയായി കൊടുത്ത ദൈവത്തിൻെറ ഊനമില്ലാത്ത കുഞ്ഞാടു് നല്ല ഇടയനായി പുതിയ ജറുശലേമിൽ സദാ വസിക്കുന്ന കാഴ്ച വാസ്തവത്തിൽ ആശ്ചര്യകരമായതാണു്.

(2) ''യഹോവ എൻെറ ഇടയൻ ആകുന്നു''

സങ്കീ: 23 (God is my Shepherd) ആട്ടിടയനായിരുന്ന ദാവീദ് യഹോവ തൻെറ സ്വന്ത ഇടയനായി അനുഭവത്തിൽനിന്നും അടത്തിയെടുത്തു പറഞ്ഞിരിക്കുന്നതു് ഹൃദയസ്പർശകമായിരിക്കുന്നു. ഈ വിലയേറിയ അനുഭവം നമ്മുടെ സ്വന്ത അനുഭവത്തിൻെറ വിശദീകരണമായിത്തീരണം.

(3) ആടുകളുടെ വലിയ ഇടയൻ
"The great Shepherd of the Sheep"

''ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു് മടക്കിവരുത്തിയ സമാധാനത്തിൻെറ ദൈവം'' എബ്രാ. 13. 20. ആടുകളുടെ മുഖ്യ ഇടയനായ ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേററു് വിശുദ്ധ നഗരമായ സ്വർഗ്ഗീയ സീയോനിൽ വസിക്കുന്നു. വലിയ ഇടയനോടുകൂടെ കുഞ്ഞാടുകളായ നാമും വസിക്കണം.

(4) ആത്മാക്കളുടെ ഇടയൻ
(The Shepherd of the Souls)

''നിങ്ങൾ തെററി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു. ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങിവന്നിരിക്കുന്നു''

I. പത്രോ. 2.25

ക്രിസ്തുവിൻെറ ക്രൂശുമരണം നമുക്കു നീതിയുടെ പുത്തൻ ജീവൻ നൽകിത്തന്നു, ക്രിസ്തുവിൻെറ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം തന്നു. വിശുദ്ധന്മാരുടെ മരണാനന്തര ജീവിതത്തിൽ അവർ ആടുകളുടെ ഇടയനും

സ്വർഗ്ഗീയ സിംഹാസനത്തിൻെറ അദ്ധ്യക്ഷനമായ ക്രിസ്തുവിൻെറ സമീപം എത്തിച്ചേരും.

## (5) ഇടയശ്രേഷ്ഠൻ (Head Shepherd)

"എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിൻെറ വാടാത്ത കിരീടം പ്രാപിക്കും" I. പത്രോ. 5.4. ഇടയശ്രേഷ്ഠനായ ക്രിസ്തു സ്വർഗ്ഗീയ സിംഹാസനത്തിൽ നീതിയുടെ സൂര്യനായി വാഴുമ്പോൾ വിശുദ്ധ ജനങ്ങൾക്ക് തേജസ്സിൻെറ വാടാത്ത ജീവകിരീടം നൽകും.

# 8. ക്രിസ്തുവിൻെറ പുനരാഗമനം

''കത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതൻെറ ശബ്ദത്തോടും ദൈവത്തിൻെറ കാഹളത്തോടും കൂടെ സ്വഗ്ഗത്തിൽനിന്നു് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ച വർ മുമ്പെ ഉയിത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവ നോടു ശേഷിക്കുന്ന നാം അവരോടൊരുമിച്ചു് ആകാശ ത്തിൽ കത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്ക പ്പെടും. ഇങ്ങനെ നാം എപ്പോഴും കത്താവിനോടുകൂടെ ഇരിക്കും'' (I തെസ്സ 4.16–17)

പുനരുത്ഥാനം ചെയ്ത കത്താവു് തൻെറ പുനരാ ഗമനത്തെ സംബന്ധിച്ചു് വളരെ ഖണ്ഡിതമായി അരുളി ചെയ്തിട്ടുണ്ടു്. യേശുക്രിസ്തുവിൻെറ അപ്പൊസ്തലന്മാരുടെ ലേഖനങ്ങളിൽ ക്രിസ്ത്യാനിയുടെ ഏക പ്രത്യാശയായി കാത്തിരിക്കുന്ന ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിനെക്കു റിച്ചു് സുവൎണ്ണലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രവാചകന്മാരുടെ പ്രവചനത്തിൻെറ വെളിച്ചത്തിൽ അതു വ്യക്തമാക്കിയിട്ടുണ്ടു്.

യഹൂദന്മാരുടെ രാജ്യ പുനസ്ഥാപനവും, ചെറിയ കൂട്ടമായ യിസ്രായേൽ ജാതിയുടെ അത്ഭുതപൂൎവ്വമായുള്ള വിജ യവും ക്രിസ്തുവിൻെറ പുനരാഗമനത്തെ തിട്ടപ്പെടുത്തുന്നു. ജാതികൾ ജറുശലേമിനെ ചവുട്ടി കൊടികുത്തിവാഴു ന്ന കാലം, കള്ള ക്രിസ്തുക്കൾ, മാൎഗ്ഗീയമായുള്ള ലക്ഷ്യ ങ്ങൾ, ആകാശത്തിലും ഭൂമിയിലും ഉണ്ടാകുന്ന ലക്ഷ്യങ്ങൾ ഇവയെല്ലാം കത്താവിൻെറ പുനരാഗമനത്തെ സ്ഥിരീക രിക്കുന്നു.

## പുനരാഗമനം സുവിശേഷങ്ങളിൽ

''മനുഷ്യപുത്രൻ തൻെറ പിതാവിൻെറ മഹത്വത്തിൽ തൻെറ ദൂതന്മാരുമായി വരും, അപ്പോൾ അവൻ ഓരോരു

ത്തനും അവനവൻെറ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും" മത്താ. 16.27, മക്കോ. 8 38.

"മനുഷ്യപുത്രൻ തൻെറ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോഠം അവൻ തൻെറ തേജസ്സിൻെറ സിംഹാസനത്തിൽ ഇരിക്കും" മത്താ 25.31.

"മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രൻെറ വരവു് ആകും"

മത്താ 24.27.

ക്രിസ്തുവിൻെറ പുനരാഗമനം ലോകത്തിൽ വലിയ വിപ്ലവം സൃഷ്ടിക്കും. നോഹയുടെ കാലത്തു് വിശ്വജലപ്രളയം ഉണ്ടായതുപോലെ തന്നെ ക്രിസ്തുവിൻെറ ന്യായവിധി ലോകത്തെ അഗ്നിക്കിരയാക്കിത്തീക്കും.

"നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രൻെറ വരവും ആകും" മത്താ. 24.37.

"ലോത്തിൻെറ കാലത്തു സംഭവിച്ചതുപോലെ.... ....സോദോമിൽ—ആകാശത്തുനിന്നും തീയും ഗന്ധകവും പെയ്തു് എല്ലാവരേയും മുടിച്ചുകളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നെ ആകും"

ലൂക്കൊ. 17.28–30.

"മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നതു് അവർ കാണും"

ലൂക്കൊ. 21.27.

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു്, ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങഠം ഉണ്ടു്...........ഞാൻ നിങ്ങഠംക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു...........ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു് പിന്നെയും വന്നു് നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും" യോഹ: 14.1–3.

വൃതന്മാരെ നാലു ദിക്കിൽനിന്നും കൂട്ടിച്ചേക്കും. "അവൻ തൻെറ ദൂതന്മാരെ മഹാ കാഹളദ്ധ്വനിയോടും കൂടെ

അയയ്ക്കും. അവൻ തൻെറ വൃതന്മാരെ ആകാശത്തിൻെറ അറുതി മുതൽ അറുതി വരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും'' മത്താ. 24.41. മനുഷ്യപുത്രൻ അപ്രതീക്ഷിതമായുള്ള സമയത്തു പെട്ടെന്നു വരുന്നതുകൊണ്ടു് ഒരുങ്ങി ഇരുപ്പിൻ മത്താ. 24.44.

## പുനരാഗമനം ലേഖനങ്ങളിൽ

''എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിൻെറ വാടാത്ത കിരീടം പ്രാപിക്കും'' II. പത്രൊ. 5. 4.

''അവൻെറ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ.... സ്വന്തമോഹങ്ങളെ അനുസ്സരിച്ചു നടക്കുന്ന പരിഹാസികൾ....അന്ത്യകാലത്തുവരും.... ആകാശവും ഭൂമിയും അഗ്നിക്കായി സൂക്ഷിച്ചിരിക്കുന്നു.'' II. പത്രൊ. 3. 3–13.

''ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും'' എബ്രാ. 9. 28.

''കർത്താവുതാൻ ഗംഭീരനാദത്തോടും....ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും.,..ആകാശത്തിൽ....മേഘങ്ങളിൽ എടുക്കപ്പെടും.'' I. തെസ്സ. 4.16–17.

''നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെനിന്നു് കർത്താവായ യേശുക്രിസ്തു രക്ഷിതവായി വരുമെന്നു നാം കാത്തിരിക്കുന്നു.'' ഫിലി. 3. 20. ജീവനുള്ളപ്രത്യാശയാണിതു് ''ആ മർമ്മം മഹത്വത്തിൻെറ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നെ'' കൊലൊ. 1. 27. New English Bible യിലെ പ്രസ്തുത തർജ്ജമ അർത്ഥഗംഭീരമായിട്ടുണ്ടു്. "The Secret is this Christ in you the hope of glory to come." (മഹത്വത്തിൻെറ പ്രത്യാശയായി വീണ്ടും വരുന്ന ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതുതന്നെ)

"നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും" കൊലൊ. 3. 4.

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പ്രത്യക്ഷതവരെ ഈ കല്പന പ്രമാണിക്കണം." I. തിമൊ:6. 13 വി. പൗലോസ് തിമൊഥെയൊസിനു കൊടുക്കുന്ന പ്രബോധനം ശ്രദ്ധേയമാണു്.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു് ആ ദിവസ്സത്തിൽ (മഹത്വ പ്രത്യക്ഷതയിൽ) എനിക്കു നൽകും" II. തിമൊ. 4. 7–8. നമുക്കിതുസാക്ഷിക്കാമോ?

നമ്മുടെ കർത്താവായ യേശുക്രിസ്തു തൻെറ ക്രൂശുമരണത്തെയും പുനരാഗമനത്തെയും ഓർപ്പിക്കുന്നതിനു വേണ്ടി ക്രൈസ്തവസഭക്കു് ഏല്പിച്ചുകൊടുത്ത ദിവ്യബലി—വി. കുർബ്ബാന—കർത്താവിൻെറ അത്താഴം—സത്യകർമ്മം—ക്രിസ്തുവിൻെറ രണ്ടാമത്തെ വരവുവരെയും തുടരുന്നു.

"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും....കർത്താവു വരുവോളം തൻെറ മരണത്തെ പ്രസ്താവിക്കുന്നു." I. കൊരി. 11. 26.

"നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിൻെറ തേജസ്സിൻെറ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു്, ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു...." തീത്തൊ. 2. 12–13.

## തെസ്സലൊനിക്യാലേഖനത്തിൽ

വി. പൗലൊസു് തൻെറ ദ്വിതീയ മിഷനറി യാത്രയിൽ A. D. 51-ൽ സ്ഥാപിച്ച സഭയാണു് തെസ്സലൊനിക്യാസഭ. പുതിയ നിയമപുസ്തകത്തിൽ വച്ചു് ഏറ്റവും ആദ്യം എഴുതിയ പുസ്തകം തെസ്സലൊനിക്യാലേഖനമാണെന്നു ... ശാസ്ത്രപണ്ഡിതന്മാർ ആധികാരികമായി അവകാ

ശപ്പെടുന്നു. ക്രിസ്തുവിൻെറ പുനരാഗമനത്തെ സംബന്ധിച്ചുള്ള വിശദീകരണത്തോടു കൂടെയാണ് ഈ ആദ്യപുസ്തകം ആരംഭിക്കുക. പുതിയ നിയമപുസ്തകത്തിൽ അവസാനിക്കുന്ന വെളിപാടു പുസ്തകത്തിലും പുതിയജറുശലേമിനെക്കുറിച്ചും പുനരാഗമനത്തെക്കുറിച്ചും "അതേ ഞാൻ വേഗം വരുന്നു." എന്ന് എഴുതി സമാപിപ്പിക്കുന്നു.

വിശ്വാസികളായ മരിച്ചവരെ 'നിദ്രകൊണ്ടവർ' 'Fallen asleep'എന്നാണു പറഞ്ഞിരിക്കുന്നതു. "ദൈവം നിദ്രകൊണ്ടവരെ യേശുക്രിസ്തു മുഖാന്തരം അവനോടുകൂടെ വരുത്തും" I. തെസ്സ. 4. 14

ഗംഭീര നാദം, പ്രധാന ദൂതൻെറ ശബ്ദം, ദൈവത്തിൻെറ കാഹളദ്ധ്വനി, ഇവ കർത്താവിൽ നിദ്രകൊണ്ടവരെ ഉയിർത്തെഴുന്നേല്പിക്കുന്നു. അന്നു ജീവനോടെ അവശേഷിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെട്ടു കർത്താവിനെ എതിരേല്ക്കുവാൻ മദ്ധ്യാകാശത്തിൽ എടുക്കപ്പെടും. പ്രസ്തുത ഭാഗ്യകരമായ സംഭവത്തിനു 'മദ്ധ്യാകാശ പ്രത്യക്ഷത' എന്നു പറയുന്നു.

"നിങ്ങളുടെ ആത്മാവും, പ്രാണനും,ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ." I. തെസ്സ. 5. 23.

"കർത്താവായയേശു തൻെറ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി പ്രതികാരം കൊടുക്കും....ആശ്വാസവും പകരം നൽകുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ." II. തെസ്സ 1. 6–7

## ആകാശത്തിലും ഭൂമിയിലും ലക്ഷ്യങ്ങൾ

'നിങ്ങൾ യുദ്ധങ്ങളേയും യുദ്ധശ്രുതികളേയും കുറിച്ചു കേൾക്കും' മത്താ. 24. 6. അന്ത്യകാലത്തു് സാർവ്വത്രികമായി യുദ്ധങ്ങളും, അത്യത്തിത്തക്ഞ്ഞെളും, സമരകാഹളദ്ധ്വനികളും കേൾക്കുന്നു. ജാതി ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കുന്ന കാലയളവിലാണു് നാം എത്തിച്ചേർന്നിരിക്കുന്നതു്.

ഭൂകമ്പങ്ങൾ ഇക്കാലത്തു് വളരെയധികം വർദ്ധിച്ചിട്ടുണ്ടു്.

'ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിൎക്കും. വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും. ഭയങ്കര കാഴ്ചകളും ആകാശത്തിൽ മഹാലക്ഷ്യങ്ങളും ഉണ്ടാകും' ലൂക്കൊ, 21. 10–11.

ഭക്ഷ്യക്ഷാമം അതിരൂക്ഷമായുള്ള രീതിയിൽ ഭാരതത്തിൽ· അനുഭവപ്പെടുന്നു. വിദേശരാജ്യങ്ങളിൽനിന്നും ധാന്യങ്ങൾ വരുത്തുകയും, ശാസ്ത്രീയമായുള്ള രീതിയിൽ വിളവു വർദ്ധിപ്പിക്കുകയും ചെയ്തിട്ടും ഭാരതം ഇന്നും പട്ടിണിയിൽ നട്ടംതിരിയുന്നു. ലോകത്തിൽ പലടത്തും കാലാകാലങ്ങളിൽ ആവശ്യമായുള്ള മഴയും വെയിലും മഞ്ഞും ലഭിക്കാതെ കൃഷിയും മൃഗങ്ങളും മനുഷ്യരും നശിക്കുന്നു. വെള്ളപ്പൊക്കം ഒരിടത്തു്, മററൊരിടത്തു വരൾച്ച. വേറൊരിടത്തു് പകൎച്ചവ്യാധികളും പീഡനവും. ആധുനികരീതിയിൽ ശാസ്ത്രീയമായുള്ള ചികിത്സാസമ്പ്രദായങ്ങളും ഔഷധങ്ങളും ഉണ്ടു്. പക്ഷെ ഹൃദയസ്തംഭനവും മററു പുതിയ രോഗങ്ങളുംകൊണ്ടു് മനുഷ്യർ ഭയപരവശരായിത്തീരുകയാണു്.

## നിരീശ്വരവിശ്വാസികൾ

റോക്കററു് യുഗത്തിലേക്കു് ലോകത്തിൻെറ മുഴുശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുകയാണല്ലോ. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും പുതിയ ലക്ഷ്യങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. ബാഹ്യാകാശസഞ്ചാരം ചെയ്തു ചന്ദ്രനിൽ കൊടികുത്തി സ്ഥിരതാമസ്സമാക്കുവാൻ ശാസ്ത്രജ്ഞന്മാർ ഭഗീരഥപ്രയത്നം ചെയ്യുന്ന പുതിയ യുഗത്തിൽ ലോകം എത്തിക്കഴിഞ്ഞു. നവീന ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും ബുദ്ധിജീവികളുടെ കണ്ണു കുരുടാക്കിത്തീർക്കുകയാണു്.

നിരീശ്വരവിശ്വാസികളായ ബുദ്ധിജീവികൾ പരീക്ഷണശാലയിലൂടെ ദൈവത്തെ എത്തിപ്പിടിക്കുവാൻ

ചില വിഫലശ്രമങ്ങരം ചെയ്യുന്നു. പൂൎണ്ണപരാജിതരായ ഇക്കൂട്ടർ നിരാശ്ശാഭരിതരായി ഈശ്വരൻ ഇല്ല എന്നുള്ള നിഗമനത്തിൽ എത്തുന്നു.

റഷ്യയിലെ നിരീശ്വരവാദിയായ ഒരു ശാസ്ത്രജ്ഞൻ ബാഹ്യാകാശ സഞ്ചാരം ചെയ്തിട്ടു സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്തി. സൎവ്വജ്ഞാനി എന്നു് സ്വയം പ്രശംസിച്ചിരുന്ന അദ്ദേഹത്തിൻെറ ധിക്കാരമായ പ്രസ്താവന ചിന്തിക്കുക. ഞാൻ ലോകത്തിൽ പല രാജ്യങ്ങളിലും പര്യടനം നടത്തിയിട്ടുണ്ടു്. ദൈവത്തെ അവിടെയെല്ലാം നോക്കിയിട്ടു കാണാൻ കഴിഞ്ഞില്ല. ബാഹ്യാകാശസഞ്ചാരം ചെയ്തപ്പോഠം അവിടെയും അന്വേഷിച്ചു. പക്ഷേ ദൈവത്തെ എനിക്കു കാണുവാൻ സാധിച്ചില്ല.'' അതുകൊണ്ടു് ദൈവം ഇല്ല എന്ന ഒരു നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

അമേരിക്കയിലെ ഈശ്വരവിശ്വാസിയായ ശാസ്ത്രജ്ഞൻ അതിനെ ഖണ്ഡിച്ചു് ഭൂമിയിലും ബാഹ്യാകാശത്തിലും ദൈവസാന്നിദ്ധ്യം അനുഭവപ്പെട്ടതായി സാക്ഷിച്ചു.

## സൂര്യനിൽ നിന്നും അഗ്നി ഇറക്കുന്നു

''അതു് മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറു വലിയ അടയാളങ്ങരം പ്രവൎത്തിക്കും'' വെളി. 13. 13 സൂര്യനിൽനിന്നും അഗ്നിആവാഹിച്ചുള്ള പ്രവൎത്തനങ്ങരം പ്രാവൎത്തികമാക്കിത്തീൎത്തുകഴിഞ്ഞു.

ഇലക്ട്രിസിററിയിലൂടെയുള്ള ആധുനിക സജ്ജീകരണങ്ങരം വെളിച്ചത്തിൽ വന്നിട്ടുണ്ടു്. അടിയങ്ങരം വിടകൊള്ളുന്നു എന്നു നിന്നോടു പറഞ്ഞു പുറപ്പെടുവാൻതക്കവണ്ണം നിനക്കു മിന്നലുകളെ പറഞ്ഞയക്കാമോ? ഇയ്യോ. 38. 35.

ഗതാഗതസൗകര്യം, വാൎത്താവിനിമയസൗകര്യം, വയോജനവിദ്യാഭ്യാസം, പ്രസിദ്ധീകരണങ്ങരം അതി

ശീഘ്രഗതിയിലുള്ള സുവിശേഷ ഘോഷണം, ഇവ യെല്ലാം അതിവേഗം സുവിശേഷം വിളംബരം ചെയ്യുന്ന തിനു് സഹായകരമായിത്തീൎന്നിട്ടുണ്ടു്.

## ദൈവത്തിൻെറ വചനം മനുഷ്യരുടെ ഭാഷകളിൽ

ബൈബിൾ ദൈവത്തിൻെറ വെളിപ്പാടാണു്. ‚‚ദൈവത്തിൻെറ വചനം ലോകാവസാനത്തിനുമുമ്പു് സകല ജാതികളോടും പ്രസംഗിക്കപ്പെടും'' ലോകാവസാ നത്തിനു മുമ്പു് പൂൎത്തിയാക്കപ്പെടേണ്ട ഒരു അന്ത്യപ്രവചന മാണിതു്. മിക്കവാറും എല്ലാരാജ്യങ്ങളിലും ഇന്നു സുവിശേ ഷം എത്തിക്കഴിഞ്ഞു. 1300–ൽ പരം ഭാഷകളിൽ ഇന്നു തിരുവചനം വിപുലമായി വിതരണം ചെയ്യുന്നു.

## തൊഴിലില്ലായ്മ

ഇക്കാലത്തിൻെറ മറെറാരു സ്ഥിതിവിശേഷമാണു് തൊഴിലില്ലായ്മ. ‚‚ഈ കാലത്തിനു മുമ്പെ മനുഷ്യനു കൂലിയില്ല, മൃഗത്തിനു കൂലിയില്ല....ഞാൻ സകല മനു ഷ്യരെയും തമ്മിൽ തമ്മിൽ വിരോധമാക്കിയിരിക്കുന്നു'' സഖ: 8: 11 സ്ഫോടകാത്മകമായുള്ള ജനപ്പെരുപ്പവും അ ഭ്യസ്തവിദ്യരായ ആളുകളുടെ തൊഴിലില്ലായ്മയും ആധു നികയുഗത്തിൻെറ പ്രത്യേകതയാണു്.

തൊഴിലാളി തൊഴിലില്ലാതെ നട്ടംതിരിയുന്നു. തൊ ഴിൽ കിട്ടിയ തൊഴിലാളികൾ തൊഴിൽതക്കം മൂലവും വേതനത്തിനു വേണ്ടിയും കൊടികുത്തി ‚ഇൻകുലാബു്'' വിളിച്ചു് നീണ്ട സമരജാഥാ നടത്തുന്നു. തൊഴിലാളി–മുതലാളിതക്കം. മുതലാളി തൊഴിലാളിയുടെ ആവശ്യാനു സ്സരണം കൂലി കൊടുക്കുന്നില്ല. തൊഴിലാളി ശരിയായി വേലചെയ്യാതെ കൂലിക്കുവേണ്ടി മാത്രം സമയം കൊല്ലുന്നു.

## വിജ്ഞാന വിതരണം

വിജ്ഞാന വിതരണത്തിലൂടെ വളരുന്ന തലമുറയെ സംസ്കാരസമ്പന്നരായി വാൎത്തെടുക്കുന്ന സ്തുത്യൎഹമായ

സേവനമാണ് വിദ്യാലയങ്ങൾ നിർവ്വഹിക്കുക. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ ഇന്നു വിദ്യാഭ്യാസസ്ഥാപനങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

''അന്ത്യകാലത്തു പലരും വചനങ്ങളെ പരിശോധിക്കുകയും ജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യും'' ദാനി. 12. 4. ബിരുദധാരികളുടെ ഒരു ഘോഷയാത്ര സകല മുക്കിലും മൂലകളിലും ദർശിക്കുന്നുണ്ട്. പുതിയ ഗവേഷണങ്ങളും, കണ്ടുപിടുത്തങ്ങളും, സ്വജ്ഞാനത്തിലുള്ള അഹങ്കാരവും മനുഷ്യനെ നിരീശ്വരത്വത്തിലേക്ക് വലിച്ചിഴയ്ക്കുന്നു. ക്രൈസ്തവസാഹിത്യഗ്രന്ഥങ്ങൾ, ബൈബിൾ, ട്രാക്റ്റുകൾ, ഇവകളും ദൈവജ്ഞാനം വർദ്ധിപ്പിക്കുന്നു.

## അതിശീഘ്രഗതിയിലുള്ള വാഹനങ്ങൾ

ജറ്റ്‌വിമാനം, റേഡിയോ, ടെലിവിഷൻ, റോക്കറ്റ്, യന്ത്രമനുഷ്യൻ, മുതലായവ ഭൂഗോളത്തിൻെറ ദൂരം ഹ്രസ്വമാക്കി വേഗത്വരിതപ്പെടുത്തുന്നു. മനുഷ്യൻ ചെയ്യുന്നജോലിയുടെ സ്ഥാനത്തു വിരൽ പ്രവർത്തിച്ചാൽമതി. ഒരു വിരൽ പ്രവർത്തിക്കുന്നസ്ഥാനത്തു നിർജ്ജീവമായുള്ള യന്ത്രമനുഷ്യനെക്കൊണ്ട് പണിയെടുപ്പിക്കുന്നു. എവിടെയും ധ്രുതഗതിയിലുള്ള പ്രവർത്തനങ്ങളാണുള്ളത്.

''രഥങ്ങൾ തെരുക്കളിൽ ചുടുചുടെ ചാടുന്നു....അവ മിന്നൽ പോലെ....ഓടുന്നു.'' നഹൂം. 2. 4. നഹൂം സ്വപ്നം കണ്ടിട്ടില്ലാത്ത വാഹനങ്ങൾ ഇക്കാലത്തു സുലഭമായി തീർന്നിട്ടുണ്ട്.

## ഹൃദയസ്തംഭനം

''ആകാശത്തിൻെറ ശക്തികൾ ഇളികിപ്പോകുന്നതിനാൽ.................. മനുഷ്യർ നിർജ്ജീവന്മാരാകും'' (Heart Failing) ഹൃദയസ്തംഭനം വർദ്ധിച്ചിരിക്കുന്ന ഈ കാലം അന്ത്യകാലസംഭവങ്ങളെ തിടുക്കപ്പെടുത്തുന്നു.

## വിമാനങ്ങൾ

"മേഘംപോലെയും തങ്ങളുടെ കിളിവാതിലുകളിലേക്കു പ്രാവുകളെപ്പോലെയും പറന്നു വരുന്ന ഇവർ ആര്? യെശ:60. 8 "പക്ഷി ചുററിപ്പറന്നു കാക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ ജറുശലേമിനെ കാത്തുകൊള്ളും' യെശ: 31. 5.

വിദേശങ്ങളിൽ നിന്നും യഹൂദജനതതി പ്രാവുകളെപ്പോലെ വിമാനങ്ങളിൽ ജറുശേലമിൽ തിരികെ എത്തുന്നതിനെ ഇതു ആവിഷ്ക്കരിക്കുന്നു.

## അന്തിക്രിസ്തു—കള്ളപ്രവാചകന്മാർ—എതിർ ക്രിസ്തു

അന്തിക്രിസ്തുക്കളുടെയും കള്ളപ്രവാചകന്മാരുടെയും ദുരുപദേശകരുടെയും ഒരു അഴിഞ്ഞാട്ടത്തിലേക്കു് ലോകം പാഞ്ഞെത്തിക്കഴിഞ്ഞു. വാഠം എടുക്കുന്നവൻ എല്ലാം വെളിച്ചപ്പാടു് എന്ന നിലയിൽ സ്വാത്ഥതല്പരരായ, ആളുകൾ കുഞ്ഞാടിൻെറ ഭക്തിയുടെ വേഷം ധരിച്ചിട്ടു് അനേകരെ പാളംതെററിച്ചു് ഓടിച്ചുകളയുന്നു.

"കുഞ്ഞുങ്ങളെ, ഇതു അന്ത്യനാഴിക ആകുന്നു, എതിർ ക്രിസ്തുവരുന്നു എന്നു് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേററിരിക്കുകയാൽ അന്ത്യനാഴിക ആകുന്നു എന്നു നമുക്കു അറിയാം" I. യോഹ: 2. 18 എതിർക്രിസ്തുക്കളുടെ ദുരുപദേശങ്ങൾ അന്ത്യനാഴികയെ വിളിച്ചുവരുത്തുന്നു. യേശുക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കുകയും ത്രിത്വോപദേശത്തെ അവഗണിക്കുകയും മററും ചെയ്യുന്ന ആളുകളുടെ മുന്നേററവും അവരുടെ വിഷകലുഷിതങ്ങളായ ദുരുപദേശങ്ങളും ആധുനിക ക്രൈസ്തവസഭയ്ക്കു് വളരെ വിപത്താണു് സൃഷ്ടിക്കുന്നതു.

"യേശുവിനെ ക്രിസ്തു എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആരാകുന്നു. പിതാവിനെയും പുത്രനെയും

നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു ആകുന്നു.'' I. യോഹ. 2. 22 യേശുവിനെ സ്വീകരിക്കാത്ത യാതൊരുആത്മാവും ദൈത്തിൽ നിന്നുള്ളതല്ല, അതു എതിർക്രിസ്തുവിൻെറ ആത്മാവു....തന്നെ എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അതു് ഇപ്പോൾ തന്നെ ലോകത്തിലുണ്ടു്. I. യോഹ. 4. 3.

''യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവരാകുന്നു.'' II. യോഹ. 7.

''കള്ള ക്രിസ്തുക്കളും എഴുന്നേററു കഴിയുമെങ്കിൽ വൃതന്മാരെയും തെററിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും'' മത്താ. 24. 24.

നൂററാണ്ടുകളായി ഓരോസ്ഥലങ്ങളിൽ ചില ദുരുപദേശകർ നാടകീയമായി ക്രിസ്തുവിൻെറ വേഷംധരിച്ചു അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചു് ശ്രദ്ധഗതിക്കാരെ സഭകളിൽ നിന്നും വിളിച്ചിറക്കി വഴിയാധാരമാക്കി വിടുന്ന പ്രവണത കാണുന്നുണ്ടു്. ഏതു ദുരുപദേശങ്ങൾക്കും അടിസ്ഥാനപരമായുള്ള വാക്യങ്ങൾ ബൈബിളിൽ നിന്നും ചൂണ്ടിക്കാണിക്കുവാനും അവർ വൃഥാശ്രമം ചെയ്യും.

പുതിയ ജറുശലേമിനുവേണ്ടി കാത്തിരിക്കുന്ന മണവാട്ടിസഭ അന്തിക്രിസ്തുവിൻെറ പ്രവർത്തനങ്ങളിൽ വഞ്ചിതരാകരുതു്. ദിനന്തോറും ക്രിസ്തുവിനോടു കൂടെ വളർന്നു വളർന്നു സ്വർഗ്ഗീയസീയോനിൽ ചെന്നെത്തണം.

അന്തിക്രിസ്തു ക്രൈസ്തവസഭയിൽ നിന്നു തന്നെ രൂപമെടുക്കുന്നു. സഭയുടെ വെളിയിൽ നിന്നും അന്തിക്രിസ്തുക്കൾ വരുമെന്നു ഭയപ്പെട്ടിട്ടവകാശമില്ല. അന്തിക്രിസ്തുക്കൾ സഭയുടെ വെളിയിലല്ല അവർ സഭയുടെ ഉള്ളിൽ നിന്നു തന്നെ പ്രവർത്തിക്കുന്നു. ആദ്യം ഒരു പക്ഷേ ഒരു വ്യക്തിയിലൂടെ ആരംഭിച്ചു ഗ്രൂപ്പുകളായി തീരുന്നു.

ക്രിസ്തുവിൻെറ ഉപദേശത്തിനു വിപരീതമായി പാപം ചെയ്യുന്ന ആളുകൾ എല്ലാം അന്തിക്രിസ്തുവിൻെറ പ്രവൎത്തനത്തിൽ പങ്കാളികളായിത്തീരുന്നു. അന്തിക്രിസ്തുവിനെ ക്രൂരമുഖമായും വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കള്ളക്രിസ്തുക്കളെ അവരുടെ രൂപത്തിൽ തിരിച്ചറിയുവാൻ പ്രയാസമാണെങ്കിലും അവരുടെ പ്രവൎത്തനത്തിലൂടെ തിരിച്ചറിയാൻ സാദ്ധ്യമാണ് കാതലായ ഉപദേശത്തിൽനിന്നും വഴിതെററിപ്പോകുന്ന സകലരും അന്തിക്രിസ്തുക്കളുടെ സുഹൃത്തുക്കളാണ്.

പ്രതികൂലങ്ങളുടെയും പ്രതിസന്ധിഘട്ടങ്ങളുടെയും പ്രശ്നങ്ങളുടെയും എരിയുന്ന തീച്ചൂളയിൽ ക്രിസ്തുയേശുവിലുള്ള വിശ്വാസം പരിത്യജിക്കുന്ന രീതി സൎവ്വസാധാരണമാണ്. ഇന്നത്തെ നിരീശ്വരവിശ്വാസികൾ വാസ്തവത്തിൽ ക്രൈസ്തവസഭയുടെ പവിത്രമായുള്ള വിശ്വാസം പരിത്യജിച്ചിട്ട് ഇറങ്ങിയവരാണധികവും. സഭ അവരെയും അവർ സഭയെയും കുററപ്പെടുത്തി സമാശ്വസിക്കുകയാണ്. സഭയുടെ ഉത്തരവാദിത്വം സഭ വിസ്മരിച്ചിട്ടുണ്ടെന്നുള്ളതു യാഥാൎത്ഥ്യമാണ്. ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നും ആദിമ ദൎശനത്തിൽ നിന്നും, സേവനത്തിൻെറയും, ശുശ്രൂഷയുടെയും മനോഭാവത്തിൽ നിന്നും സഭ മാറി ഭരണത്തിൻെറ സിംഹാസനത്തിൽ കയറിയിട്ടില്ലേ?

## അതിദുർഘടസമയങ്ങൾ

"അന്ത്യകാലത്തു ദുർഘടസമങ്ങൾ വരുമെന്നറിക മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും, അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും, ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയരും, ഉഗ്രന്മാരും, സൽഗുണദ്വേഷികളും, ദ്രോഹികളും ധാർഷ്ട്യക്കാരും, നിഗളികളുമായി ഭക്തിയുടെ വേഷം ധരിച്ച അതിൻെറ ശക്തിത്യജിക്കുന്നവരുമാ

യിരിക്കും'' I. തിമൊ: 3. 1–5 ''അവർ പത്ഥ്യോപദേശം പൊറുക്കമാറു ...സ്വന്തമോഹങ്ങൾക്കൊത്തവണ്ണം.... ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥകൾ കേൾപ്പീക്കുവാൻ തിരിയുകയും ചെയ്യുന്ന കാലം വരികയും ചെയ്യും'' 2 തിമൊ. 4. 3-4.

ക്രിസ്തുവിൻെറ പുനരാഗമനത്തെ ചോദ്യം ചെയ്തു പരിഹസിക്കുന്ന പുതിയ ദൈവശാസ്ത്രജ്ഞന്മാർ ഉണ്ടാകുന്നതായി പത്രൊസ് അപ്പൊസ്തലൻ മുന്നറിയിപ്പുനൽകുന്നു. 2. 1 പത്രൊ 3. 3. മനുഷ്യർതൻെറ വസ്തുക്കളിൽ ആശ്രയിക്കുകയും ഉപജീവനചിന്തകളാൽ ഹൃദയം വേദനപ്പെടുത്തുകയും ചെയ്യുന്ന ദിനം പെട്ടെന്നു സമീപിക്കാതിരിക്കുവാൻ നാം യത്നിക്കണം.

''അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിക്കുന്നു.'' യാക്കൊ. 9. 3. നിക്ഷേപങ്ങൾ സ്വരൂപിച്ചു കൂട്ടുവാനുള്ള ഒരു ആവേശം വളരെ വർദ്ധിച്ചിരിക്കുന്നു. ഭൗതികവാദ സിദ്ധാന്തങ്ങളും ലോകാന്ത്യത്തെ ക്ഷണിച്ചു വരുത്തുന്നു.

## അന്തിക്രിസ്തുവിൻെറ വിവിധ നാമങ്ങൾ

1. ബാബേൽ രാജാവ്. യെശ. 14. 4
2. അരുണോദയ പുത്രനായ ശുക്രൻ. യെശ. 14. 12
3 അധർമ്മമൂർത്തി. 2 തെസ്സ 2 3
4. നാശയോഗ്യൻ. 2. തെസ്സ 2. 4
5. എതിർ ക്രിസ്തു I യോഹ. 2. 18.
6. തുമ്പുകെട്ട ഇടയൻ. സഖ 11. 15
7. പിശാചു–സാത്താൻ. വെളി. 20. 2
8. ദുഷ്ടൻ–യെശ: 11. 4.
9. കള്ളൻ–യോഹ, 10. 10
10. കൊലപാതകൻ. യോഹ 8. 43.

അന്തിക്രിസ്തു വലിയ അധികാരത്തോടു കൂടെ ഏകാധിപത്യത്തിൽ വാഴുന്നതാണ്.

# 9. സഹസ്രാബ്ദ വാഴ്ച

ക്രിസ്തുവിൻെറ പുനരാഗമനത്തെ സംബന്ധിച്ച് പുതിയ നിയമത്തിൽ മൂന്നൂറിൽ പരം പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ''ആയിരം സംവത്സരത്തെ''ക്കുറിച്ച് ആറു പ്രാവശ്യം മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. വെളി 20. 2–7. വരെയുള്ള വാക്യങ്ങളിൽ അതു കാണുന്നു. ഒന്നാമത്തെ പുനരുത്ഥാനത്തിനു ശേഷം ഉയത്തെഴുന്നേററ വിശുദ്ധന്മാർ ആയിരം സംവത്സരം പുരോഹിതന്മാരും രാജാക്കന്മാരുമായി ജറുശലേമിൽ ക്രിസ്തുവിനോടുകൂടെ വാഴുന്നതിനു് സഹസ്രാബ്ദ വാഴ്ച എന്നു പറയുന്നു.

ആയിരം സംവത്സരത്തെ സംബന്ധിച്ചുള്ള ചിത്രീകരണം ശ്രദ്ധേയമാണു്.

1. സാത്താനായ മഹാസപ്പത്തെ ആയിരം ആണ്ടത്തേയ്ക്കു് ചങ്ങലയിട്ടു ബന്ധിക്കുന്നു.

2. ജാതികളെ വഞ്ചിക്കാതിരിപ്പാൻ ആയിരം ആണ്ടു് അഗാധത്തിൽ തള്ളിയിട്ടു് അടച്ചുപൂട്ടി മുദ്രവയ്ക്കുന്നു.

3. ക്രിസ്തുവിൻെറ സാക്ഷ്യവും ദൈവവചനവും ഹേതുവായി രക്തസാക്ഷികളായിത്തീന്നവരും മററു വിശ്വാസ വീരന്മാരും ജീവിച്ച് ആയിരം സംവത്സരം ക്രിസ്തുവിനോടുകൂടെ വാഴുന്നു.

4. ക്രിസ്തുവിൽ നിദ്രപ്രാപിക്കാത്ത ശേഷമുള്ളവർ ആയിരം സംവത്സരത്തേയ്ക്കു ജീവിക്കയില്ല.

5. വിശുദ്ധ സാക്ഷികഠം ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ആയിരമാണ്ടു് ക്രിസ്തുവിനോടുകൂടെ വാഴുന്നു.

6. ആയിരം സംവത്സരത്തിനു ശേഷം സാത്താനെ ബന്ധനത്തിൽനിന്നും വിമോചിപ്പിക്കുന്നു, അതിനുശേഷം ആകാശത്തിൽനിന്നും അഗ്നി ഇറങ്ങി ലോകത്തെ ചാമ്പലാക്കും.

സഹസ്രാബ്ദ വാഴ്ചയിൽ നീതിയുടെ ഭരണം നടക്കും. ആയിരം സംവത്സരത്തെ ഭരണകേന്ദ്രം പുതിയ ജറുശലേം ആയിരിക്കും. രാജാധിരാജനായ ക്രിസ്തു സർവ്വലോകത്തിൻെറയും രാജാവായി ഇരുമ്പുകോൽ കൊണ്ടു് ഭരണം നടത്തും.

''ഒരു രാജാവു് നീതിയോടെ വാഴും'' യെശ: 32.1. ഇതു് പുനരുത്ഥാനത്തിനു ശേഷമുള്ള പുതിയ ജറുശലേമിലെ സഹസ്രാബ്ദവാഴ്ചയായി വ്യാഖ്യാനിക്കപ്പെടുന്നു. ''അന്നു മരുഭൂമിയിൽ ന്യായം വസിക്കും, ഉദ്യാനത്തിൽ നീതി പാർക്കും'' നീതിയുടെ പ്രവൃത്തി സമാധാനവും, നീതിയുടെ ഫലം ശാശ്വത വിശ്രമവും, നിർഭയതയും ആയിരിക്കും'' യെശ: 32. 16–17. സങ്കീർത്തനക്കാരൻെറ ഹൃദയം തുറന്നുള്ള പ്രാർത്ഥന ശ്രദ്ധിക്കുക

''ദൈവമേ, രാജാവിനു നിൻെറ ന്യായവും, രാജകുമാരനു് നിൻെറ നീതിയും നൽകേണമേ. അവൻ നിൻെറ ജനത്തെ നീതിയോടും, നിൻെറ എളിയവരെ ന്യായത്തോടും കൂടെ പരിപാലിക്കട്ടെ'' സങ്കീ: 72. 1--2. അനീതിയും അന്യായവും നിറഞ്ഞ ഇന്നത്തെ ലോക വ്യവസ്ഥിതി നീങ്ങിയിട്ടു് നീതിയും, ന്യായവും, സമാധാനവും നിറഞ്ഞ ഭരണം ജറുശലേം കേന്ദ്രമാക്കി നടക്കും.

പുതിയ ജറുശലേം രാജാധിരാജൻെറ പുണ്യനഗരമായി രൂപാന്തരപ്പെടുന്നു. ''ഭൂമി ദൈവത്തിൻെറ പാദപീഠവും ജറുശലേം മഹാരാജാവിൻെറ നഗരവുമാണു്''
മത്താ: 5. 35.

ജറുശലേം നഗരം കനാൻ രാജ്യത്തിൻെറ ഏഴിരട്ടി വലിപ്പമുള്ളതായി യിസ്രായേൽ ജാതിക്കു തിരികെ ലഭിക്കുകയും, ലോകത്തിൻെറ നാനാഭാഗങ്ങളിൽ ചിതറിപ്പാർക്കുന്ന യഹൂദ ജനത അവരുടെ രാജ്യം പുന:സ്ഥാപിക്കുകയും ചെയ്യും. യിസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കും അവരുടെ രാജ്യം തിരികെ ലഭിക്കുന്നു.

അന്ത്യകാലത്തു് സഹസ്രാബ്ദവാഴ്ചക്കുവേണ്ടി ജറുശലേം നഗരം സകല രാജ്യങ്ങളിൽവച്ചും ഉന്നതമായിരിക്കും. യഹോവയുടെ ആലയത്തിനു് മുഖ്യസ്ഥാനം ഉണ്ടാ

കുന്നു. അന്നു ക്രിസ്തു ജറുശലേമിൽ രാജപുരോഹിതനായി വെള്ളസിംഹാസനത്തിൽ അവരോധിക്കപ്പെട്ടും. ലേവ്യക്കാർ വീണ്ടും പുരോഹിതവർഗ്ഗമായി തെരഞ്ഞെടുക്കപ്പെട്ടും. യിസ്രായേൽ ജാതി തിരുസന്നിധിയിൽ നിർമ്മലജലത്താൽ നിർമ്മലീകരിക്കപ്പെട്ടുകയും അവരുടെ മലിനതകൾ നീക്കിക്കളയുകയും ചെയ്യും. യിസ്രായേൽ ജാതിയിലൂടെ ഭൂമി അനുഗ്രഹിക്കപ്പെട്ടും. യിസ്രായേലിനെ സേവിക്കാത്ത ജാതി നശിച്ചുപോകും.

സഹസ്ര സംവത്സരകാലത്തു് പലസ്തീൻ നാട്ടു് അഭൂതപൂർവ്വമായ രീതിയിൽ സമ്പൽസമൃദ്ധവും ഫലഭൂയിഷ്ഠവുമായിത്തീരും. മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും. നിർജ്ജനപ്രദേശം ഉല്ലസിക്കും....'' യെശ. 35. 1. ഈ പ്രവചനം സാക്ഷാൽക്കരിക്കപ്പെട്ടുകഴിഞ്ഞു.

യുദ്ധവും കലഹവും പര്യവസാനിക്കുന്നു. യഹോശാഫാത്തു് താഴ്വരയിലെ യുദ്ധത്തോടുകൂടെ യുദ്ധത്തിനു വിരാമമിടുന്നു. ഹർമ്മഗദ്ദോൻ യുദ്ധത്തിനുപയോഗിച്ച യുദ്ധസാമഗ്രികൾ കൃഷി ആയുധങ്ങളായി മാറുന്നു. മുള്ളും പറക്കാരയും എന്നെന്നേക്കുമായി ദൂരീകരിക്കപ്പെടുന്നു.

ദരിദ്രലക്ഷങ്ങൾക്കു് നീതിയോടുകൂടെ ന്യായം പാലിച്ചുകൊടുക്കുകയും സാധുക്കൾക്കു് ന്യായവും നീതിയും കൈവരുത്തുകയും ചെയ്യുന്നു. മരണത്തെ അതിജീവിക്കുന്ന ദീർഘായുസ്സും രോഗം നീങ്ങിയ ശരീരവും ഉണ്ടാകുന്നു.

''കുത്തിയവർ അവങ്കലേക്കു് നോക്കുകയും'' ജാതികളെ അവന്റെ സന്നിധിയിലേക്കു് ആനയിപ്പിക്കുകയും ചെയ്യുന്ന സംഭവം ക്രിസ്തുവിന്റെ പുനരാഗമനത്തെ തിട്ടപ്പെടുത്തുന്നു.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാർ രാജപുരോഹിതന്മാരായി വെള്ളസിംഹാസനത്തിൽ ഇരുന്നു് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കും" ലൂക്കൊ. 22. 30.

നീതിമാനായ ദൈവം ക്രിസ്തുവിനുവേണ്ടി യാതന അനുഭവിച്ച വിശുദ്ധരെ സമാശ്വസിപ്പിക്കുകയും അവരുടെ ചുടുകണ്ണുനീർ തുടച്ചു കളയുകയും ചെയ്യുന്നു. “അന്നു നീതിമാന്മാർ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും'' മത്താ. 13. 43.

‘‘സൈന്യങ്ങളുടെ യഹോവ സീയോൻ പർവ്വതത്തിലും ജറുശലേമിലും, വാഴകയാലും, അവന്റെ മൂപ്പന്മാരുടെ മുമ്പിൽ തേജസ്സുണ്ടാകയാലും ചന്ദ്രൻ നാണിക്കുകയും സൂര്യൻ ലജ്ജിക്കുകയും ചെയ്യും'' യെശ: 24. 23.

‘‘അന്ത്യകാലത്തു് യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും. സകല ജാതികളും അതിലേക്കു് ഒഴുകിച്ചെല്ലും'' യെശ്ശ: 2. 1. “സീയോനിൽനിന്നു് ഉപദേശവും ജറുശലേമിൽനിന്നു് യഹോവയുടെ വചനവും പുറപ്പെടും” യെശ: 2. 3.

ഏകഛത്രാധിപതിയായി വാഴുന്ന രാജരാജന്റെ ഭരണം ആഗോളവ്യാപകമായി ആയിരം സംവത്സരം നീണ്ടുനില്ക്കുന്നു. ‘‘ക്രിസ്തു ഇരുമ്പുകോൽകൊണ്ടു് അവരെ മേയിക്കും'' വെളി. 2. 27.

സഹസ്രാബ്ദവാഴ്ചയെ സംബന്ധിച്ചുള്ള സഖറിയാ പ്രവാചകന്റെ വിശദീകരണം നോക്കുക. “അന്നാളിൽ ജീവനുള്ള വെള്ളം ജറുശലേമിൽനിന്നും പുറപ്പെടും......:.യഹോവ സർവ്വ ഭൂമിക്കും രാജാവായിരിക്കും, അന്നാളിൽ യഹോവ ഏകനും; അവന്റെ നാമം ഏകവും ആയിരിക്കും” സഖ: 14. 8–9. സഹസ്രാബ്ദവാഴ്ചയിൽ ചന്ദ്രന്റെ പ്രകാശം സൂര്യന്റേതുപോലെയും സൂര്യപ്രകാശം ഏഴിരട്ടിയായും തീരും. അഭ്രുതപൂർവ്വമായ പ്രകാശം ലോകത്തെ വ്യാപിക്കുന്നു.

‘‘സഹസ്രാബ്ദവാഴ്ച” ബൈബിളിൽ മർമ്മപ്രധാനമായ ദൂതാണു്. മഹത്വകരമായുള്ള പ്രത്യാശയോടുകൂടെ ജീവിക്കുകയും കർത്താവിന്റെ പുനരാഗമനത്തിനുവേണ്ടി തുടർച്ചയായുള്ള പ്രതീക്ഷയിൽ കാത്തിരിക്കുകയും ചെയ്യുന്ന

താണ്‌ ഒന്നാമത്തെ മമ്മപ്രധാനമായ സംഗതി. സഹസ്രാബ്ദവാഴ്ചയെക്കുറിച്ചുള്ള താത്വികമായ ചിന്താഗതിയാണു രണ്ടാമത്തേതു്.

ആധുനിക യുഗത്തിൽ കത്താവിനോടുകൂടെ ജീവിക്കുന്ന അനുഗ്രഹിക്കപ്പെട്ട കാലമായി സഹസ്രാബ്ദവാഴ്ചയെ ചിലർ വ്യാഖ്യാനിക്കുന്നു. പുനരുത്ഥാനത്തിനുശേഷം, മർത്ത്യശരീരം രൂപാന്തരപ്പെട്ടു് പുതിയ ആത്മികശരീരത്തോടു കൂടെ ക്രിസ്തുവിനോടുകൂടെ നിത്യമായി വസിക്കുന്ന കാലമാണു് "സഹസ്രാബ്ദവാഴ്ച" എന്നു ചിലർ വിശ്വസിക്കുന്നു. സഹസ്രാബ്ദവാഴ്ചയെക്കുറിച്ചു് കാര്യമായ ജ്ഞാനം ഇല്ലാതെ വൃഥാ പ്രസംഗിക്കുന്നവരും വിരളമല്ല.

## നൂററിനാല്പത്തിനാലായിരം (1,44,000)

പുതിയ ജറുശലേമിൽ രക്ഷിക്കപ്പെട്ട നൂററിനാല്പത്തിനാലായിരം വിശുദ്ധന്മാരുണ്ടു്. വെളി. 7. 1–8.

യിസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളിൽനിന്നും പന്തീരായിരം വീതം ആകെ നൂററിനാല്പത്തിനാലായിരം പേർ എന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതു് ഒരു ക്ലിപ്ത സംഖ്യയായി പരിഗണിക്കരുതു്. ഒരു പ്രതീകപ്രയോഗം അഥവാ സങ്കേതരൂപകമായ ഒരു സംഖ്യയായി മാത്രം ഇതു് കണക്കിലെടുക്കാവുന്നതാണു്. യിസ്രായേലിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ ആകെ എണ്ണമാണിതു്. സുവിശേഷത്തിൻെറ ആദ്യഫലങ്ങൾ, ക്രിസ്തീയ വിശ്വാസവീരന്മാരുടെ സമൂഹം, സ്വർഗ്ഗത്തിൻെറ വലിപ്പം ഇവ സംബന്ധിച്ചും അമാനുഷികമായുള്ള ഒരു കണക്കു കൂട്ടൽ ആവശ്യമായിരിക്കുന്നു.

കത്താധികത്തൻ വെള്ളസിംഹാസനത്തിൽ ഇരുന്നു് ലോകത്തെ ന്യായം വിധിക്കും. നൂററിനാല്പത്തിനാലായിരം വിശുദ്ധന്മാരുടെ നെററികളിൽ കുഞ്ഞാടിൻെറയും പിതാവിൻെറയും നാമം എഴുതിയിട്ടുണ്ടു്. പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെററിയിൽ അവൻെറ നാമവും എഴുതിയിരിക്കുന്ന നൂററിനാല്പ

ത്തിനാലായിരം പേരും നില്ക്കുന്നതു കണ്ടു. വെളി. 1. 41. അവർ നിഷ്ക്കളങ്കരാണ്. ഭൂമിയിൽനിന്നും വിലയ്ക്കു വാങ്ങിയിരുന്ന നൂററിനാല്പത്തിനാലായിരം വിശുദ്ധന്മാർ സ്വർഗ്ഗത്തിൽ പുതിയ പാട്ടുകൾ പാടുന്നു. കുഞ്ഞാടു പോകുന്നിടത്തൊക്കെയും ഈ വിശുദ്ധഗണം കുഞ്ഞാടിനെ അനുയാത്രചെയ്യുന്നു. ആദ്യഫലമായി വീണ്ടെടുക്കപ്പെട്ടവരാണിതു്. അവരുടെ വായിൽ ഭോഷ്ക്കില്ല. രക്ഷിക്കപ്പെടാത്ത ഒരു അവിശ്വാസിക്കു് സ്വർഗ്ഗീയ സീയോൻെറ ആനന്ദം അനുഭവിക്കുവാനോ വിഭാവനചെയ്യുവാനോ സാദ്ധ്യമല്ല—സ്വർഗ്ഗീയ സിംഹാസനത്തിനുചുററും അധിവസിക്കുന്ന സകലരും സദാ പാട്ടുപാടി ആർക്കുന്നു. കഷ്ടതയുടെ എരിയുന്ന തീച്ചൂളയിൽ കിടന്നുകൊണ്ടു് പാട്ടുപാടി കടന്നുപോയ വിശുദ്ധ ഗണങ്ങളുടെ ജീവിതം അനുകരണീയം തന്നെ. മഹത്വീകരിക്കപ്പെട്ട ക്രൈസ്തവസഭ കുഞ്ഞാടിൻെറ കാന്തയായിത്തീരുന്നു.

# 10 പറുദീസ

പറുദീസ സ്വർഗ്ഗത്തിൻെറ പ്രതീകമായി കരുതപ്പെടുന്നു. Paradise (പാരഡൈസ്) എന്ന പേർഷ്യൻ പദത്തിൻെറ അർത്ഥം "A walled garden" (മതിൽക്കെട്ടുള്ള ഉദ്യാനം) എന്നാണ്. പേർഷ്യയിലെ രാജാവ് തൻെറ പ്രജകൾക്കു ബഹുമതി കൊടുക്കുമ്പോൾ മതിൽക്കെട്ടുള്ള അദ്ദേഹത്തിൻെറ മനോഹര ഉദ്യാനത്തിൽ അവരെ കൊണ്ടുപോയി രാജകീയമായ ഉദ്യാനവിരുന്നു കൊടുക്കുമായിരുന്നു. രാജാവിൻെറ കൂടെയിരുന്ന് രാജകീയ ഉദ്യാനവിരുന്നിൽ സംബന്ധിക്കുന്നത് അതുല്യ ഭാഗ്യമായും പദവിയായും പരിഗണിച്ചിരുന്നു.

Pardes (പാർഡിസ്) എന്ന എബ്രായ പദത്തിൻെറ അർത്ഥം ഫലസമൃദ്ധമായ തോട്ടം എന്നാണ്. ഏദാമിലെ ശലോമോൻെറ ഫലസമൃദ്ധമായ ഉദ്യാനത്തിലെ വർണ്ണശബളമായ പൂന്തോട്ടം സുപ്രസിദ്ധമാണല്ലോ. സദാ പഴുത്തു പാകമായി നിൽക്കുന്ന മധുര ഫലവൃക്ഷങ്ങൾ, തൂങ്ങിക്കിടക്കുന്ന മുന്തിരിക്കുലകൾ, സൗരഭ്യം തൂകുന്ന പൂങ്കുലകൾ, വററാത്ത ജീവജലയരുവികൾ, പച്ചപ്പട്ടുവിരിച്ച വയലുകൾ മുതലായവ പറുദീസായുടെ പ്രത്യേകതകളാണ്.

Paradeisos (പാരഡീസോസ്) എന്ന ഗ്രീക്കു പദത്തിൻെറയും Paradisus (പാരഡൈസൂസ്) എന്ന ലാററിൻ പദത്തിൻെറയും അർത്ഥം ഏദൻ തോട്ടത്തിൻെറ ആദ്യകാലത്തെ അനുഗ്രഹിക്കപ്പെട്ട കാലം എന്നാണ്. സ്വർഗ്ഗത്തിൻെറ ഏഴു വ്യത്യസ്ത നിലകളിൽ ഒന്നായ പറുദീസ, മരിച്ചു വിശ്രമിക്കുന്ന നീതിമാന്മാരുടെ അധിവാസസ്ഥലമായും, വിശുദ്ധരായ വിശ്വാസികളുടെ ആത്മാക്കളുടെ സങ്കേതസ്ഥലമായും കരുതപ്പെടുന്നു.

"യേശു ദുഷ്പ്രവൃത്തിക്കാരനോട്, ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായിട്ടു നിന്നോടുപറയുന്നു എന്നു പറഞ്ഞു" ലൂക്കൊ. 23.43.

ദൈവം വസിക്കുന്ന പുണ്യസ്ഥലമാണ് പറുദീസ. പാപത്തെക്കുറിച്ചു പശ്ചാത്തപിച്ച കള്ളനോട് ക്രൂശിൽ കിടന്ന യേശു അവൻെറ പാപങ്ങൾ ക്ഷമിച്ച് നിത്യ പറുദീസാ വാഗ്ദത്തം ചെയ്തു. ന്യായവിധിക്കുവേണ്ടി ആത്മാക്കൾ ചെന്നെത്തുന്ന 'ബസ്ബുർക്കാനാ' പറുദീസയായും ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. ലോകപ്രകാരം, സാഹിത്യരീതിയിൽ ആനന്ദത്തിൻെറ ഉറവിടമായ സ്ഥലം സമ്പൽസമൃദ്ധമായ ഉദ്യാനമായി കരുതപ്പെടുന്നു. ദൈവം സദാ തൻെറ മക്കളോടുകൂടെ ഏദൻതോട്ടത്തിൽ വസിച്ചിരുന്ന സ്ഥലം നഷ്ടപ്പെടുത്തിക്കളഞ്ഞു. നഷ്ടപ്പെട്ടുപോയ ഏദൻ തോട്ടം ക്രിസ്തുവിൻെറ ക്രൂശിലെ യാഗത്തിലൂടെ വീണ്ടെടുത്തതാണ് പറുദീസാ. ദൈവമക്കളോടുകൂടെ ദൈവത്തിൻെറ അധിവാസസ്ഥലം ആയിരിക്കുന്ന മണിയറയാണിത്. ക്രൂശിൽ കിടന്ന് തൻെറ പാപത്തെക്കുറിച്ച് അന്ത്യനിമിഷത്തിൽ പശ്ചാത്തപിച്ച കള്ളൻ അന്നു ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗീയ സിംഹാസനമാകുന്ന പറുദീസയിൽ ചേർക്കപ്പെട്ടു.

പറുദീസയെ സംബന്ധിച്ച വി. പൗലോസ് ദിവ്യദർശനത്തിൽ വെളിപ്പെടുത്തിയ ഒരു ആശയം ചിന്തോദ്ദീപകമായിട്ടുണ്ട്. എബ്രായർ സ്വർഗ്ഗത്തിന് ഏഴ മണ്ഡപങ്ങൾ ഉണ്ടെന്നു വ്യാഖ്യാനിക്കുന്നതിൽ മൂന്നാമത്തെ മണ്ഡപമാണു പറുദീസ എന്ന് തൻെറ ലേഖനത്തിൽ പറയുന്നു.

''ക്രിസ്തുവിൽ ഉള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു, അവൻ പതിന്നാലു സംവത്സരം മുമ്പ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. ശരീരത്തോടെയോ, ശരീരം കൂടാതെയോ എന്നു ഞാൻ അറിയുന്നില്ല. ദൈവം അറിയുന്നു—ആ മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു''

2 കൊരി. 2–3.

വെളിപാടു പുസ്തകത്തിൽ വി. യോഹന്നാൻ അപ്പൊസ്തലൻ പറുദീസയിൽ ജീവവൃക്ഷഫലം ഉള്ളതായി ദർശനം കാണുന്നു.

''ആത്മാവു സഭകളോടു പറയുന്നതു എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവനു ഞാൻ ദൈവ

ത്തിൻെറ പറുദീസയിലുള്ള ജീവവൃക്ഷത്തിൻെറ ഫലം തിന്മാൻ കൊടുക്കും'' വെളി. 2. 7.

ക്രിസ്തുവിൽ മരിക്കുന്ന ഭാഗ്യവാന്മാരായ വിശുദ്ധ വിശ്വാസികളുടെ പ്രതിഫലം പറുദീസയിലുള്ള ജീവവൃക്ഷത്തിൻെറ ഫലമാണു്. പറുദീസയിൽ ജീവവൃക്ഷവും, ജീവജല നദിയുമുണ്ടു്. ജീവവൃക്ഷത്തിൽ പന്ത്രണ്ടു വിധം ഫലം കായിച്ചു് മാസംതോറും അതതു ഫലം കൊടുക്കുന്ന വൃക്ഷത്തിൻെറ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നതായി ചിത്രീകരിച്ചിരിക്കുന്നു. വെളി. 22. 2. പ്രസ്തുത ആശയത്തിൻെറ വെളിച്ചത്തിലും പറുദീസ മധുരഫലങ്ങൾ വിളയിക്കുന്ന ജീവവൃക്ഷങ്ങളുടെ കേന്ദ്രമായി കരുതപ്പെടുന്നു.

ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്കു് ഇറങ്ങിവന്ന ദൈവവും പിതാവുമായവൻ ''സകലത്തെയും നിറയ്ക്കേണ്ടതിനു് സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയറിയവനും ആകുന്നു'' എഫെ. 4. 10. സ്വർഗ്ഗാധിസ്വർഗ്ഗം പറുദീസയായി പരിഗണിക്കപ്പെടുന്നു. സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള പ്രതിഫലം. മത്താ. 5. 12. സ്വർഗ്ഗസ്ഥനായ പിതാവു്, ഇതെല്ലാം പറുദീസയുടെ സങ്കല്പമാണു്.

മരിച്ചു ഉയിർത്തെഴുന്നേററ ക്രിസ്തു സ്വർഗ്ഗീയ സിംഹാസനത്തിൽ ദൈവത്തിൻെറ വലതുഭാഗത്തിരുന്നു് നമുക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന സ്ഥലവും പറുദീസയുടെ പ്രതീതി ഉളവാക്കുന്നു. റോമ. 8. 33. എന്നേയ്ക്കുമുള്ള മഹാപുരോഹിതനായി ക്രിസ്തു നമുക്കുവേണ്ടി സ്വർഗ്ഗീയ പറുദീസയിൽ പ്രവേശിച്ചു.

മനുഷ്യൻെറ അനുസരണക്കേടിനാൽ പാപംചെയ്തു് നഷ്ടപ്പെടുത്തിയ ഏദൻതോട്ടം പറുദീസയുടെ മാതൃകയാണു്. ''അനന്തരം യഹോവയായ ദൈവം കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെയാക്കി'' ഉല്പ. 2. 8.

ബാബിലോണിലെ തൂങ്ങിക്കിടക്കുന്ന ഉദ്യാനങ്ങൾ ലോകപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതാണു്. കണ്ണും കരളും

കവരുന്ന ബാബിലോണിലെ തൂങ്ങിക്കിടക്കുന്ന പൂന്തോട്ടം പറുദീസയുടെ മധുരസ്മരണയുളവാക്കുന്നു.

Park (പാക്ക്) എന്ന അൎത്ഥത്തിലും ഇതു് ഉപയോഗിക്കുന്നു. സായാഹ്നത്തിൽ അസ്തമനസൂൎയ്യൻെറ ചെങ്കതിരുകൾ കണ്ടു്, മന്ദമാരുതൻെറ ആശ്ലേഷമേററു്, ലീലാവനത്തിൽ വിശ്രമിക്കുകയും കളിച്ചുല്ലസ്സിക്കുകയും ചെയ്യുന്ന ഒരു ആനന്ദാനുഭൂതിയാണു് പറുദീസ സംഭാവനചെയ്യുന്നതു്.

Orchard (കായ്കനിത്തോട്ടം) എന്ന അൎത്ഥത്തിലും പറുദീസ വ്യാഖ്യാനിക്കപ്പെടുന്നു. "എനിക്കു അരമനകളെ പണിതു, മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി. ഞാൻ തോട്ടങ്ങളേയും ഉദ്യാനങ്ങളേയുംഉണ്ടാക്കി. അവയിൽ സകലവിധ ഫലവൃക്ഷങ്ങളെയുംനട്ടു. വൃക്ഷം വച്ചുപിടിപ്പിച്ചിരുന്ന തോപ്പു നനെപ്പാൻ കുളങ്ങളും കുഴിച്ചു" (സഭാപ്ര: 2. 4–6) വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടമായും, സുഗന്ധവൎഗ്ഗമായും, നീരുറവുള്ള തോട്ടമായും, വററിപ്പോകാത്ത കിണറായും പറുദീസയെ ഉത്തമഗീതത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

# 11. ജീവൻെറ കിരീടങ്ങൾ

''മരണപര്യന്തം വിശ്വസ്തനായിരിക്ക. എന്നാൽ ഞാൻ ജീവകിരീടം നിനക്കു നല്കും'' വെളി. 2. 10.

പുതിയജറുശലേമിൽ വിശ്വാസികൾക്കു് ലഭിക്കുന്ന ഒരു അതുല്യപ്രതിഫലമാണീരാജകീയകിരീടം. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണു്. ജീവിതത്തിൻെറ സായാഹ്നം വരെ നാം വിശുദ്ധരായി വിശുദ്ധജീവിതം നയിച്ചാൽ മാത്രമേ പ്രതിഫലം ലഭിക്കയുള്ളു. വാഗ്ദത്തം വ്യവസ്ഥയോടുകൂടി മാത്രമാണു്. വിശ്വസ്തരായിരിക്കുക; അതാണു്, വ്യവസ്ഥയുടെ മാനദണ്ഡം. നിർജ്ജീവവസ്തുവായ കിരീടത്തിനു ജീവനുണ്ടാകുക; അതു അമാനുഷികമായുള്ള ഒരു ചിന്താഗതിയാണു്. ജീവപുസ്തകം, ജീവവൃക്ഷം, ജീവജലനദികൾ, ജീവകിരീടം, ഇവയെല്ലാം പുതിയ ജറുശലേമിലെ നിത്യജീവിതത്തിൻെറ പ്രത്യേകതകളാണു്.



പുതിയ ജറുശലേമിൽ സകലതും പുതുമയുള്ള പുതുപൂമണം പരത്തുന്നു. കണ്ടാലും സകലതും പുതുതായിത്തീരുന്ന രാജ്യം. പുതിയ ആകാശം, പുതിയഭൂമി, പുതിയ വിശുദ്ധനഗരം, പുതിയ ജാതികൾ, പുതിയനദി, പുതിയ വൃക്ഷം, പുതിയ ഫലം, പുതിയ വെള്ളസിംഹാസനം, പുതിയ നാമം, പുതിയ മധുരഗാനം, അങ്ങനെ സകലതും പുതിയതായിത്തീരുന്നു.

''ഇതാ ഞാൻ വേഗംവരുന്നു: ഓരോരുത്തനു് അവനവൻെറ പ്രവൃത്തിക്കുതക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എൻെറ പക്കൽ ഉണ്ടു്'' വെളി 22. 12.

'അവകാശം എന്ന പ്രതിഫലം കർത്താവുതരും' കൊലൊ. 3, 24. ആരും നിങ്ങളുടെ വിരുതു തെററിക്കരുതു് കൊലൊ. 2, 18

''മനുഷ്യപുത്രൻ തൻെറ പിതാവിൻെറ മഹത്വത്തിൽ തൻെറ ദൂതന്മാരുമായിവരും അപ്പോൾ അവൻ ഓരോരുത്തനും അവനവൻെറ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും'' മത്താ 16. 27. ദാഹിക്കുന്നവനു് ഒരു പാനപാത്രം തണുത്ത ജലം കൊടുക്കുന്നവനു വരെ കർത്താവു പ്രതിഫലം നൽകും. ഭിക്ഷകൊടുക്കുന്നതും രഹസ്യത്തിൽ ആയിരിക്കണം. കർത്താവു അതിനു പ്രതിഫലം തരും. ''കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും, നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.'' ലൂക്കൊ 6. 38. ഈ ലോകത്തിലും പുതിയ ജറുശലേമിലും ഇതു് യാഥാർത്ഥ്യമാണു്

## 1. ജീവകിരീടം—Crown of life

''മരണ പര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ ഞാൻജീവ കിരീടം നിനക്കു തരും.'' വെളി. 2. 10. ലോകത്തിലെ കഷ്ടതയുടെ ചുടുകണ്ണീരുകളെയും പീഡനങ്ങളെയും പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ചു് അക്കരെനാട്ടിൽ എത്തുന്ന വിശ്വാസികൾക്കു പുതിയ ജറുശലേമിൽ ജീവകിരീടം ലഭിക്കുന്നു. യാക്കോബു് അപ്പൊസ്തലനും അതേ ആശയം തന്നെ വെളിച്ചത്തിൽ കൊണ്ടുവരുന്നു.

'പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം, കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും.' യാക്കോ 1. 12

## 2. നീതിയുടെ കിരീടം—Crown of righteousness

''ഞാൻ നല്ലപോർ പൊരുതു ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി

വച്ചിരിക്കുന്നു.'' II തിമൊ: 4. 7–8. വി: പൗലോസ്സ് തൻെറ ആത്മികപുത്രനും ദൈവമനുഷ്യനുമായ തിമോഥെയൊസിനു കൊടുക്കുന്ന ജീവൻെറ പ്രത്യാശ നമ്മുടെ പ്രത്യാശയായിത്തീരണം. New Eng. Bible N T. യിലെ തർജ്ജമയിൽ നീതിയുടെ കിരീടത്തിനു പകരം നീതിയുടെ പൂമാല ചൂടിക്കും എന്നാണു്. പ്രശസ്താതിഥികളെ വർണ്ണശബളമായ പുഷ്പമാലയും പൂച്ചെണ്ടും കൊടുത്തു് അഭിവാദനം ചെയ്യുന്ന ആചാരമുണ്ടല്ലൊ.

3· വാടാത്ത കിരീടം:-Wreath that never fades·

'ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു....അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനു തന്നെ.'' I: കൊരി. 9. 25. പുതിയ ഇംഗ്ലീഷ് തർജ്ജമയിൽ വാടാത്തകിരീടം എന്നതിനു പകരം വാടാത്ത ഹാരം എന്നാണു് പുരാതനകാലത്തു് ഓട്ടക്കളത്തിൽ ഓടി വിജയം വരിക്കുന്ന ആളിനു് ഒലിവു്ഇല കൊണ്ടുള്ള കിരീടം അഥവാ ഹാരം അണിയിച്ചു ബഹുമതി നൽകിയിരുന്നു. പ്രസ്തുത ബഹുമതി ഒരാൾക്കു മാത്രമെ ലഭിക്കുന്നുള്ളു. അതു ക്ഷണഭംഗുരമാണു്. തൽക്ഷണം അതു വാടിക്കരിഞ്ഞു അപ്രത്യക്ഷപ്പെടുന്നു· പുതിയ ജറുശലേമിലേക്കു ഓടുന്ന എല്ലാ വിശ്വാസികളും വിരുതു പ്രാപിക്കുന്നു. കർത്താവു് വിശ്വാസികളെ അണിയിക്കുന്ന മംഗല്യം അഥവാ പുതുമണം വീശുന്ന ഹാരം വാടിപ്പോകാതെ നിലനിൽക്കുന്നതാണു്.

4. പ്രശംസാ കിരീടം.–Crown of pride.

''കർത്താവായ യേശുവിൻെറ മഹത്വപ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാകിരീടമോ ആർ ആകുന്നു.'' I. തെസ്സ: 2. 19. പൗലൊസിൻെറ പ്രശംസാകിരീടം തൻെറ പ്രസംഗത്തിലൂടെ രക്ഷിക്കപ്പെട്ടവരാണു്. ക്രിസ്തുവിൻെറ പുനരാഗമനത്തിൽ

തൻെറ നിത്യരാജ്യത്തിലേക്ക് നേടിയ ആത്മാക്കളുടെ എണ്ണം അനുസ്സരിച്ച് കത്താവിൻെറ സാക്ഷികാംക്ക പ്രശംസാകിരീടങ്ങാം ലഭിക്കുന്നു.

5· തേജസ്സിൻെറ വാടാത്ത കിരീടം

Unfading garland of glory.

"എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോരം നിങ്ങരം തേജസ്സിൻെറ വാടാത്ത കിരീടം പ്രാപിക്കും I· പത്രോ. 5. 4. ദൈവജനങ്ങളായ ആടുകളെ ആദ്ധ്യാത്മികമായി തീററി പുലർത്തിയ നല്ല ആട്ടിടയന്മാരായ ദൈവശ്ശുശ്രൂഷകർക്കും, വിശുദ്ധന്മാക്കും, അദ്ധ്യക്ഷന്മാക്കും നിത്യതയിൽ തേജസ്സിൻെറ വാടാത്ത ഹാരം അർപ്പിക്കപ്പെടുമെന്നു പത്രോസ് അപ്പൊസ്തലൻ ചിത്രീകരിക്കുന്നു. പുതിയ ജറുശലേം മഹത്വത്തിൻെറയും തേജസ്സിൻെറയും വിശുദ്ധനഗരമാണ്.

6· പൊൻ കിരീടങ്ങാം–Crowns of gold

"സിംഹാസനത്തിൻെറ ചുററിലും ഇരുപത്തിനാലു സിംഹാസനം. വെള്ളയുടുപ്പു ധരിച്ചും കൊണ്ടു്, സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ. അവരുടെ തലയിൽ പൊൻ കിരീടം" വെളി. 4. 4.

പുതിയ ജറുശലേമിൽ രാജാധിരാജൻെറ സിംഹാസനത്തിനു ചുററും 24 വെള്ളസിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാരും പൊൻ കിരീടങ്ങാം ചൂടിയിരിക്കുന്നു·

7. മുരംക്കിരീടം·–Crown of thorns

"മുള്ളുകൊണ്ടു് ഒരു കിരീടം മെടഞ്ഞു് ക്രിസ്തുവിൻെറ തലയിൽ ചൂടി" മത്താ. 27. 29. ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി മുരംകിരീടം ചൂടിയ രാജാധിരാജനെ പുതിയ ജറുശലേമിൽ പൊൻ കിരീടധാരിയായി നമുക്കു് അഭിമുഖമായി കണ്ടാനന്ദിക്കാം.

# 12. പുതിയ ജറുശലേം

''പുതിയ ജറുശലേം എന്ന വിശുദ്ധ നഗരം മണവാള നുവേണ്ടി അണിഞ്ഞൊരുങ്ങിയിട്ടുള്ള മണവാട്ടിയെ പ്പോലെ സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽ നിന്നു തന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു'' വെളി. 21.2

പുതിയ ജറുശലേം ദൈവരാജ്യത്തിൻെറ പ്രതീകമാ ണു്. സ്വർഗ്ഗരാജ്യത്തെ സംബന്ധിച്ചുള്ള മനോഹരമായ ഒരു ചിത്രീകരണമാണു് നവജറുശലേമിൽ വെളിപ്പെടു ത്തിയിട്ടുള്ളതു്. പുതിയ ജറുശലേം നിത്യസമാധാന ത്തിൻെറ രാജ്യമാണു്. ശാശ്വതമായ ശാന്തിയുടെ ഭവനം. വിശുദ്ധ നഗരമായ നവജറുശലേം എന്ന മണവാട്ടിസഭ, മണവാളനായ ക്രിസ്തുവിനുവേണ്ടി കാത്തിരിക്കുന്നു. നവ ജറുശലേം പറുദീസയുടെ പ്രതിരൂപമാണു്. പിതാവായ ദൈവം, പുത്രനായ ക്രിസ്തു, ആശ്വാസപ്രദനായ പരി ശുദ്ധാത്മാവു് എന്നീ ത്രിയേക ദൈവത്തെ നവജറുശ ലേമിൽ നാം അഭിമുഖമായി കാണുന്നു. മണവാട്ടിസഭ മണവാളനോടുകൂടെ വിവാഹം ചെയ്യപ്പെടുന്നു. പുതിയ മധുരഗാനങ്ങൾ സദാ അവിടെനിന്നും ഉയരുന്നു. പാപാ ന്ധകാരം നീങ്ങിപ്പോകുന്നു. നീതിയുടെ സൂര്യൻ അസ്ത മിക്കാതെ ദിവ്യപ്രകാശം നൽകുന്നു. ദൈവദൂത സംഘവും വിശുദ്ധ ഗണവും അവിടെയുണ്ടു്.

അടുത്ത സമയത്തു ഞാൻ ഓസ്‌വാൾഡ് ജെ. സ്മിത്തു് എഴുതിയിട്ടുള്ള "The Country I love best" (ഞാൻ ഏ റവും സ്നേഹിക്കുന്ന രാഷ്ട്രം) എന്ന ഗ്രന്ഥം വായിച്ചു. ഏഴു പതു രാജ്യങ്ങളിൽ പര്യടനം നടത്തിയ അദ്ദേഹത്തിനു് തൻെറ മാതൃരാജ്യമായ കാനഡായേക്കാൾ ഏററം ഇഷ്ടം ദൈവത്തിൻെറ വിശുദ്ധനഗരമായ പുതിയ ജറുശലേ മാണെന്നദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ഈ ലോക

ത്തിലെ ഭൗതികമായുള്ള സകല സമ്പാദ്യങ്ങളെക്കാളും, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ എയർകണ്ടീഷൻ കൊട്ടാരങ്ങളെക്കാളും അഭികാമ്യമായിട്ടുള്ളതു് സ്വർഗ്ഗീയസീയോനാണു്.

ശാസ്ത്രീയമായോ, താത്വികമായോ ബുദ്ധിജീവികൾക്കു് മനസ്സിലാക്കുവാൻ അപര്യാപ്തവും എന്നാൽ വിശ്വാസികൾക്കു് അനുഭവത്തിൽ തിരുവചനത്തിൻെറ വെളിച്ചത്തിൽ രുചിച്ചറിയാവുന്നതുമായ ഒരു യാഥാർത്ഥ്യമാണു് പുതിയ ജറുശലേം. അതു് ഭൂമിയിൽ തന്നെ ആരംഭിക്കുന്നു.

മറുരൂപ മലയിൽവച്ചു് ശിഷ്യന്മാർ മോശെയെയും, ഏലിയാവിനെയും തിരിച്ചറിഞ്ഞതുപോലെ സ്വർഗ്ഗീയസീയോനിൽവച്ചു് നമ്മുടെ പ്രിയപ്പെട്ടവരെയും നമുക്കു് ആത്മികശരീരത്തിൽ തിരിച്ചറിയാൻ സാധിക്കും. "സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം" സ്വർഗ്ഗീയ സിംഹാസനങ്ങളിൽ വാടിപ്പോകാത്ത ജീവൻെറ കിരീടങ്ങൾ ചൂടിക്കൊണ്ടു് ശുഭ്രവസ്ത്രധാരികളായി ആത്മികഗീതങ്ങൾ ആലപിക്കുന്ന വിശുദ്ധ ഗണത്തിൽ—നവജറുശലേമിൽ കർത്താവിനോടു കൂടെയുള്ള സൗഭാഗ്യജീവിതം നമ്മുടെ ലക്ഷ്യമായിരിക്കട്ടെ.

## ജറുശലേം ദേവാലയം വീണ്ടും പണിയുന്നു

യഹൂദന്മാരുടെ ജീവിതത്തിൻെറ സിരാകേന്ദ്രമായിരുന്നു, ജറുശലേം ദേവാലയം. ജറുശലേം ദേവാലയം വീണ്ടും ഇപ്പോൾ പണിയുന്ന സംഭവം പുതിയ ജറുശലേമിൻെറ പിറവിയെ അനുസ്മരിപ്പിക്കുകയാണു്. യഹൂദന്മാരുടെ ശക്തിസംഭരണ കേന്ദ്രമായ ജറുശലേം ദേവാലയം ബി. സി. 901-ൽ ശലോമോൻ രാജാവു നിർമ്മിച്ചതാണു്. എന്നാൽ ബി. സി. 6-ാം നൂററാണ്ടിൽ നെബുഖദ്നെസർ അതു് നശിപ്പിച്ചുകളഞ്ഞു. ബി. സി. 515-ൽ സെരുബ്ബാബേൽ രണ്ടാമത്തെ ദേവാലയം നിർമ്മിച്ചു. ബി. സി. ഒന്നാം നൂററാണ്ടിൽ പുതുക്കിപ്പണിത ഈ ദേവാ

ലയം ഹേരോദാവിൻെറ ദേവാല[...]എന്ന പേരിൽ അറി യപ്പെടുന്നു. യഹൂദന്മാരുടെ പ്രീതിക്കുവേണ്ടി ഹേരോദാവു നിർമ്മിച്ച ഈ ദേവാലയമാണു് ക്രിസ്തുവിൻെറ കാല ത്തുണ്ടായിരുന്നതു്. ജറുശലേം ദേവാലയത്തിലേയ്ക്കു് രാ ജാധിരാജനായ ക്രിസ്തു വിജയോത്സവത്തോടുകൂടെ ജൈത്രയാത്ര ചെയ്തു പ്രവേശിച്ചു. യേശു ദേവാലയ ത്തിൻെറ അധ:പതിച്ച സ്ഥിതിവിശേഷത്തിൽ ഹൃദയം പൊട്ടി വിലപിച്ചു.

‘‘ജറുശലേമേ, ജറുശലേമേ പ്രവാചകന്മാരെ കൊല്ലു കയും....... കോഴി തൻെറ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേക്കുംപോലെ നിൻെറ മക്കളെ ചേർത്തുകൊൾവാൻ എ നിക്കു എത്ര വട്ടം മനസ്സായിരുന്നു ...നിങ്ങളുടെ ഭവനം ശൂ ന്യമായിത്തീരും....’’ ലൂക്കൊ 23. 37. എ. ഡി 70-ൽ റോമാ സൈന്യം പ്രസ്തുത ദേവാലയം അഗ്നിക്കിരയാ ക്കിക്കളഞ്ഞു. വിലാപത്തിൻെറ മതിൽ എന്ന നാമ ത്തിൽ ഇന്നറിയപ്പെടുന്ന ഒരു മതിൽ മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ. ജറുശലേം ദേവാലയത്തിൻെറ പ ടിഞ്ഞാറെ മതിലാണിതു്. ഇത്ര വലിയ കല്ലുകൊണ്ടു് പണിത ചുവരു ലോകത്തിലൊരിടത്തും വേറെ കാണുക യില്ല. യഹൂദജനതയുടെ ഒററക്കെട്ടായുള്ള കെട്ടുറപ്പിനെ യാണിതു സൂചിപ്പിക്കുക.

തങ്ങളുടെ പുരാതന നഗരമായ ജറുശലേം വീണ്ടെടു ത്തിരിക്കുന്ന യഹൂദന്മാർ ജറുശലേം ദേവാലയത്തിൻെറ പുന:നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണു്. അ മേരിക്കയിലെ ബെഡ്ഫോർഡിൽനിന്നു് കൃത്യമായ അളവുകളിൽ മുറിച്ചു് ചെത്തിമിനുക്കിയ അറുപതിനായി രം കല്ലു് യിസ്രായേലിലേയ്ക്കു കയററി അയച്ചിരിക്കുന്ന തായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. അമേരിക്കയിൽ താമസിക്കുന്ന യഹൂദന്മാരാണു് ഈ കല്ലു കയററിഅയച്ച തു്. ദേവാലയത്തിൻെറ മൂലക്കല്ലുകൾ ഇസ്രായേലിൽ തന്നെ ഉണ്ടു്. ശലോമോൻെറ ദേവാലയത്തിൻെറ അതേ മാതൃകയിൽ നിർമ്മിക്കുന്ന ഈ പുതിയ ദേവാല യത്തിൻെറ രണ്ടു പിച്ചളത്തൂണുകൾ വാർത്തുകഴിഞ്ഞു. ഈ

ളുണ്ടകാംക്കു് ''യഹോവ സ്ഥാപിക്കും, ബലം യഹോവ യിൽ ആകുന്നു'' എന്നീ അത്ഥങ്ങളുള്ള യാഖീൻ, എന്നും ബോവസ് എന്നും ആയിരിക്കും പേരുകാം. ലോക ത്തിൻെറ നാനാഭാഗത്തുനിന്നും എത്തിയ ഇരുപതു ലക്ഷം യഹൂദന്മാർ അവരുടെ രാജ്യം പുനസ്ഥാപിച്ചുകഴിഞ്ഞു.

## ഏദൻതോട്ടവും പുതിയ ജറുശലേമും—താരതമ്യം

1. ആകാശവും ഭൂമിയും: ആദിയിൽ ദൈവം ആകാശ വും ഭൂമിയും സൃഷ്ടിച്ചു. ഉല്പ. 1. 1. പുതിയ ആകാ ശവും പുതിയ ഭൂമിയും കണ്ടു. വെളി. 21. 1.
2. സമുദ്രം: വെള്ളത്തിൻെറ കൂട്ടത്തിനു് സമുദ്രം എന്ന പേരിട്ടു. ഉല്പ. 1. 10. സമുദ്രം ഇനിയും ഇല്ല. വെളി. 21. 1.
3. രാത്രി: ഇരുളിനു് രാത്രി എന്നു പേരിട്ടു. ഉല്പ: 5.1. രാത്രി ഇനിയും അവിടെയില്ല. വെളി. 21. 25.
4. സൂര്യനും ചന്ദ്രനും: പകൽ വാഴേണ്ടതിനു സൂര്യനും രാത്രി വാഴേണ്ടതിനു് ചന്ദ്രനും നക്ഷത്രങ്ങളും സൃഷ്ടി ച്ചു. ഉല്പ:1.16. രാത്രി ഇനിയും അവിടെയില്ല. ''ന ഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യ മില്ല; ദൈവതേജസ് അതിനെ പ്രകാശിപ്പിച്ചു. കു ഞ്ഞാടു അതിൻെറ വിളക്കാകുന്നു'' വെളി. 21. 23.
5. വൃക്ഷം: ''നന്മതിന്മതളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിൻെറ ഫലം തിന്നരുതു്; തിന്നുന്ന നാളിൽ മരിക്കും'' ഉല്പ: 2. 17.

   ''നദിക്കു് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉ ണ്ടു്. അതു പന്ത്രണ്ടു വിധം ഫലം കായിച്ചു് മാസ ന്തോറും അതതു ഫലം കൊടുക്കുന്നു. വൃക്ഷങ്ങളുടെ ഇല ജാതികളുടെ രോഗശാന്തിക്കുതകുന്നു. വെളി. 22. 2.
6. വേദനയും കഷ്ടതയും: ''സ്ത്രീ വേദനയോടെ മക്കളെ പ്രസവിക്കും'' ഉല്പ: 3. 16. ''ദൈവ കുഞ്ഞാടു് അ വരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുക ളയും'' വെളി. 21. 4.

7. മരണം: ''നടുവിലുള്ള വൃക്ഷത്തിൻെറ ഫലം തിന്നു ന്ന നാളിൽ മരിക്കും'' ഉല്പ. 2. 17. ''ഇനി മരണം ഉണ്ടാകയില്ല, ദുഃഖവും മുറവിളിയും കഷ്ടതയും ഇനി യും ഉണ്ടാകയില്ല'' വെളി. 21. 5.

8. സാത്താൻ: ''കൗശലമേറിയ പാമ്പ് (പിശാച്) സ്ത്രീയെ വഞ്ചിച്ചു'' ഉല്പ. 3. 1. ''അവരെ വഞ്ചിച്ച പിശാചിനെ.....ഗന്ധകത്തീപ്പൊയ്കയിൽ തള്ളി യിടും'' വെളി. 20. 10.

9. തോട്ടത്തിനു വെളിയിൽ: ''ദൈവം അവനെ ഏദൻ തോട്ടത്തിൽനിന്നും പുറത്താക്കി'' ഉല്പ. 23.

''അവർ പുതിയ ജറുശലേമിൽ സിംഹാസനങ്ങളിൽ എന്നേക്കും രാജാക്കന്മാരായി വസിക്കും''
വെളി. 22: 5.

10. ജീവജല നദി: ''തോട്ടം നനെപ്പാൻ ഒരു നദി ഏദ നിൽനിന്നും പുറപ്പെട്ടു. ഉല്പ: 2. 10.

പളുങ്കുപോലെ ശുഭ്രമായ ജീവജല നദിയും അവൻ കാണിച്ചു.....ദാഹിക്കുന്നവനു് ഞാൻ ജീവജല ഉറവ യിൽനിന്നു സൗജന്യമായി കൊടുക്കും''
വെളി. 22. 1 & 21. 6.

## പുതിയ ആകാശവും പുതിയ ഭൂമിയും

പുതിയ ആകാശവും പുതിയഭൂമിയും പുതിയ ജറുശ ലേമിൻെറ സവിശേഷതയാണ്—പുതുവാനഭൂമികരം രൂപ പ്പെടുന്നനാറം സമീപമാകുന്നു. അനിത്യമായുള്ള ഈലോക ത്തിലെ ആകാശവും ഭൂമിയും ഓടിമറഞ്ഞു പോകുന്നു.

''ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടെ യും മനസ്സിൽ വരുകയുമില്ല.'' യെശ്ശ: 65 17.

യെശയ്യപ്രകാചകൻ മശിഹാപ്രവാചകൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. B. C. 745–695 വരെ യാണദ്ദേഹത്തിൻെറ പ്രവചനകാലം.

ഈ ലോകം [illegible]ധാനം നിറഞ്ഞതാണ്. ഭക്ഷ്യ ക്ഷാമവും ഭൂകമ്പവും, യുദ്ധവും രോഗവും മരണവും മാറി പ്പോകുന്ന പുതിയ ആകാശവും പുതിയ ഭൂമിയും പ്രവാച കൻ ദർശിക്കുന്നു.

വി. പത്രൊസ്സ് അപ്പൊസ്തോലന്റെ പുതിയ ആകാ ശത്തെയും പുതിയ ഭൂമിയെയും സംബന്ധിച്ചുള്ള വിശദീകരണം അത്ഥവത്തായിട്ടുണ്ടു.

"കത്താവിന്റെ ദിവസമോ കള്ളനെപ്പോലെവരും. അന്നു ആകാശം കൊട്ടമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂല പദാത്ഥങ്ങരം കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ അവയൊ ക്കയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴി വാനും മൂലപദാത്ഥങ്ങരം വെന്തുരുകുവാനുമുള്ള ദൈവദി വസ്സത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ടു നിങ്ങരം എത്ര വിശുദ്ധജീവിതവും ഭക്തിയും ഉള്ള വർ ആയിരിക്കണം എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടുകാത്തിരിക്കുന്നു.'' II. പത്രൊ: 3. 10–13.

അനീതിയും അക്രമവും നിരീശ്വരത്വവും, പാപാന്ധ കാരവും, നിറഞ്ഞിരിക്കുന്ന ഈ ഭൂമി അഗ്നിയാൽ ശുദ്ധീ കരിക്കപ്പെട്ടു പുതിയ ദൈവരാജ്യമായിത്തീരും.

വെളിപ്പാടു പുസ്തകത്തിൽ വി. യോഹന്നാൻ അ പ്പൊസ്തലൻ പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും പുതിയ ജറുശലേമിനെയും സംബന്ധിച്ചും രേഖപ്പെടുത്തി യിട്ടുണ്ടു്.

"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞു പോയി സമുദ്രം ഇനി ഇല്ല. പുതിയ ജറുശലേം എന്ന നഗരം .. ....ദൈവസന്നിധിയിൽ നിന്നു ഇറ ങ്ങുന്നതും ഞാൻ കണ്ടു.'' വെളി 21 1–2.

## വെളിപാടു പുസ്തകം ഓറനോട്ട...

ഉല്പത്തിപുസ്തകത്തിൽ ഏദൻതോട്ടത്തിൽ സമാരംഭിക്കുന്ന ബൈബിൾ കഥകൾ വെളിപാടുപുസ്തകത്തിൽ നവജറുശലേമിൽ അവസാനിക്കുന്നു. കണ്ടാലും സകലത്തും പുതിയ കാഴ്ചപ്പാടിലും പുതിയ വ്യവസ്ഥിതിയിലും നാം ദർശിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനത്തെ സംബന്ധിച്ചുള്ള പ്രത്യാശാജനകമായ ചിത്രീകരണങ്ങൾ ഇതിലുണ്ടു. A. D. 95–ൽ ക്രിസ്തുവിന്റെ അരുമ ശിഷ്യഗണങ്ങളിലൊരാളായ വി. യോഹന്നാൻ അപ്പൊസ്തലൻ പത്മോസ് ദ്വീപിൽ വച്ചാണു ദിവ്യദർശനത്തിൽ വെളിപാടുപുസ്തകം എഴുതിയതു. വെളിപാടുപുസ്തകത്തെ സംബന്ധിച്ചു വിവിധ അർത്ഥസങ്കല്പങ്ങളോടുകൂടിയ വ്യാഖ്യനങ്ങളുണ്ടു. അവയിൽ സുപ്രധാനങ്ങളായ നാലു വ്യാഖ്യാനങ്ങളെ സംബന്ധിച്ചു സംക്ഷിപ്തമായി എഴുതുന്നതു സന്ദർഭോചിതമെന്നു കരുതുന്നു.

1. Preterist ഭൂതകാലസംഭവം. റോമാചക്രവർത്തിയുടെ കീഴിൽ ക്രൈസ്തവസഭ നീണ്ടയാതന അനുഭവിച്ച അക്കാലത്തെ സംഭവങ്ങളെ സംബന്ധിച്ചുള്ള ഒരു വിശദീകരണം.

2. Historical ചരിത്ര സംബന്ധമായതു്. സഭാചരിത്രത്തിന്റെ പൊതുവായ ഒരു ചരിത്ര പശ്ചാത്തലം. ക്രൈസ്തവസഭയുടെ ആരംഭമുതൽ ക്രിസ്തുവിന്റെ പുനരാഗമനം വരെയുള്ള ചില ചരിത്ര വസ്തുക്കൾ വസ്തുനിഷ്ഠമായി പ്രതിവാദിച്ചിരിക്കുന്നു.

3. Futurist ഭാവികാല സംഭവം. അന്നുവരെ സംഭവിച്ചിട്ടില്ലാത്തതും എന്നാൽ ഭാവികാലത്തു സംഭവിക്കുവാനുള്ള കാര്യങ്ങളെ കുറിച്ചുള്ള ഒരു ഭാവിവീക്ഷണം. ലോകവസാനലക്ഷണങ്ങൾ. ക്രിസ്തുവിന്റെ പുനരാഗമനത്തെ വിളിച്ചറിയിക്കുന്ന ഒരു വിദൂരഭാവിവീക്ഷണം.

4. Spiritualist ആദ്ധ്യാത്മിക സന്ദേശം ഉൾക്കൊള്ളുന്നവ. ആദിമ നൂറ്റാണ്ടുമുതൽ യുഗാന്ത്യം വരെ പ്രമാണിക്കേണ്ട

ദൈവിക സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹൽ ഗ്രന്ഥം. മനുഷ്യനു ആദ്ധ്യാത്മിക മൂല്യങ്ങൾ നൽകി പുതിയ ജറുശലേമിന്റെ പങ്കാളികളാക്കി വാർത്തെടുക്കുന്ന ഉപദേശങ്ങൾ ദിവ്യദർശനത്തിലൂടെ യോഹന്നാൻ അപ്പൊസ്തലൻ വെളിപ്പെടുത്തുന്നു.

വെളിപ്പാടു പുസ്തകത്തെ സംബന്ധിച്ചുടത്തോളം ദൈവശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്ന ഈ നാലു വ്യാഖ്യാനങ്ങളും ഒരുപോലെ അർത്ഥവത്തായിട്ടുണ്ട്. അതിൽ ഒരു വ്യാഖ്യാനം മാത്രം ശരിയെന്നും മററുള്ളവ നിരക്റെത്തവയെന്നും പറഞ്ഞു കൂടാ. വെളിപാടു പുസ്തകത്തിൽ ഭൂതകാല സംഭവങ്ങൾ എഴുതിയിട്ടുണ്ടു. ലോക ചരിത്ര സംഭവങ്ങൾ അതിലുണ്ടു. ഭാവിയിൽ സംഭവിക്കാനുള്ളതും കാലത്തിന്റെ സമ്പൂർണ്ണതയിൽ പൂർത്തീകരിക്കപ്പെടേണ്ടതും മനുഷ്യനു് എക്കാലത്തും ആദ്ധ്യാത്മിക മൂല്യങ്ങൾ സംഭാവനചെയ്യുന്ന മഹൽ ചിന്തകളും ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ പ്രത്യാശയും വെളിപാടുപുസ്തകത്തിന്റെ പ്രത്യേകതകളാണു്.

## പുതിയ ജറുശലേം

ദൈവരാജ്യത്തിന്റെ ഒരു പൂർത്തീകരണമാണു് നവജറുശലേമിൽ വിളങ്ങി പ്രശോഭിക്കുന്നതു സമാധാനത്തിന്റെ രാജ്യം എന്ന അർത്ഥത്തിൽ അറിയപ്പെടുന്ന ജറുശലേം തികച്ചും ദിവ്യസമാധാനത്തിന്റെ പുതിയ ജറുശലേമായി രൂപാന്തരപ്പെടുന്നു. നവജശലേമിൽ രാജാധിരാജനായ ക്രിസ്തുവിന്റെ നിത്യമായുള്ള രാജകീയ സിംഹാസനമുണ്ടു് രാജകീയസിംഹാനങ്ങളിൽ നിന്നും രാജാക്കന്മാർ ഇറങ്ങി രാജാധിരാജനുവേണ്ടി സിംഹാസങ്ങൾ ഒരുക്കിയിട്ടിയിരിക്കുന്നു. പുതിയ ജറുശലേം ഒരിക്കലും ഇളകാത്ത ദൈവരാജ്യമാണു്.

വിശുദ്ധ നഗരത്തിന്റെ ജ്യോതിസ് ഏററവും വിലയേറിയ രത്നത്തിനു തുല്യമായി സ്പടിക സ്വച്ഛതയുള്ള സൂര്യകാന്തം പോലെ പ്രകാശിക്കുന്നു.

സ്കലത്തും പുതിയതു്

"ഇതാ ഞാൻ സകലത്തും പുതുതാക്കുന്നു" വെളി. 21. 5. പുതുക്കം (Renewal) എന്ന പദത്തിന്റെ ലളിതസുന്ദരമായ അത്ഥം പുനരുത്ഥരിക്കുക, നവീകരിക്കുക, പുനരാരംഭിക്കുക, വീണ്ടും പുതുക്കത്തിലേയ്ക്കു വളരുക, പൊളിച്ചെഴുതുക എന്നാണു്. ദൈവശാസ്ത്രപരമായി ചിന്തിക്കുമ്പോഠം പുതുക്കം എന്ന പദത്തിനു് (Regeneration) എന്നാണു്. ആദ്ധ്യാത്മികമായി നവീകരിക്കുക, സമുദ്ധരിക്കുക, സമൂലപരിവത്തനം ചെയ്യുക, സ്വഭാവികമായുള്ള അവസ്ഥയിൽനിന്നും അദ്ധ്യാത്മികമായുള്ള പുതിയ കാഴ്ചപ്പാടിലേയ്ക്കു് മുന്നേറുക, നഷ്ടപ്പെട്ടുപോയതു വീണ്ടും സമുദ്ധരിക്കുക എന്നീ അത്ഥങ്ങളാണിതിനുള്ളതു്.

സകലത്തും പുതുതാക്കുന്ന പ്രക്രിയ പരിശുദ്ധാത്മാവിന്റെ അത്ഭുത പ്രചോദനത്താൽ മാത്രം ഉളവാകുന്ന ആദ്ധ്യാത്മിക പരിവത്തനമാണു്. പുതുതാക്കുന്ന ദിവ്യ പ്രവത്തനം ഒരു ദിവസംകൊണ്ടു് നടക്കുന്നതല്ല. അതു പുരോഗമനപരമായുള്ള ദൈവത്തിന്റെ വെളിപാടിലൂടെ (Progressive Revelation of God) മാത്രം സാക്ഷാൽക്കരിക്കപ്പെടുന്നു.

"കണ്ടാലും ഞാൻ സകലത്തും പുതുതാക്കുന്നു" (Behold I make all things new) എന്ന പഴയ തജ്ജമ ന്യൂ ഇംഗ്ലീഷ് ബൈബിളിൽ അല്പം കൂടെ അത്ഥഗംഭീരമായിട്ടുണ്ടു്. "Behold I am making all things new" (ഇതാ ഞാൻ സകലത്തും പുതുതാക്കിക്കൊണ്ടിരിക്കുന്നു) ദൈവത്തിന്റെ പ്രവത്തനപരിപാടികളിൽ പുതുതാക്കുന്ന പ്രക്രിയ തുടന്നു കൊണ്ടേയിരിക്കുന്നു എന്ന ആശയം ചിന്തോദ്ദീപകമായിട്ടുണ്ടു്.

"ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" ക്രിസ്തുയേശുവിന്റെ വിശുദ്ധ ജീവിതത്തോളം പൂണ്ണമായി വളരുന്ന ജീവിതമാണു് പുതുക്കത്തിന്റെ മാനദണ്ഡമായിട്ടുള്ളതു്. ത്യാഗസുരഭിലവും

സ്നേഹനിർഭരവു[illegible]സേവനസരണികളിലൂടെ മ[illegible]മേ പുതുജീവൻ പ്രാപിക്കുവാൻ കഴികയുള്ളു.

വിപ്ലവാത്മകമായുള്ള ഒരു സമൂലപരിവർത്തനം പുതുക്കപ്പെട്ട ജീവിതത്തിലൂടെ സഫലമായിത്തീരണം. "ഒരുത്തൻ ക്രിസ്തുവിൽ ആയാൽ ആവൻ ഒരു പുതിയ സൃഷ്ടിയാകുന്നു' I കൊരി. 5. 17. "ഒരുവൻ ക്രിസ്തുവുമായി ഐക്യപ്പെട്ടപ്പോൾ ഒരു പുതിയ ലോകം രൂപമെടുക്കുന്നു" എന്ന പുതിയ ആശയമാണതിനുള്ളതു്.

ആധുനിക യുഗത്തിൽ ഇന്നു കളിയാടുന്ന വിപ്ലവാത്മകമായ പുതിയ നീക്കങ്ങൾ ക്രിസ്തു വിഭാവനചെയ്ത പുതിയ രാഷ്ട്രത്തിന്റെ പിറവിയെ തിടുക്കപ്പെടുത്തുന്നു. പുതിയ ജറുശലേം കെട്ടിപ്പണിയുന്നതിനു് മനുഷ്യരിലൂടെ ദൈവം പ്രവർത്തിക്കുകയാണു്. അതു തികച്ചും ലൗകികമായുള്ള അഥവാ മാനുഷികമായുള്ള ബുദ്ധിയിൽ ഒതുങ്ങിനില്ക്കുന്ന ഒന്നല്ല. യാന്ത്രികമായോ മാനുഷികമായോ ചിദിനങ്ങൾക്കുള്ളിൽ അക്രമങ്ങളിലൂടെ കൈവരുത്തുവാൻ അസാദ്ധ്യവും, എന്നാൽ ക്രൈസ്തവ വിപ്ലവത്തിലൂടെ ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു് പ്രാപിക്കാവുന്നതുമായ ഒരത്ഭുത സാമ്രാജ്യമാണിതു്.

സ്വാർത്ഥപരമായ താല്പര്യങ്ങൾ ക്രൂശിച്ചു് സമാധാന പ്രഭുവുമായുള്ള സ്വരൈക്യത്തിൽ ലോകം എത്തേണ്ടിയിരിക്കുന്നു. ബ്രിട്ടനിലെ വലിയ തത്വജ്ഞാനിയായ ബർട്രൻഡ് റസ്സൽ ലോകരാഷ്ട്രത്തിലൂടെ ലോകത്തിനു സമാധാനം കൈവരുത്താമെന്നു് മധുര സ്വപ്നം കണ്ടു. പക്ഷേ "ക്രിസ്തുവിന്റെ ദീനാനുകമ്പയിലേയ്ക്കു ചരിക" എന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. ദൈവസ്നേഹത്തിന്റെ വിപ്ലവാത്മകമായ സേവനസരണികളിലൂടെ മാത്രമേ നവജറുശലേം സ്ഥാപിക്കുവാൻ കഴികയുള്ളു.

**KOTTAYAM PUBLIC LIBRARY**

JAWAHAR BAL BHAVAN & CHILDREN'S LIBRARY

KOTTAYAM.

Cl. No. C910 Acc. No. 5119

This book should be returned on or before the date last stamped below.

18 MAY 1979

-1 AUG 1983

18 SEP 1983

C
910

5119

കുരുവിള. പി. സി

---

C
910

കുരുവിള. പി. സി
ഉത്തമസല്ലാപം

5119

# പുതിയ ജറുശലേം

## പി. ററി. കുരുവിള

പലസ്തീൻനാടിൻെറ പശ്ചാത്തലം, സമാധാനത്തിൻെറ നഗരമായ ജറുശലേം, ആധുനികയുഗത്തിൽ ജറുശലേമിൽ നടക്കുന്ന വിപ്ലവാത്മകമായ പരിവർത്തനങ്ങൾ, യിസ്രായേൽ ജാതിയുടെ അഭൂതപൂർവ്വമായ മുന്നേററം, രാജാധിരാജനായ ക്രിസ്തു വിഭാവന ചെയ്ത സമത്വസുന്ദരമായ പുതിയ ജറുശലേമിൻെറ പിറവി എന്നീ വിഷയങ്ങൾ സരളമായ ഭാഷയിൽ വസ്തുനിഷ്ഠമായി പ്രതിപാദിച്ചിരിക്കുന്ന ഒരു വിശിഷ്ട സംഭാവനയാണ് "പുതിയ ജറുശലേം." ബൈബിളിൻെറ വെളിച്ചത്തിൽ പുരാണചരിത്രഗ്രന്ഥങ്ങൾ ആധാരമാക്കി രചിച്ചിട്ടുള്ള വിജ്ഞാനപ്രദമായ ഈ ഗ്രന്ഥം വളരുന്ന തലമുറയ്ക്ക് ഒരു മുതൽക്കൂട്ടായിരിക്കുമെന്നു കരുതുന്നു.

സമാധാനപ്രഭു, ക്രൈസ്തവചിഹ്നങ്ങൾ, വനത്തിലെ ദേവാലയർ, ക്രിസ്തുദാസ്സ് സമ്മാനം, അണയാത്ത ദീപങ്ങൾ, പാശ്ചാത്യമിഷനറിമാർ, പുതിയ ജറുശലേം മുതലായവ ശ്രീ. പി. ററി. കുരുവിളയുടെ കൃതികളാണ്. ബൈബിൾ നൂററാണ്ടുകളിലൂടെ, വില്യംകേറി എന്നീ ഗ്രന്ഥങ്ങളും അണിയറയിലൊരുങ്ങുന്നുണ്ട്.

'പുതിയ ജറുശലേം" വിതരണം ചെയ്യുന്നതിൽ ഞങ്ങൾക്ക് അതീവ സന്തോഷമുണ്ട്. സഹൃദയരുടെ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

വിദ്യാർത്ഥിമിത്രം — കോട്ടയം.